കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃശ്ശൂർ ജില്ലാപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി)755/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020, തീയതി:17.07.2017
ഫോൺ നം. 0487 2331249
ഇ-മെയിൽ: dotsr.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : തൃശ്ശൂർ ജില്ലാപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി)755/17 തിയ്യതി: 17.07.2017

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.10.2015 മുതൽ 17.4.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2015-2016 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 84 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത

ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വി.സുരേഷ് ബാബു, ജോയിന്റ് ഡയറക്ടർ | 03.04.17 മുതൽ 30.04.17 വരെ |
| | ശ്രീ. കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ്ജ് | 01.05.17 മുതൽ 18.05.17 വരെ |
| | ശ്രീ. ഇ.ആർ. ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ | 19.05.17 മുതൽ 27.05.17 വരെ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 3.4.2017-27.5.2017 | - |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| ശ്രീമതി .ലത.എം .എൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) | 3.4.17 മുതൽ 27.5.17വരെ |
| ശ്രീ.സാബു.പി . എസ്. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) | 8-5-17മുതൽ 27.5.17വരെ |
| ശ്രീ.ശിവൻ.പി. എ. | ഓഡിറ്റ് ഓഫീസർ | 2.5.17മുതൽ 27.5.17വരെ |
| ശ്രീ.തുളസീദാസ്. വി. ജി | ഓഡിറ്റ് ഓഫീസർ | .5.17മുതൽ 27.5.17വരെ |
| ശ്രീ. സിനിലാൽ .എം . ജി | അസി. ഓഡിറ്റ് ഓഫീസർ | 23.4.17മുതൽ 27.5.17വരെ |
| ശ്രീ.സിജു.പി.ഡാംസൺ | അസി. ഓഡിറ്റ് ഓഫീസർ | 2.5.17മുതൽ 27.5.17വരെ |
| ശ്രീമതി. ചൈതന്യ പുരുഷോത്തമൻ | അസി. ഓഡിറ്റ് ഓഫീസർ | 3.4.17മുതൽ 27.5.17 വരെ |
| ശ്രീ. സ്റ്റാൻലി. പി.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ | 4.4.17മുതൽ 8.4.17 വരെ |
| ശ്രീമതി. രമാദേവി .കെ.ആർ | ഓഡിറ്റർ | 3.4.17 മുതൽ 27.5.17വരെ ( 18.4.17മുതൽ 27.4.17 വരെ അവധി) |
| ശ്രീ.ജയൻ .വി.എസ് | ഓഡിറ്റർ | 17.4.17മുതൽ 22.5.17വരെ |
| ശ്രീമതി . ഷംസിയ. കെ | ഓഡിറ്റർ | 17.4.17മുതൽ 27.5.17വരെ |

നിർവ്വഹണാധികാരികൾ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | സി. സി. ശ്രീകുമാർ | 1.4.15മുതൽ31.10.15വരെ** |
| | ഷീലാ വിജയകുമാർ | **19.11.15മുതൽ 31.3.16 വരെ |

**1.11.2015-18.11.2015 വരെ പ്രസിഡന്റ് സ്ഥാനം ഒഴിവ്,

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. എം.ജെ. പ്രിൻസ് | 01.04.15മുതൽ31.11.15 വരെ |
| | ശ്രീ. വർഗ്ഗീസ്. എ.ജെ. | 01.12.15 മുതൽ 09.12.15 വരെ |
| | ശ്രീ. സുധാരൂപൻ .എൻ .എസ് | 10.12.15 മുതൽ 31.03.16 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ (അഗ്രി.),(വൈ.പി ) | ശ്രീ. സി . ജെ . ജോളി | 1.4.15 മുതൽ31.3.16 വരെ |

| | | |
|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ (അഗ്രി.), (വാട്ടർ മാനേജ്മെന്റ് ) | ശ്രീമതി . വി . ബി.ശ്രീദേവി | 1.4.15 മുതൽ 31.3.16 വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി.) | ശ്രീ. സാബു. എം.എസ്. | 01.04.15 മുതൽ 20.12.15 വരെ |
| | ശ്രീ. സൂരജ് കണ്ണൻ. പി.വി. | 21.12.15 മുതൽ 31.3.16 വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീ യർ (എൽ.എസ്.ജി.ഡി) | ശ്രീമതി . സതി. ടി. ഐ | 1.4.15 മുതൽ 25.9.15 വരെ |
| | ശ്രീമതി . ഐഡ ഫ്രാൻസിസ് | 26.9.15 മുതൽ 31.3.16 വരെ |
| ഡി.എം.ഒ., അലോപ്പതി | ഡോ. ബേബി ലക്ഷ്മി. കെ. (ഇൻചാർജ്) | 1-4-15 മുതൽ 9.4. 15 വരെ |
| | ഡോ. സുഹിത. കെ. | 10.04.15 മുതൽ 31.03.16 വരെ |
| ഡി.എം.ഒ., ഹോമിയോ | ഡോ. ജോളി. പി. എസ്. | 01.04.15 മുതൽ 31.03.16 വരെ |
| ഡി.എം.ഒ. ആയുർവ്വേദം | ഡോ. പി.വി. ശ്രീദേവി | 01.04.15 മുതൽ 10.02.16FNവരെ |
| | ഡോ. പി.രമ. | 10.02.16ANമുതൽ 30.03.16 വരെ |
| വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | ശ്രീ. സി.എ. സന്തോഷ് | 01.04.15 മുതൽ 31.08.15 വരെ |
| | ശ്രീമതി. ടി.കെ. ജയന്തി | 01.09.15 മുതൽ 31.03.16 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. കെ.കെ. ശാന്താമണി | 01.04.15 മുതൽ 03.08.15 വരെ |
| | ശ്രീ. ടോമി ചാക്കോ | 04.08.15 മുതൽ 31.03.16 വരെ |
| പട്ടിക വർഗ വികസന ഓഫീസർ | ശ്രീ. ജി. രാധാകൃഷ്ണൻ നായർ | 01.04.15 മുതൽ 21.04.15 വരെ |
| | സി.യു. ജോൺ | 22.04.15 മുതൽ 06.07.15FN വരെ |
| | ശ്രീരേഖ. കെ.എസ് | 06.07.15AN മുതൽ 10.01.16 FN വരെ |
| | മനോജ്. കെ.ജി. | 10.01.16AN മുതൽ 19.3.16FN വരെ |
| | ശോഭനകുമാരി. എസ്. | 19.3.16 AN മുതൽ 31.03.16 വരെ |
| മാനേജർ, ജില്ലാ പഞ്ചായത്ത്, ജില്ലാ വ്യവസായ കേന്ദ്രം | ശ്രീ. ലോഹിതാക്ഷൻ. ടി.ടി. | 1.4.15 മുതൽ 31.03.16 വരെ |
| സീനിയർ വെറ്ററിനറി സർജൻ, പന്നി വളർത്തൽ യൂണിറ്റ് | ഡോ. ഷാജൻ ജേക്കബ് | 1.4.15 മുതൽ 17.02.16FN വരെ |
| | ഡോ. അനിൽകുമാർ | 17.2.16AN മുതൽ 31.03.16 വരെ |
| സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ, ഗവ. കോക്കനട്ട് നഴ്സറി | ശ്രീമതി. എസ്.കെ. റാണി | 01.04.15 മുതൽ 31.03.16 വരെ |
| സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ, SSF, മണ്ണുത്തി | ശ്രീ. ഷെറീഫ്. കെ.ഐ. | 01.04.15 മുതൽ 31.3.16 വരെ |
| സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ, SSF, പഴയന്നൂർ | ശ്രീ. വി.വി. സുരേഷ് | 01.04.15 മുതൽ 31.08.15FN വരെ |
| | ശ്രീമതി. സുനിത ജോസഫ് | 31.08.15AN മുതൽ 15.12.15 വരെ |
| | ശ്രീ. കെ. രഘുകുമാർ | 16.12.15 മുതൽ 07.03.16 വരെ |
| | ശ്രീമതി. സുനിത ജോസഫ് | 08.03.16 മുതൽ 31.03.16 വരെ |
| സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ, | ശ്രീമതി. ഷൈല തോമസ് | 01.04.15 മുതൽ 30.06.15വരെ |

| | | |
|---|---|---|
| SSF, നടവരമ്പ് | ശ്രീ. ജാഷി. പി | 01.07.15 മുതൽ 31.03.16 വരെ |
| സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ, SSF, കോടശ്ശേരി | ശ്രീമതി. ടെസ്സി എബ്രഹാം | 01.04.15 മുതൽ 01.07.15 വരെ |
| | ജോർജ്ജ് സക്കറിയ | 02.07.15 മുതൽ 31.03.16 വരെ |
| സൂപ്രണ്ട്, DAF, ചേലക്കര | ശ്രീ. അന്ന മൈക്കൽ | 01.04.15 മുതൽ 29.06.15FN വരെ |
| | ശ്രീമതി. ചെല്ലമ്മ. ടി.എൻ. | 29.06.15ANമുതൽ 30.06.15 വരെ |
| | ശ്രീ. വിനോദ്കുമാർ. പി. | 01.07.15മുതൽ 02.07.15വരെ |
| | ശ്രീമതി. ഉഷ.ടി. | 03.07.15 മുതൽ10.07.15FN വരെ |
| | ശ്രീ. വിനോദ് കുമാർ. പി. | 10.07.15ANമുതൽ 21.12.15FN വരെ |
| | ശ്രീ. കെ. രഘുകുമാർ | 21.12.15ANമുതൽ 31.03.16 വരെ |
| അസി.പ്രോജക്റ്റ് ഓഫീസർ (പി.&.എം.) ജില്ലാ കോ-ഓർഡിനേറ്റർ | ശ്രീ. ഫ്രാൻസിസ് ചക്കനാത്ത് | 1.4.15മുതൽ 31..3.16 വരെ |
| വനിതാക്ഷേമ ഓഫീസർ | ശ്രീമതി. മിനി. എം. | 1.4.15 മുതൽ 31..3.16 വരെ |
| PD, PAU | ശ്രീ. സി.പി. ജോസഫ് | 01.04.15 മുതൽ 31.03.16 വരെ |
| ICDS പ്രോഗ്രാം ഓഫീസർ | ശ്രീമതി. പി. മീര | 01.04.15 മുതൽ 31.03.16 വരെ |
| സാമൂഹ്യ നീതി ഓഫീസർ | ശ്രീമതി. ജി. ലീല | 01.04.15 മുതൽ 05.05.15 വരെ |
| | ശ്രീ. കെ.ജി. വിൻസെന്റ് | 06.05.15 മുതൽ 14.06.15 വരെ |
| | ശ്രീമതി. ജി. ലീല | 15.06.15 മുതൽ 16.07.15 വരെ |
| | ശ്രീ. കെ.വി. സുഭാഷ് കുമാർ (ഇൻ ചാർജ്ജ്) | 17.07.15 മുതൽ 20.10.15FN വരെ |
| | ശ്രീ. കെ.ആർ. പ്രദീപൻ (A/C), സീനിയർ സൂപ്രണ്ട് | 20.10.15 ANമുതൽ 04.11.15FN വരെ |
| | ശ്രീ. എച്ച്. രാമമൂർത്തി | 04.11.15AN മുതൽ 30.11.15 വരെ |
| | ശ്രീ. കെ.ആർ. പ്രദീപൻ (A/C), സീനിയർ സൂപ്രണ്ട് | 01.12.15 മുതൽ 31.03.16 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ (AH) | ഡോ. യു.എസ്. രാമചന്ദ്രൻ | 01.04.15 മുതൽ 31.03.16 വരെ |
| സൂപ്രണ്ട്, ജില്ലാ ആശുപത്രി , വടക്കാഞ്ചേരി | ഡോ. റീന.കെ .ജെ | 01.04.15 മുതൽ 31.03.16 |

<u>ഉള്ളടക്കം</u>


| | | |
|---|---|---|
| 1 | അടിസ്ഥാന വിവരങ്ങൾ | 1-1 |
| 2 | ബജറ്റ് | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-3 |
| 4 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-4 |
| 5 | സാമ്പത്തിക വിശകലനം | 1-5 |
| 6 | ഫണ്ട് വിനിയോഗം | 1-6 |
| 7 | പദ്ധതി അവലോകനം | 1-7 |
| 8 | തനത് വരുമാനം | 1-8 |

| | | |
|---|---|---|
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാടക -അപാകതകൾ | 2-1 |
| 13 | ആദായനികുതി ഈടാക്കിയില്ല | 2-2 |
| 14 | നടവരമ്പ് സീഡ് ഫാമിന് വിവിധ കൃഷിഭവനകളിൽ നിന്നും ലഭിക്കാനുള്ള തുകയുടെ വിവരം. | 2-3 |
| 15 | കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും വിവിധ ഫാമുകൾക്ക് ലഭിക്കാനുള്ള തുക-നടപടി സ്വീകരിക്കേണ്ടതാണ്. | 2-4 |
| 16 | പാണഞ്ചേരി സീഡ് ഫാമിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള തുക - നടപടി സ്വീകരിക്കേണ്ടതാണ്. | 2-5 |
| 17 | ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിന് ലഭിക്കാനുള്ള തുകയുടെ വിവരം. | 2-6 |
| 18 | രശീതി പുസ്തകങ്ങൾ ഹാജരാക്കിയില്ല. | 2-7 |
| 19 | ക്യാഷ് ബുക്ക് പരിശോധന – അപാകതകൾ | 2-8 |
| 20 | രശീതി പരിശോധന – പണമടവ് വിവരം ലഭ്യമായില്ല | 2-9 |
| 21 | പിരിച്ചെടുത്ത തുക അടവാക്കുന്നതിൽ കാലതാമസം | 2-10 |
| 22 | പാണഞ്ചേരി സീഡ് ഫാമിലെ രശീതി പരിശോധന - അപാകതകൾ | 2-11 |
| 23 | പാണഞ്ചരി സീഡ് ഫാമിന്റെ ക്യാഷ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-12 |
| 24 | വിവിധ സീഡ് ഫാമുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 2-13 |
| 25 | 17,74,888/- രൂപ മുൻകൂറുകൾ തീർപ്പാക്കിയതു ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കണം. | 3-1 |
| 26 | എം.ബി. മുസിരിസ് ജങ്കാറിന്റെ തേഡ് പാർട്ടി ഇൻഷുറൻസ് ജില്ലാ പഞ്ചായത്ത് അടവാക്കുന്നു. | 3-2 |
| 27 | കേരളോത്സവം 2015 – പരിധി ലംഘിച്ച് നടത്തിയ അധികചെലവ് അംഗീകരിക്കുന്നില്ല | 3-3 |
| 28 | നടവരമ്പ് സീഡ് ഫാമിൽ ലക്ഷ്മീതരു, മുള്ളാത്ത എന്നിവ ഉണങ്ങി നശിച്ചു - 27,870/- രൂപ നഷ്ടം | 3-4 |
| 29 | ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ - കൈപ്പറ്റുരേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 30 | എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാര വിതരണം - വിതരണ രേഖകൾ ഹാജരാക്കിയില്ല- 2,74,985/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു | 3-6 |
| 31 | വൈദ്യുതി ബില്ലിലെ കുടിശ്ശിക ഒഴിവാക്കാൻ നടപടിയെടുക്കേണ്ടതാണ്. | 3-7 |
| 32 | വന്ധ്യതാ നിവാരണ പദ്ധതി -തുടർ നടപടി സ്വീകരിച്ചിട്ടില്ല. | 3-8 |
| 33 | മെച്ചപ്പെട്ട വിദ്യാഭ്യാസപദ്ധതി - നടത്തിപ്പിലെ അപാകതകൾ | 3-9 |
| 34 | ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിന്റെ സർവ്വേ നടത്തി അതിർത്തി നിർണ്ണയിക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-10 |
| 35 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി -പണം മുൻകൂറായി പിൻവലിച്ച്, ചെലവഴിക്കാതെ ഡി.ഡി ആയി കൈവശം വച്ചത് – സർക്കാർ മാർഗ്ഗരേഖയ്ക്കും ഉത്തരവുകൾക്കും വിരുദ്ധം | 3-11 |
| 36 | സമഗ്ര വിദ്യാഭ്യാസ പദ്ധതി -ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-12 |
| 37 | കലാ കായിക സാംസ്കാരിക സമുച്ചയം-സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - ചെലവു തുക 29,43,400/- രൂപ തടസ്സപ്പെടുത്തുന്നു. | 3-13 |
| 38 | ചൂണ്ടൽ, മുല്ലശ്ശേരി ഡിവിഷനുകളിലെ കലാ സാംസ്കാരിക പരിപാടി - സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം -9,92,097/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-14 |

| | | |
|---|---|---|
| 39 | ജൈവമാലിന്യ നിർമാർജ്ജനം - ഇമേജിൽ നിന്നുള്ള കൈപ്പറ്റ് രശീതി ഇല്ല | 3-15 |
| 40 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകൾ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-16 |
| 41 | രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-17 |
| 42 | അഴീക്കോട് കടവിൽ ജങ്കാർ സ്ഥാപിക്കുന്നതിന് ബൊല്ലാർഡ് പോൾ സ്ഥാപിക്കുന്നത് - നടപ്പാക്കാത്ത പദ്ധതിക്കുവേണ്ടി തുക പിൻവലിച്ച് കൈവശം വച്ചത് – ഉത്തരവാദികളിൽ നിന്നും പിഴ പലിശ ഈടാക്കണം. | 3-18 |
| 43 | നിർമ്മിതി കേന്ദ്രയ്ക്ക് ടാറിന്റെ അധിക വില നൽകൽ - വിശദാംശങ്ങൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കണം. | 3-19 |
| 44 | അംഗപരിമിതർക്ക് മോട്ടോറൈസ്ഡ് വാഹനം നൽകൽ – ഗുണഭോക്താക്കൾക്ക് നാളിതുവരെ ലൈസൻസ് ലഭിച്ചിട്ടില്ല. | 3-20 |
| 45 | ഭവന നിർമ്മാണം (സ്പിൽ ഓവർ )- പൂർത്തീകരിക്കാത്ത വീടുകളുടെ വിവരം ലഭ്യമല്ല. | 3-21 |
| 46 | പടിയൂർ ഗ്രാമപഞ്ചായത്ത് മാരാംകുളം കുടിവെള്ള പദ്ധതി – പദ്ധതി ലക്ഷ്യം നേടിയില്ല. | 3-22 |
| 47 | കൺസൾട്ടൻസി ചാർജ്ജ് അധികം നൽകിയത് – പരിശോധിച്ച് തുടർനടപടി സ്വീകരിക്കണം. | 3-23 |
| 48 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് – ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയത് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-24 |
| 49 | GHSS ചായ്യൻകുഴി -അറ്റകുറ്റ പ്പണികൾ -സ്കൂൾ മെയിന്റനൻസിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് റോഡ് നിർമ്മിച്ചു | 3-25 |
| 50 | സ്കൂളുകളുടെ മെയിന്റനൻസ് – പൊളിച്ചുമാറ്റിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ വില നിശ്ചയിച്ച് ലേലം നടത്തി വിൽക്കുകയോ ചെയ്തിട്ടില്ല. | 3-26 |
| 51 | ജില്ലാ പഞ്ചായത്തിനു കീഴിലെ വിവിധ സ്കൂളുകളുടെ മെയിന്റനൻസ് - എസ്.സി. ആശ്രയഭവനങ്ങളുടെ നിർമ്മാണം എന്നീ പ്രവത്തികളിൽ പെയിന്റിങ്ങിന് അധിക നിരക്ക് നൽകി - 10,17,357/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-27 |
| 52 | വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ കുഴൽ കിണർ നിർമ്മാണം | 3-28 |
| 53 | ബിറ്റുമിൻ ലഭ്യമാക്കുന്നതിനു അപേക്ഷിക്കും മുൻപേ പ്രവൃത്തി പൂർത്തീകരിച്ചു. | 3-29 |
| 54 | ചുക്കുബസാർ കുടിവെള്ള പദ്ധതി (പുന്നയൂർ ഗ്രാമപഞ്ചായത്ത്) - പൈപ്പുകളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല. | 3-30 |
| 55 | കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്യൽ, റീസ്റ്റോറേഷൻ ചാർജ്ജ് അടവാക്കൽ – വിവരങ്ങൾ ലഭ്യമല്ല. | 3-31 |
| 56 | സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല. | 3-32 |
| 57 | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് - കീഴില്ലം അമ്പലനട കുടിവെള്ള പദ്ധതി - ടാക്സ് ഈടാക്കിയതിൽ കുറവ് | 3-33 |
| 58 | കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലെ കുലയിടം LI തോട് പാർശ്വഭിത്തി സംരക്ഷണം - ഗുണഭോക്തൃ വിഹിതം പിരിച്ചത് സംബന്ധിച്ച്. | 3-34 |
| 59 | മരാമത്ത് പ്രവൃത്തിയിൽ നിന്നും ടാക്സ് ഈടാക്കിയതിൽ കുറവ് | 3-35 |
| 60 | അടങ്കലിൽ അപാകത – ടാറിങ്ങ് കുറഞ്ഞ അളവിൽ നടത്തി – അധിക ചെലവ് | 3-36 |
| 61 | മരാമത്ത് പ്രൊജക്റ്റുകൾ മോണിട്ടറിങ്ങ് നടത്തുന്നില്ല | 3-37 |
| 62 | പൊതുമരാമത്ത് മേഖല - വാർഷികപദ്ധതിയിൽ വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കാനായില്ല | 3-38 |

| | | |
|---|---|---|
| 63 | അധികനിരക്ക് നൽകി | 3-39 |
| 64 | 7 ലക്ഷത്തോളം ചെലവഴിച്ച പ്രവൃത്തി മുടങ്ങിക്കിടക്കുന്നു | 3-40 |
| 65 | ആശാരിക്കോട് എസ്.സി. കോളനി റോഡ് - കാന നിർമ്മാണം – അപാകതകൾ | 3-41 |
| 66 | മുല്ലശ്ശേരി ഗ്രൗണ്ടിന്റെ നവീകരണം – നിർവ്വഹണത്തിലെ അപാകതകൾ | 3-42 |
| 67 | വെള്ളാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ - ഗുണഭോക്തൃവിഹിതം പിരിക്കാത്തതുമൂലം നഷ്ടം | 3-43 |
| 68 | ഷാരടിക്കുളം - ഉറുമ്പൻകുന്ന് ജലസേചന പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല – ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടില്ല. | 3-44 |
| 69 | അടങ്കൽ സമർപ്പിക്കും മുൻപേ സാങ്കേതികാനുമതി നല്കി | 3-45 |
| 70 | സ്ഥലം ഏറ്റെടുക്കും മുൻപേ പ്രവൃത്തി പൂർത്തീകരിച്ചു. | 3-46 |
| 71 | സാംസ്കാരികനിലയം, പകൽവീട് എന്നിവക്കായി നിർമ്മിച്ച കെട്ടിടത്തിൽ സ്വകാര്യ ക്ലബ്ബ് പ്രവർത്തിക്കുന്നു | 3-47 |
| 72 | കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 3-48 |
| 73 | എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തിയില്ല | 3-49 |
| 74 | ഡോക്ടർ അംബേദ്കർ കുടിവെള്ള പദ്ധതി (നിക്ഷേപ പ്രവൃത്തി) - പൂർത്തീകരിച്ചിട്ടില്ല | 3-50 |
| 75 | സ്കൂളുകളുടെ മെയിന്റനൻസ് - പൊതു അപാകതകൾ | 3-51 |
| 76 | എൽ.എസ്.ജി.ഡി.- എക്സിക്യൂട്ടീവ് എഞ്ചിനീയർ - രജിസ്റ്റർ, ഫയൽ സൂക്ഷിക്കുന്നതിലെ ന്യൂനതകൾ. | 3-52 |
| 77 | ഇ-ടെണ്ടർ - ടെണ്ടർ ഫീ, ഇ.എം.ഡി ക്രെഡിറ്റ് ചെയ്യപ്പെടുന്നതിനുള്ള ബാങ്ക് അക്കൗണ്ട് - നിരീക്ഷണങ്ങൾ | 3-53 |
| 78 | വിജ്ഞാൻ സാഗർ പദ്ധതി – സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 3-54 |
| 79 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 80 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 81 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 82 | വായ്പ/ വായ്പാ തിരിച്ചടവ് | 4-4 |
| 83 | സ്ഥിര നിക്ഷേപം | 4-5 |
| 84 | ഓഡിറ്റ് റിക്കവറി | 4-6 |
| 85 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 86 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| രൂപീകരണ തിയ്യതി | 02-10-1995 |
| ഭൂവിസ്തൃതി | 3030 ച.കി.മീ |
| ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകൾ | 16 |
| ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ | 88 |
| ജില്ലാപഞ്ചായത്ത് ഡിവിഷനുകൾ | 29 |

## 1-2 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്, ഭരണസമിതിയുടെ 26-3-2015 ലെ യോഗത്തിലെ ഒന്നാം നമ്പർ തീരുമാനത്തിലൂടെ അംഗീകരിച്ചിട്ടുണ്ട്.

പ്രതീക്ഷിത വരവ് - 1797550800

പ്രതീക്ഷിത ചെലവ് - 1709637300

## 1-3 വാർഷിക ധനകാര്യ പത്രിക

| സമർപ്പിക്കേണ്ട തിയ്യതി | സമർപ്പിച്ച തിയതി |
|---|---|
| 31.7.2016 | 28.7.2016 |

സ.ഉ(സാധാ.) നം. 30/2016/തസ്വഭവ തിയ്യതി 09.02.16 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2015-16 വർഷം മുതൽ വാർഷിക ധനകാര്യ പത്രികകൾ നിലവിലുള്ള രീതിയിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് മാന്വലായി സമർപ്പിക്കുന്നതിനു പുറമെ എയിംസ് സോഫ്റ്റ് വെയർ മുഖേന ഇ-സബ്മിഷൻ നടത്തേണ്ടതായിരുന്നു. എന്നാൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വാർഷിക കണക്ക് ഇ-സബ്മിഷൻ നടത്തിയിട്ടില്ല.

## 1-4 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

എ)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 13-18 പ്രകാരം 31.03.16ൽ Loans, Advance and Deposits എന്ന ശീർഷകത്തിൽ 17,76,888/- രൂപ നീക്കിയിരിപ്പുണ്ട്.

| കോഡ് | ഇനം | തുക ₹ |
|---|---|---|
| 460100102 | Permanent Advance/ imprest | 2,000 |
| 460100103 | Temporary Advance for Official purposes | 10,05,286 |
| 460500501 | Advance to implementing Officers | 6,86,625 |
| 460509901 | Advance to others | 82,977 |
| | ആകെ | 17,76,888 |

എന്നാൽ ഇവയുടെ കൃത്യത നിരീക്ഷിക്കുന്നതിന് സെക്യൂരിറ്റി ഡെപ്പോസിറ്റ്/ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, പെർമെനന്റ് അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

ബി) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം 431400101-Rent receivable from Building (current) എന്ന ശീർഷകത്തിൽ 93,642 രൂപ കിട്ടാനുള്ളതായി കാണുന്നു. എന്നാൽ ഇത് "Current" കാലയളവിലെ കുടിശ്ശിക അല്ലെന്നും മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയാണെന്നും കാണുന്നു. മുൻ സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശിക തുക പുതിയ സാമ്പത്തിക വർഷാരംഭത്തിൽ Rent receivable from Building (arrear) എന്ന ശീർഷകത്തിലേക്ക് ട്രാൻസ്ഫർ എൻട്രി മുഖേന മാറ്റാത്തതാണ് ഈ വ്യത്യാസത്തിനു കാരണം. വ്യത്യാസം വാർഷിക കണക്കിൽ പരിഹരിക്കേണ്ടതാണ്. വരവിനങ്ങൾക്ക് ഡി.സി.ബി. രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-5 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 429790479.44

വരവ് - 340160806.00

ആകെ - 769951285.44

ചെലവ് - 657255271.44

നീക്കിയിരിപ്പ് - 112696014.00

## 1-6 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| പ്ലാൻ ഫണ്ട് ജനറൽ | 159393973 | 30321043+1576970 | 54779362 | 246071348 | 246071348 | 0 | |
| എസ്.സി.പി | 84285910 | -30321043 | 81126274 | 135091141 | 135091141 | 0 | |
| ടി .എസ്.പി | 2497339 | -1576970 | 3173953 | 4094322 | 4094322 | 0 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 56674980 | 0 | 100791429 | 157466409 | 116507565+ 40958844 157466409 | നോൺ റോഡിലെ 40958844 രൂപ M.G. റോഡിനത്തിൽ ചെലവഴിച്ചിട്ടുണ്ട് | |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 27096929 | 0 | 10555684 | 37652613 | 78611457 | ,, | |

## 1-7 പദ്ധതി അവലോകനം

| അനുമതി നല്കിയ പദ്ധതികളുടെ എണ്ണം | ആകെ അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തിയാകായാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 615 | 1045219817 | 168 | 48426320 | 217 | 230 | 27.31 % |

പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-8 തനത് വരുമാനം

മുൻവർഷത്തെക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെകൊടുത്തിരിക്കുന്ന പ്രകാരം 250.40% വർദ്ധനവ് ഉണ്ടായിട്ടുണ്ട്

| ഇനം | മുൻവർഷത്തെ വരവ് | തൻവർഷ വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവ് | - | - | - | - |
| നികുതിയേതര വരവ് | 5039382 | 24175486 | +19136104 | +379.7% |
| മറ്റ് വരവുകൾ | 1898276 | 134222 | -1764054 | -92.2% |
| ആകെ | 6937658 | 24309708 | 17372050 | +250.40% |

## 1-9 ക്ഷേമപദ്ധതികൾ

ഇല്ല

## 1-10 ക്യാഷ് വെരിഫിക്കേഷൻ

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.5.2017 തിയ്യതിയിൽ 3.30pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. രജിസ്റ്റർ പ്രകാരം ക്യാഷ് ചെസ്റ്റിൽ 23568.5രൂപയുണ്ടായിരുന്നു. പരിശോധനയിൽ 23568.5 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-9-2016മുതൽ 6-11-2016 വരെ | 2015-16 | 23- 01-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.3.2016 മുതൽ 21-4-2016 വരെ | 2014-15 | 20.5.16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക -അപാകതകൾ

2015-16 വർഷത്തെ ജില്ലാ പഞ്ചായത്തിന്റെ വാടക വരവ് പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ താഴെ

ചേർക്കുന്നു.

1) ഒല്ലൂർ ഇലക്ട്രോണിക് പാർക്കിലുള്ള 7 മുറികൾ 5 വാടകക്കാർക്കായി നൽകിയിട്ടുണ്ട്. 2011 ഫെബ്രുവരി 1 ന് കരാറിലേർപ്പെട്ടുകയും തുടർന്ന് കരാർ പുതുക്കിയിട്ടില്ലാത്തതുമാണ്. ബൈലോ പ്രകാരം മൂന്ന് വർഷം കൂടുമ്പോൾ കരാർ പുതുക്കേണ്ടതും വാടക പുതുക്കി നിശ്ചയിക്കേണ്ടതുമാണ്.

2) വാടക രജിസ്റ്ററിൽ തുക അടവാക്കിയത് ഏത് കാലയളവിലേക്കാണ്, പിഴപലിശ തുക എത്രയാണ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല.

3)ഒല്ലൂർ ഇലക്ട്രോണിക്സ് പാർക്കിലെ വാടകക്കാരായ ശ്രീ.ബാലചന്ദ്രൻ (റൂം നം. 1,2)എന്നവർ 01.10.2013 മുതലും ശ്രീമതി.ഹേമലത ബാലചന്ദ്രൻ (റൂം നം. 7) 01.12.2013 മുതലും വാടക അടവാക്കിയിട്ടില്ലാത്തതാണ്. എന്നാൽ ഇവരിൽ നിന്നും മുറി തിരികെ കൈവശത്തിൽ എടുക്കുകയോ R.R നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

4) ജില്ലാപഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കാന്റീൻ വാടകക്ക് നൽകിയ വകയിൽ 2015 ഒക്ടോബർ മുതൽ വാടക കുടിശ്ശിക ലഭിക്കാനുണ്ട്. കുടിശ്ശിക പിരിച്ചെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

5) ജില്ലാ പഞ്ചായത്ത് ഹാച്ചറി, തൃശ്ശൂർ കാട വളർത്തൽ സൊസൈറ്റി എന്ന സ്ഥാപനം വാടകക്ക് എടുത്ത് 2009 നവംബറിൽ കരാറുണ്ടാക്കിയതിന് ശേഷം പുതുക്കിയതായി കാണുന്നില്ല. 05.11.2014ന് സബ്കമ്മിറ്റി യോഗം ചേരുകയും തുടർ നടപടികൾ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതിനെപ്പറ്റി വിവരം ലഭ്യമല്ല.

6) ഒല്ലൂർ ഇലക്ട്രോണിക് പാർക്കിനോട് ചേർന്നുള്ള ഷെഡ്ഡിൽ അനധികൃതമായി ഒരു അംഗൻവാടി പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് 2014-15 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ടി അംഗൻവാടി മാറ്റി സ്ഥാപിച്ചോ എന്ന വിവരം ലഭ്യമല്ല.

വാടകയിനത്തിൽ ജില്ലാപഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾ യഥാസമയം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കുടിശ്ശിക വരുത്തുന്ന വാടകക്കാർക്കെതിരെ ബൈലോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 ആദായനികുതി ഈടാക്കിയില്ല

ആദായനികുതി നിയമം,1961ലെ വകുപ്പ് സി പ്രകാരം ഒരു പ്രവൃത്തി കരാർ പ്രകാരം നടപ്പാക്കുന്ന സന്ദർഭത്തിൽ കരാറിലേർപ്പെട്ട സ്ഥാപനത്തിന്റെ ബില്ലിൽ നിന്നും 2% തുക TDS ആയി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരം ചെയ്തിട്ടില്ല.

1) പദ്ധതി രേഖ അച്ചടിച്ച വകയിൽ 39,780/- രൂപ വൗച്ചർ നം. 464/15-16 പ്രകാരം റോസാരി പ്രിന്റേഴ്സ്, കേച്ചേരി എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. ആയതിന്റെ ആദായനികുതി 796/- രൂപ ഈടാക്കി അടവാക്കിയിട്ടില്ല.

2) ജില്ലാപഞ്ചായത്ത് മെമ്പർമാരുടെ ലെറ്റർപാഡ്, കവർ എന്നിവ അച്ചടിച്ച വകയിൽ 26,325/- രൂപ മാസ്സ് പ്രിന്റേഴ്സ്, അയ്യന്തോൾ എന്ന സ്ഥാപനത്തിന് വൗച്ചർ നം. 925/15-16 പ്രകാരം നൽകിയിട്ടുണ്ട്. ആയതിന്റെ ആദായനികുതി ഈടാക്കിയിട്ടില്ല.

ആദായനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 നടവരമ്പ് സീഡ് ഫാമിന് വിവിധ കൃഷിഭവനുകളിൽ നിന്നും ലഭിക്കാനുള്ള തുകയുടെ വിവരം.

നടവരമ്പ് സീഡ് ഫാമിലെ ഉൽപന്നങ്ങൾ വിപണനം ചെയ്തതിന്റെ ഇൻവോയ്സ് രജിസ്റ്റർ പ്രകാരം വിവിധ കൃഷിഭവനുകളിൽ നിന്നും സീഡ് ഫാമിന് ലഭിക്കാനുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|

| | | | |
|---|---|---|---|
| 32/14-15 | 10.02.15 | 68,520 | KSSDA, അയ്യന്തോൾ |
| 39/14-15 | 18.03.15 | 55,720 | കൃഷിഭവൻ, വെള്ളാങ്ങല്ലൂർ |
| 42/14-15 | 19.03.15 | 1,01,700 | KSSDA, അയ്യന്തോൾ |
| 03/15-16 | 26.05.15 | 1,300 | കൃഷിഭവൻ, S.N. പുരം |
| 05/15-16 | 26.05.15 | 1,100 | കൃഷിഭവൻ, പെരിഞ്ഞനം |
| 17/15-16 | 26.05.15 | 1,250 | കൃഷിഭവൻ, എടതിരുത്തി |
| 08/15-16 | 03.06.15 | 1,230 | കൃഷിഭവൻ, ആളൂർ |
| 09/15-16 | 03.06.15 | 1,220 | കൃഷിഭവൻ, അന്നമനട |
| 11/15-16 | 03.06.15 | 1,220 | കൃഷിഭവൻ, മാള |
| 19/15-16 | 25.06.15 | 47,755 | KSSDA, അയ്യന്തോൾ |
| 22/15-16 | 25.06.15 | 1,000 | കൃഷിഭവൻ, അളഗപ്പനഗർ |
| 25/15-16 | 25.06.15 | 810 | കൃഷിഭവൻ, നെന്മണിക്കര |
| 27/15-16 | 25.06.15 | 1,010 | കൃഷിഭവൻ, തൃശ്ശൂർ |
| 32/15-16 | 25.06.15 | 1,585 | കൃഷിഭവൻ, കാറളം |
| 37/15-16 | 10.07.15 | 150 | കൃഷിഭവൻ, ചാലക്കുടി |
| 49/15-16 | 20.01.16 | 5,000 | കൃഷിഭവൻ, കോടശ്ശേരി |
| 50/15-16 | 29.01.16 | 10,000 | കൃഷിഭവൻ, കാടുകുറ്റി |
| 51/15-16 | 29.01.16 | 25,000 | കൃഷിഭവൻ, ചാലക്കുടി മുനിസിപ്പാലിറ്റി |
| 52/15-16 | 29.01.16 | 5,000 | കൃഷിഭവൻ, കൊരട്ടി |
| 53/15-16 | 29.01.16 | 5,000 | കൃഷിഭവൻ, മേലൂർ |
| 56/15-16 | 05.03.16 | 36,900 | കൃഷിഭവൻ, മതിലകം |
| 61/15-16 | 05.03.16 | 5,000 | കൃഷിഭവൻ, തളിക്കുളം |
| 63/15-16 | 05.03.16 | 4,26,600 | KSSDA, അയ്യന്തോൾ |
| 68/15-16 | 15.03.16 | 7,500 | കൃഷിഭവൻ, വെള്ളാങ്ങല്ലൂർ ബ്ലോക്ക്കൃഷിഭവൻ |
| 70/15-16 | 23.03.16 | 1,433 | കൃഷിഭവൻ, വെള്ളാങ്ങല്ലൂർ |
| 45/15-16 | 29.12.15 | 11,250 | കൃഷിഭവൻ, ഏറിയാട് |
| | ആകെ | 824253 | |

മേൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും വിവിധ ഫാമുകൾക്ക് ലഭിക്കാനുള്ള തുക-നടപടി സ്വീകരിക്കേണ്ടതാണ്.

കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിക്ക് ഉമാ നെൽവിത്ത് നൽകിയ വകയിൽ ഇൻവോയ്സ് നം. 01/15-16 പ്രകാരം 3,06,900/- രൂപയും ഇൻവോയ്സ് നം. 03/15-16 പ്രകാരം1,92,600/- രൂപയും അടക്കം ആകെ

4,99,500/- രൂപ കോടശ്ശേരി സീഡ് ഫാമിനും, ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിന് 2,20465/- രൂപയും നടവരമ്പ് സീഡ് ഫാമിന് 6,44,575/-രൂപയും വിവിധ ഇൻവോയ്സുകളിലായി കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും ലഭ്യമാകാനുണ്ട്. കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും ഈ മൂന്ന് സ്ഥാപനങ്ങൾക്കും കൂടി മൊത്തം 13,64,540/- രൂപ ലഭിക്കാനുണ്ട്. തുക ലഭ്യമാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 പാണഞ്ചേരി സീഡ് ഫാമിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള തുക - നടപടി സ്വീകരിക്കേണ്ടതാണ്.

ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയും പ്രകാരമുള്ള തുകകൾ പാണഞ്ചേരി സീഡ്ഫാമിന് ലഭിക്കാനുള്ളതായി കാണുന്നു

| ഇൻവോയ്സ് നം. | തീയതി | തുക | സ്ഥാപനം |
|---|---|---|---|
| 02/15-16 | 06.08.15 | 21,000/- | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, ഒല്ലൂക്കര |
| 03/15-16 | 01.07.15 | 11,000/- | കൃഷിഭവൻ, എടത്തിരുത്തി |
| 05/15-16 | 01.07.15 | 16,500/- | കൃഷിഭവൻ, S.N. പുരം |
| 06/15-16 | 01.07.15 | 16,500/- | എടവിലങ്ങ് ജൈവ കർഷക സമിതി |
| 08/15-16 | 06.07.15 | 16,500/- | എറിയാട് ജൈവ കർഷക സമിതി |
| 11/15-16 | 02.07.15 | 11,000/- | കൃഷിഭവൻ, പുന്നയൂർ |
| 13/15-16 | 02.07.15 | 11,000/- | കൃഷിഭവൻ, വടക്കേക്കാട് |
| 28/15-16 | 09.07.15 | 11,000/- | കൃഷിഭവൻ, അളഗപ്പനഗർ |

| | | | |
|---|---|---|---|
| 35/15-16 | 22.05.15 | 5,400/- | SSF, ആലുവ |
| 43/15-16 | 27.06.16 | 1,500/- | കൃഷിഭവൻ, മാടക്കത്തറ |
| 47/15-16 | 30.06.15 | 3,750/- | കൃഷിഭവൻ, അടാട്ട് |
| 51/15-16 | 01.07.15 | 3,750/- | കൃഷിഭവൻ, ആർത്താറ്റ് |
| 53/15-16 | 01.07.15 | 1,875/- | കൃഷിഭവൻ, എളവള്ളി |
| 54/15-16 | 01.07.15 | 3,750/- | കൃഷിഭവൻ, മുല്ലശ്ശേരി |
| 57/15-16 | 27.06.15 | 2,500/- | കൃഷിഭവൻ, മാടക്കത്തറ |
| 58/15-16 | 30.06.15 | 2,500/- | കൃഷിഭവൻ, അടാട്ട് |
| 63/15-16 | 30.06.15 | 2,500/- | കൃഷിഭവൻ, തോളൂർ |
| 65/15-16 | 01.07.15 | 3,125/- | കൃഷിഭവൻ, എളവള്ളി |
| 66/15-16 | 01.07.15 | 2,500/- | കൃഷിഭവൻ, മല്ലശ്ശേരി |
| 70/15-16 | 01.08.15 | 7,500/- | കൃഷിഭവൻ, കൊടുവള്ളി |
| 72/15-16 | 01.08.15 | 7,500/- | കൃഷിഭവൻ, താമരശ്ശേരി |
| 73/15-16 | 01.08.15 | 7,500/- | കൃഷിഭവൻ, തിരുവമ്പാടി |
| 82/15-16 | 20.08.15 | 7,500/- | കൃഷിഭവൻ, പെരുമണ്ണ |
| 93/15-16 | 05.08.15 | 5,500/- | കൃഷിഭവൻ, വിൽവട്ടം |
| 94/15-16 | 07.09.15 | 5,500/- | കൃഷിഭവൻ, വിൽവട്ടം |
| 121/15-16 | - | 1,32,000/- | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഒല്ലൂക്കര |
| 127/15-16 | 30.10.15 | 30,000/- | കൃഷിഭവൻ, ചേർപ്പ് |
| 137/15-16 | 06.06.15 | 12,800/- | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഒല്ലൂക്കര |

| | | | |
|---|---|---|---|
| | | | |
| 159/15-16 | 02.11.15 | 5,500/- | കൃഷിഭവൻ, അന്നമനട |
| 228/15-16 | 19.11.15 | 22,440/- | കൃഷിഭവൻ, നാട്ടിക |
| 230/15-16 | 30.11.15 | 3,960/- | കൃഷിഭവൻ, പുന്നയൂർക്കുളം |
| 240/15-16 | 21.12.15 | 1,03,750/- | കൃഷിഭവൻ, പാണഞ്ചേരി |
| 266/15-16 | 15.02.16 | 26,200/- | പെരിഞ്ഞനം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 267/15-16 | 15.02.16 | 52,400/- | പൂവ്വത്തുംകടവ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 271/15-16 | 15.12.15 | 26,400/- | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഒല്ലൂക്കര |
| 283/15-16 | - | 3,300/- | കൃഷിഭവൻ, പറപ്പൂക്കര |
| 284/15-16 | - | 3,300/- | കൃഷിഭവൻ, പൊറത്തിശ്ശേരി |
| 285/15-16 | - | 3,40,000/- | കൃഷിഭവൻ, പറപ്പൂക്കര |
| 286/15-16 | - | 2,90,000/- | കൃഷിഭവൻ, വല്ലച്ചിറ |
| 294/15-16 | 10.03.16 | 26,400/- | കൃഷിഭവൻ, ആർത്താറ്റ് |
| 295/15-16 | ,, | 13,200/- | കൃഷിഭവൻ, ചൊവ്വന്നൂർ |
| 297/15-16 | ,, | 19,800/- | കൃഷിഭവൻ, കുന്ദംകുളം |
| 298/15-16 | ,, | 26,400/- | കൃഷിഭവൻ, നടത്തറ |
| 299/15-16 | ,, | 1,84,800/- | കൃഷിഭവൻ, പാണഞ്ചേരി |

| | | | |
|---|---|---|---|
| 300/15-16 | ,, | 6,600/- | കൃഷിഭവൻ, മാടക്കത്തറ |
| 307/15-16 | 30.05.16 | 6,600/- | കൃഷിഭവൻ, പുത്തൻചിറ |
| 308/15-16 | ,, | 6,600/- | കൃഷിഭവൻ, വേളൂക്കര |
| 323/15-16 | - | 9,600/- | കൃഷിഭവൻ, പാറളം |
| 322/15-16 | - | 7,200/- | കൃഷിഭവൻ, കുർക്കഞ്ചേരി |
| 324/15-16 | - | 7,200/- | കൃഷിഭവൻ, ചേർപ്പ് |
| 331/15-16 | - | 9,600/- | കൃഷിഭവൻ, മറ്റത്തൂർ |
| 333/15-16 | - | 39,600/- | കൃഷിഭവൻ, ആളൂർ |
| 334/15-16 | - | 39,600/- | കൃഷിഭവൻ, അന്നമനട |
| 335/15-16 | - | 13,200/- | കൃഷിഭവൻ, അന്നമനട |
| 336/15-16 | - | 13,200/- | കൃഷിഭവൻ, കൊടുങ്ങല്ലൂർ |
| 337/15-16 | - | 13,200/- | കൃഷിഭവൻ, മാള |
| 338/15-16 | - | 13,200/- | കൃഷിഭവൻ, പൊയ്യ |
| 339/15-16 | - | 13,200/- | കൃഷിഭവൻ, പൊയ്യ |
| 340/15-16 | - | 13,200/- | കൃഷിഭവൻ, മേത്തല |
| 341/15-16 | - | 13,200/- | കൃഷിഭവൻ, മേത്തല |
| 342/15-16 | - | 96,820/- | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, മാള |
| 343/15-16 | - | 50,000/- | കൃഷിഭവൻ, അന്നമനട |
| 346/15-16 | - | 6,000/- | കൃഷിഭവൻ, പൊയ്യ |
| 348/15-16 | - | 7,250/- | കൃഷിഭവൻ, കണ്ടാണശ്ശേരി |

| | | | |
|---|---|---|---|
| | | | |
| 180/15-16 | - | 3,750/- | കൃഷിഭവൻ, പയ്യന്നൂർ |

വിവിധ സ്ഥാപനങ്ങളിൽ നിന്നും തുക ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇൻവോയ്സ് രജിസ്റ്ററിൽ ക്യാഷ് പേയ്മെന്റുകൾക്ക് paid cash എന്ന് മാത്രമാണ് എഴുതിയിരിക്കുന്നത്. രശീതി നമ്പർ എഴുതി കാണുന്നില്ല. ഇൻവോയ്സ് രജിസ്റ്ററിൽ തുക ലഭിച്ചതായി എഴുതിയ തിയ്യതികളിലുള്ള രശീതി ബുക്ക് പരിശോധിച്ചതിൽ അത്തരം രശീതിയുള്ളതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക | സ്ഥാപനം | തുക ലഭിച്ചതായിപറയുന്ന തീയതി |
|---|---|---|---|---|
| 26/15-16 | 08.07.15 | 11,000/- | കൃഷിഭവൻ, വരന്തരപ്പിള്ളി | 09.03.16 |
| 30/15-16 | 09.07.15 | 11,000/- | കൃഷിഭവൻ, കൊടകര | 14.03.16 |
| 280/15-16 | - | 3,300/- | കൃഷിഭവൻ, കാറളം | 14.10.16 |
| 326/15-16 | - | 18,000/- | കൃഷിഭവൻ, കാറളം | 14.10.16 |
| 328/15-16 | - | 6,000/- | കൃഷിഭവൻ, കാറളം | 14.10.16 |

മേൽ വിഷയത്തിന്റെ നിജസ്ഥിതി പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വിവിധ സീഡ് ഫാമുകളിൽ നിന്നും ജില്ലാ കൃഷി ത്തോട്ടത്തിൽ നിന്നും വിതരണം ചെയ്തിട്ടുള്ള നടീൽ വസ്തുക്കളുടേയും വിത്തുകളുടേയും വിലയായി വളരെയധികം തുക ലഭിക്കാനുള്ളതായി കാണുന്നു. തുകകൾ യഥാസമയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ ആവശ്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-6 <u>ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിന് ലഭിക്കാനുള്ള തുകയുടെ വിവരം.</u>

ഇൻവോയ്സ് രജിസ്റ്റർ പ്രകാരം വിവിധ കൃഷിഭവനുകളിൽ നിന്നും ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിന് ലഭിക്കാനുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തിയ്യതി | തുക | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 16/15-16 | 02.07.15 | 3,125/- | കൃഷിഭവൻ, വള്ളത്തോൾനഗർ |
| 19/15-16 | 02.07.15 | 2,625/- | കൃഷിഭവൻ, വടക്കാഞ്ചേരി |
| 20/15-16 | 02.07.15 | 22,000/- | കൃഷിഭവൻ, ചേലക്കര |

| | | | |
|---|---|---|---|
| 22/15-16 | 02.07.15 | 16,500/- | കൃഷിഭവൻ, പാഞ്ഞാൾ |
| 23/15-16 | 02.07.15 | 22,000/- | കൃഷിഭവൻ, പഴയന്നൂർ |
| 24/15-16 | 02.07.15 | 22,000/- | കൃഷിഭവൻ, കൊണ്ടാഴി |
| 25/15-16 | 02.07.15 | 16,500/- | കൃഷിഭവൻ, തിരുവില്ല്വാമല |
| 26/15-16 | 02.07.15 | 22,000/- | കൃഷിഭവൻ, വടക്കാഞ്ചേരി |
| 27/15-16 | 02.07.15 | 22,000/- | കൃഷിഭവൻ, എരുമപ്പെട്ടി |
| 28/15-16 | 07.07.15 | 81,600/- | KSSDA, അയ്യന്തോൾ |
| 29/15-16 | 07.07.15 | 11,000/- | കൃഷിഭവൻ, തെക്കുംകര |
| 35/15-16 | 07.07.15 | 11,000/- | കൃഷിഭവൻ, ദേശമംഗലം |
| 36/15-16 | 07.07.15 | 11,000/- | കൃഷിഭവൻ, വരവൂർ |
| 51/15-16 | 06.11.15 | 66,000/- | KSSDA, അയ്യന്തോൾ |
| 55/15-16 | 11.12.15 | 2,200/- | കൃഷിഭവൻ, എരുമപ്പെട്ടി |
| 56/15-16 | 11.12.15 | 2,200/- | കൃഷിഭവൻ, മുള്ളൂർക്കര |
| 58/15-16 | 11.12.15 | 42,740/- | KSSDA, അയ്യന്തോൾ |
| 59/15-16 | 03.03.16 | 30,125/- | KSSDA, അയ്യന്തോൾ |

തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 രശീതി പുസ്തകങ്ങൾ ഹാജരാക്കിയില്ല.

ജില്ലാ പഞ്ചായത്തിൽ നിന്നും വിവിധ സ്ഥാപനങ്ങളിലേക്ക് നൽകിയിട്ടുള്ള 30 രശീതി പുസ്തകങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | സ്ഥാപനാധികാരി | രശീതി പുസ്തക നമ്പർ | നൽകിയ |
|---|---|---|---|

| നമ്പർ | | | തിയ്യതി |
|---|---|---|---|
| 1 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Y.P) | 302,303,304,305,306,<br>307,309,310,311 | 19.07.16 |
| | | 323,324,325,326,327,<br>328,329,331,332 | 27.09.16 |
| | | 803,804,805,806,807,<br>808,809,810,811,812 | 09.12.16 |
| 2 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), തൃശ്ശൂർ | 339 | 09.11.16 |
| 3 | അഗ്രിക്കൾച്ചറൽ ഓഫീസർ,<br>കൃഷി ഭവൻ, നടത്തറ,<br>പി.ഒ. കൊഴുക്കുള്ളി | 819 | 27.02.17 |

മേൽ പുസ്തകങ്ങൾ ലഭ്യമാക്കാത്തതിനാൽ ഈയിനത്തിലുള്ള വരവുകൾ പരിശോധിച്ചിട്ടില്ല. രസിതി പുസ്തകങ്ങൾ ഓഡിറ്റിനു ഹാജരാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 2-8 ക്യാഷ് ബുക്ക് പരിശോധന – അപാകതകൾ

കേരള ട്രഷറി കോഡ് - റൂൾ-92(a) നോട്ട്-4 പ്രകാരം ക്യാഷ് ബുക്കിൽ ഓരോ മാസവും സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതും ഓഫീസ് തലവൻ ക്യാഷ് ബാലൻസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി ഒപ്പുവയ്ക്കേണ്ടതുമാണ്. എന്നാൽ ജില്ലാ പഞ്ചായത്തിനു കീഴിലുള്ള പല ഫാമുകളിലും ഇപ്രകാരം ചെയ്യുന്നില്ല. ഉദാഹരണം താഴെ കൊടുക്കുന്നു.

1. സൂപ്രണ്ട്, ജില്ലാ അഗ്രിക്കൾച്ചറൽ ഫാം, ചേലക്കര
2. സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി പോളിക്ലിനിക്, കുന്ദംകുളം
3. സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, നടവരമ്പ്.
4. സീനിയർ അഗ്രികൾച്ചർ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, പാണഞ്ചേരി.

ക്യാഷ്ബുക്ക് ഡെയ് ലി ക്ലോസിംഗ് നടത്തി സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തേണ്ടതും പ്രതിമാസ, വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി പാസ്സ്ബുക്കുമായി റികൺസിലിയേഷൻ നടത്തി സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-9 രശീതി പരിശോധന – പണമടവ് വിവരം ലഭ്യമായില്ല

ജില്ലാ പഞ്ചായത്തിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള രശീതി ബുക്കുകൾ പരിശോധിച്ചതിൽ രശീതികളുടെ ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനാധികാരി | രശീതി ബുക്ക് നം./രശീതി നം. | ജില്ലാ പഞ്ചായത്തിൽനിന്നും നൽകിയ തിയ്യതി | തിയ്യതി | തുക | ഇനം |
|---|---|---|---|---|---|
| സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ | 315/78 to 100 | ലഭ്യമല്ല | 14/12/16 മുതൽ 27.12.16 വരെ | 30265 | വിവിധ കാർഷിക ഉല്പന്നങ്ങളുടെ തുക |
| ,, | 294/34 to | 16.06.16 | 20.06.16 മുതൽ | 170454 | ,, |

| | | | | | |
|---|---|---|---|---|---|
| | 39 | | 21.06.16 വരെ | | |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD വിഭാഗം | 774/12 to 100 | 07.12.2011 | 12.08.15 മുതൽ 29.02.16 വരെ | 309550 | ടെണ്ടർ ഫോറം വില ഗുണഭോക്തൃ വിഹിതം കരാറുകാരിൽ നിന്നുള്ള രജിസ്ട്രേഷൻ ഫീസ് |
| ,, | 775/1 to 64 | 07.12.2011 | 29.02.16 മുതൽ 26.04.17 വരെ | 1371450 | ,, |
| | | | | 1881719 | |

രസീതി പ്രകാരം പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ ഇതു മൂലം സാധിച്ചിട്ടില്ല. മേൽ രേഖകൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-10 പിരിച്ചെടുത്ത തുക അടവാക്കുന്നതിൽ കാലതാമസം

KFC Vol.1, Article-7 പ്രകാരം പിരിച്ചെടുത്ത തുക തൊട്ടടുത്ത പ്രവൃത്തി ദിവസം ബാങ്ക്/ട്രഷറിയിൽ അടവാക്കേണ്ടതാണ്. സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം പാണഞ്ചേരിയുടെ രശീതി പരിശോധനയിൽ രശീതി പ്രകാരം ലഭിക്കുന്ന തുക ദിവസങ്ങളോളം കൈവശം വച്ചതിനുശേഷമാണ് ട്രഷറിയിൽ അടവാക്കുന്നത് എന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| രശീതി നം. | തിയ്യതി | തുക | അടവാക്കിയ തിയ്യതി |
|---|---|---|---|
| 29/1983 | 01.04.15 | 29,000/- | 09.04.15 |
| 30/1983 | 01.04.15 | 11,313/- | 09.04.15 |
| 23/2011 | 07.08.15 | 1,000/- | 25.08.15 |
| 24/2011 | 13.08.15 | 2,000/- | ,, |
| 28/1983 | 18.08.15 | 16,500/- | ,, |
| 89/1983 | 20.08.15 | 2,800/- | ,, |
| 90/1983 | 20.08.15 | 4,500/- | ,, |
| 24,25,26/282 | 16.03.16 | 3,360/- | 06.04.16 |
| 28 to 33/282 | 23.03.16 | 58,275/- | ,, |
| 34,35,36/282 | 31.03.16 | 35,563/- | ,, |

DD/ചെക്ക് വഴി ബാങ്കിൽ കളക്ഷൻ ആകുന്ന തുക ബാങ്കിൽ നിന്നും ക്യാഷ് ആയി പിൻവലിച്ച് ജില്ലാ പഞ്ചായത്തിൽ അടവാക്കുന്ന പ്രവണതയാണ് കാണുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 65/19.05.2017, 72/19.05.17)മറുപടി ലഭ്യമായിട്ടില്ല.

പിരിച്ചെടുക്കുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം ബാങ്കിൽ /ട്രഷറിയിൽ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം വൈകിയ കാലയളവിലേക്ക് പിഴപ്പലിശ ബാങ്ക് നിരക്കിൽ കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇക്കാര്യത്തിൽ തുടർ നിരീക്ഷണം ഉറപ്പുവരുത്തേണ്ടതാണ്.

## 2-11 പാണഞ്ചേരി സീഡ് ഫാമിലെ രശീതി പരിശോധന - അപാകതകൾ

പാണഞ്ചേരി ഫാമിലെ നടീൽ വസ്തുക്കളുടെ വിൽപ്പനയിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് അഗ്രിക്കൾച്ചർ ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയിൽ താഴെ പറയുന്ന രശീതി പുസ്തകങ്ങൾ 20.08.16ന് പിടിച്ചെടുത്തതായി കാണുന്നു. ഒരേ സമയം മൂന്ന് രശീതി പുസ്തകങ്ങൾ ഉപയോഗിച്ചിരുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| രശീതി ബുക്ക് നം. | പിടിച്ചെടുത്ത തിയ്യതി | ഉപയോഗിച്ച രശീതി നമ്പർ |
|---|---|---|
| 282 | 20.08.16 | 1 മുതൽ 51 വരെ |
| 301 | 20.08.16 | 1 മുതൽ 45 വരെ |
| 294 | 20.08.16 | 1 മുതൽ 90 വരെ |

ഇപ്പോഴും ഒരേസമയം രണ്ട് രശീതി പുസ്തകങ്ങൾ ഉപയോഗിക്കുന്നുണ്ട്. 801 നമ്പർ രശീതി പുസ്തകത്തിൽ 05.02.16 മുതൽ 20.02.17 വരെ 84 രശീതികൾ ഉപയോഗിച്ച ശേഷം 24.03.17ന് പുതിയ രശീതി ബുക്ക് 821 ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ 100/308 നമ്പർ രശീതിയും ഉപയോഗിക്കാതെ വച്ചിട്ടുണ്ട്. രശീതി, കാഷ് ബുക്ക് തുടങ്ങിയവയിലെ അപാകതകൾ സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്.

## 2-12 പാണഞ്ചരി സീഡ് ഫാമിന്റെ ക്യാഷ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

സ്റ്റേറ്റ് സീഡ് ഫാം പാണഞ്ചേരിയുടെ ക്യാഷ് ബുക്ക് പരിശോധനയിൽ അപാകതകൾ ഉള്ളതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്യാഷ് ബുക്ക് വോള്യം നം. | O.B. | വരവ് | ചെലവ് | ക്യാഷ് ബാലൻസ് | ക്യാഷ് ബുക്കിലെ ക്യാഷ് ബാലൻസ് | വ്യത്യാസം |
|---|---|---|---|---|---|---|
| Vol. 46, page 69, തിയ്യതി 28.05.15 | 9313 | 1001147 | 974189 | 36271 | 19619 | 16652 |
| Vol. 48, page 12, തിയ്യതി 11.03.16 | 77046 | 11410 | 16500 | 701956 | 696456 | 5500 |

DD, ചെക്ക് എന്നിവ കിട്ടുമ്പോൾ ക്യാഷ് ബുക്കിൽ വരവ് വയ്ക്കുന്നുണ്ട്. എന്നാൽ ബാങ്കിൽ അടച്ചതായും, ചെലവ് കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നില്ല. പകരം ബാങ്കിൽ തുക വരുമ്പോൾ വീണ്ടും വരവ് കോളത്തിൽ ചെക്ക് റിയലൈസേഷൻ എന്ന രീതിയിൽ എഴുതുകയും ട്രഷറിയിൽ അടയ്ക്കുന്ന തുകയ്ക്ക് ചെലവ് കാണിക്കുകയും ചെയ്യുന്നു. ഇത് ഇരട്ടിപ്പിന് കാരണമാകുന്നുണ്ട്. ക്യാഷ് ബുക്ക് ബാലൻസും പാസ്സ് ബുക്ക് ബാലൻസും ഒത്തു പോകുന്നില്ല.

അഗ്രികൾച്ചർ ഡെപ്യൂട്ടി ഡയറക്ടർ 20.08.16 തീയതിയിൽ പരിശോധന നടത്തുമ്പോൾ 07.04.16 തീയതി വരെയുള്ള ക്യാഷ് ബുക്ക് മാത്രമാണ് എഴുതി സൂക്ഷിച്ചിരുന്നത്. 08.04.16 മുതൽ 20.08.16 വരെയുള്ള ക്യാഷ് ബുക്ക് എഴുതിയിരുന്നില്ല.

## 2-13 വിവിധ സീഡ് ഫാമുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുള്ള വിവിധ സീഡ് ഫാമുകളുടെ രേഖകൾ പരിശോധിച്ചതിൽ ചില വസ്തുതകൾ താഴെ ചേർക്കുന്നു.

1. നിലവിൽ ജില്ലാ പഞ്ചായത്ത് നൽകുന്ന രശീതി ബുക്കിൽ വരവ് രേഖപ്പെടുത്തുന്ന തുകകൾ അതാത് സീഡ് ഫാമുകളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് പിന്നീട് ഒന്നിച്ച് ജില്ലാ പഞ്ചായത്തിൽ അടവാക്കുകയാണ് ചെയ്യുന്നത്. എന്നാൽ പാണഞ്ചേരി സീഡ് ഫാമിൽ തുക കൈവശം വയ്ക്കുകയും ദിവസങ്ങൾക്കുശേഷം ജില്ലാ പഞ്ചായത്തിൽ അടവാക്കുകയും ആണ് ചെയ്യുന്നത്.

2. പാണഞ്ചേരി സീഡ് ഫാമിന് കീഴിൽ മോഡൽ ഹോർട്ടികൾച്ചർ ഫാം, കണ്ണാറ എന്ന സ്ഥാപനത്തിന്റെ

പ്രവർത്തനവും നടക്കുന്നതിനാൽ TR-5 രശീതി ബുക്കും ഒരേ സമയം ഉപയോഗിച്ചുവരുന്നു. ഒരൊറ്റ ക്യാഷ് ബുക്കാണ് രണ്ടിനും ഉപയോഗിക്കുന്നത്. ഈ രണ്ടു സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ ഒരേ സ്വഭാവമുള്ളതായതിനാൽ ലഭിക്കുന്ന വരവ് വേർതിരിക്കുന്നത് ക്ലേശകരമാണ്. രണ്ട് സ്ഥാപനങ്ങൾക്കും വെവ്വേറെ കാഷ് ബുക്ക് ഉപയോഗിക്കുന്നത് ഉചിതമായിരിക്കും.

3. DD/ചെക്ക് എന്നിവ ബാങ്കിൽ കളക്ഷൻ ആകുന്ന മുറയ്ക്ക് മാത്രം രശീതി നൽകുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ രശീതി എഴുതാൻ വൈകുന്നത് മൂലം ലഭിച്ച DD/ചെക്ക് എന്നിവ കണക്കിൽപ്പെടാതെ വരുന്നതിനുള്ള സാധ്യത കൂടുതലാണ്.

4. സീഡ് ഫാമുകളിൽ DD/ചെക്ക് എന്നിവ ലഭിച്ച് ബാങ്ക് അക്കൗണ്ടിൽ എൻക്യാഷ് ചെയ്യുന്ന മുറയ്ക്ക് തുക പിൻവലിച്ച് ജില്ലാ പഞ്ചായത്തിൽ അടവാക്കുകയാണ് ചെയ്യുന്നത്. ചെക്ക് മുഖേന ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നത് ഉചിതമായിരിക്കും.

5. TR-7A ക്യാഷ് ബുക്കാണ് എല്ലാ സീഡ് ഫാമുകളിലും ഉപയോഗിക്കുന്നത്. ക്യാഷ് ബുക്ക് ദിവസവും വെരിഫൈ ചെയ്ത് സർട്ടിഫൈ ചെയ്ത് മാസംതോറും അബ്സ്ട്രാക്റ്റ് എഴുതി സൂക്ഷിക്കുന്നില്ല.

6. പാണഞ്ചേരി സീഡ് ഫാമിൽ DD/ചെക്ക് എന്നിവ ലഭിക്കുമ്പോൾ ക്യാഷ് ബുക്കിൽ വരവ് വയ്ക്കുന്നുണ്ടെങ്കിലും ബാങ്കിൽ അടയ്ക്കുന്ന മുറയ്ക്ക് പേയ്മെന്റ് കോളത്തിൽ എഴുതുന്നില്ല. പകരം DD/ചെക്ക് എന്നിവ കൈവശമുള്ള ക്ലോസിംഗ് സ്റ്റോക്കിലാണ് കാണിക്കുന്നത്. ബാങ്കിൽ കളക്ഷൻ ആകുന്ന മുറയ്ക്ക് രശീതി നൽകി വീണ്ടും വരവ് കോളത്തിൽ എഴുതി ജില്ലാ പഞ്ചായത്തിൽ അടച്ച് പേയ്മെന്റ് കോളത്തിൽ എഴുതുകയും ചെയ്യുന്നു. ഫലത്തിൽ ക്ലോസിംഗ് ബാലൻസ് കണ്ടുപിടിക്കുന്നത് ശ്രമകരമായിത്തീരുന്നു.

7. വിവിധ സീഡ് ഫാമുകളിലേക്ക് നിരന്തരം ആവശ്യമുള്ള വളം, കീടനാശിനി, ചകിരിച്ചോറ്, പോളിത്തീൻ കവറുകൾ, ഹൈബ്രിഡ് വിത്തുകൾ എന്നിവ അതാത് ഫാമുകൾ സ്വന്തം നിലയ്ക്ക് വാങ്ങുകയാണ് ചെയ്യുന്നത്. ഇത്തരം സാമഗ്രികൾ കേന്ദ്രീകൃത രീതിയിൽ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നതിനുള്ള സംവിധാനം ലാഭകരമാകുമെങ്കിൽ പരിഗണിക്കാവുന്നതാണ്.

8. NEFT/ഓൺലൈൻ വഴിയുള്ള തുക ബാങ്കിൽ ലഭിക്കുമ്പോൾ ഏത് സ്ഥാപനത്തിൽനിന്നുള്ള തുകയാണ് ലഭിച്ചതെന്ന് അറിയാൻ സാധിക്കുന്നില്ല. വേണ്ട പരിഹാര നിർദ്ദേശങ്ങൾ ആരായേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 17,74,888 രൂപ മുൻകൂറുകൾ തീർപ്പാക്കിയതു ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കണം.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 13-18 പ്രകാരം താത്ക്കാലിക മുൻകൂർ ഇനത്തിൽ 31.03.16ൽ 17,74,888 രൂപ നീക്കിയിരിപ്പുണ്ട്.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കോഡ് | ഇനം | തുക ₹ |
|---|---|---|
| 460100103 | Temporary Advance for Official purposes | 10,05,286 |
| 460500501 | Advance to implementing Officers | 6,86,625 |
| 460509901 | Advance to others | 82,977 |
| | ആകെ | 17,74,888 |

എന്നാൽ ഇവയുടെ കൃത്യത നിരീക്ഷിക്കുന്നതിന് സെക്യൂരിറ്റി ഡെപ്പോസിറ്റ്/ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, പെർമെനന്റ് അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ലെഡ്ജർ അക്കൗണ്ടിന്റെ പ്രാഥമിക പരിശോധനയിൽ ഇവയിൽ പല മുൻകൂറുകളും നാളിതുവരെ വൗച്ചർ സമർപ്പിച്ച് ക്രമീകരിച്ചതായി കാണുന്നില്ല. ലെഡ്ജർ അക്കൗണ്ട്, ബന്ധപ്പെട്ട വൗച്ചർ എന്നിവ പരിശോധിച്ച് മുൻകൂർ രജിസ്റ്ററുകൾ തയ്യാറാക്കേണ്ടതും, മുൻകൂറുകൾ തീർപ്പാക്കിയത് ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. സ.ഉ. 419/2011 ധനം. തീ. 4.10.2011 അനുസരിച്ച് മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കാത്ത മുൻകൂറുകൾക്ക് 18% പലിശ ഈടാക്കേണ്ടതാണ്.

## 3-2 എം.ബി. മുസിരിസ് ജങ്കാറിന്റെ തേഡ് പാർട്ടി ഇൻഷ്വറൻസ് ജില്ലാ പഞ്ചായത്ത് അടവാക്കുന്നു.

അഴീക്കോട്-മുനമ്പം ജങ്കാർ സർവ്വീസിനുള്ള കരാറിലെ (നം. എ3 - 4000/2014, തീയതി 24.07.14) അനുബന്ധം-2, ടെണ്ടർ/ലേല നിബന്ധനകളിലെ ക്രമ നമ്പർ 4 പ്രകാരം ജങ്കാറിന് കരാറുകാരൻ തേഡ് പാർട്ടി ഇൻഷ്വറൻസ് എടുക്കേണ്ടതും പകർപ്പ് ജില്ലാ പഞ്ചായത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

19.10.15 തീയതിയിൽ 38,589/- രൂപ തൃശ്ശൂർ ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ രശീതി നം. 751320 പ്രകാരം ജില്ലാ പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ പോളിസി സർട്ടിഫിക്കറ്റ് നം. KSID/MARINE/M2/MH/81/15 പ്രകാരം ജങ്കാറിന്റെ ഇൻഷ്വറൻസ് കവറേജ് ഇപ്രകാരമാണ്.

| റിസ്ക് കവറേജ് | കവറേജ് തുക | പ്രീമിയം |
|---|---|---|
| മറൈൻ ഹൾ | 70,00,000 | 28,000 |
| തേഡ് പാർട്ടി | 50,000 | 350 |
| പാസ്സഞ്ചർ | 1,00,000/വ്യക്തി | 5,000 |
| ക്രൂ കവറേജ് | 1,00,000/വ്യക്തി | 500 |
| 33,850 | | |
| | സർവ്വീസ് ടാക്സ് 14% | 4,739 |
| | ആകെ | 38,589 |

എൻക്വയറി നമ്പർ 40/09.05.17നുള്ള മറുപടിയിൽ കരാറുകാരൻ പ്രത്യേകം തേഡ് പാർട്ടി ഇൻഷ്വറൻസ് എടുക്കുകയോ, ഇൻഷ്വറൻസ് തുക കരാറുകാരനിൽ നിന്ന് ഈടാക്കുകയോ ചെയ്തിട്ടില്ലെന്ന് അറിയിക്കുകയുണ്ടായി. കരാർ പ്രകാരമുള്ള ഇൻഷ്വറൻസ് തുക (5850+ സർവ്വീസ് ടാക്സ് 819 = 6669) ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 കേരളോത്സവം 2015 - പരിധി ലംഘിച്ച് നടത്തിയ അധികചെലവ് അംഗീകരിക്കുന്നില്ല

തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ 2015ലെ കേരളോത്സവം 2015 ഡിസംബർ 15 മുതൽ 20 വരെയുള്ള തീയതികളിൽ കൊരട്ടി, തൃശ്ശൂർ എന്നിവിടങ്ങളിൽ വെച്ച് സംഘടിപ്പിച്ചു. അഡ്വ.കെ.ആർ.സുമേഷ് കൺവീനറായി കൊരട്ടിയിൽ വച്ച് ഡിസംബർ 15 മുതൽ 18 വരെ കലാമത്സരങ്ങളും, ശ്രീ.ടി.ജി.ശങ്കരനാരായണൻ കൺവീനറായി തൃശ്ശൂരിൽ വച്ച് ഡിസംബർ 18 മുതൽ 20 വരെ കായികമത്സരങ്ങളും സംഘടിപ്പിച്ചു. കേരളോത്സവം 2015ന്റെ നടത്തിപ്പിനായി കൺവീനർമാർക്ക് നൽകിയ തുകയുടെ വിവരം ഇപ്രകാരമാണ്.

| വൗച്ചർ നം. | തീയതി | തുക | ഇനം |
|---|---|---|---|
| 815/15-16 | 11.12.15 | 1,00,000 | കലാമത്സരങ്ങൾക്ക് അഡ്വാൻസ് |
| 816/15-16 | 11.12.15 | 1,00,000 | കായികമത്സരങ്ങൾക്ക് അഡ്വാൻസ് |
| 817/15-16 | 11.12.15 | 1,00,000 | കലാമത്സരങ്ങൾക്ക് അഡ്വാൻസ് |
| 838/15-16 | 14.12.15 | 1,00,000 | കായികമത്സരങ്ങൾക്ക് അഡ്വാൻസ് |
| 940/15-16 | 08.01.16 | 61,750 | കായികമത്സരങ്ങൾക്ക് ഭക്ഷണത്തിന് നൽകിയത് |
| 1101/15-16 | 18.02.16 | 44,400 | കലാമത്സരങ്ങളുടെ ചെലവ് ബാക്കി |
| ട്രഷറി ചെലാൻ നം. 2024800 | 10.06.16 | 74,767 | കായികമത്സരങ്ങളുടെ ചെലവ് ബാക്കി |
| KGB ചെക്ക് നം. 012144 | 10.06.16 | 12,748 | |

| | | | |
|---|---|---|---|
| ചെക്ക നമ്പർ ലഭ്യമല്ല | ലഭ്യമല്ല | 3,002 | ഡീസൽ അടിച്ച വകയിൽ ജില്ലാ പഞ്ചായത്ത് പെട്രോൾ പമ്പിന് നൽകിയ തുകയിലുൾപ്പെട്ടത് |
| (ജില്ലാ പഞ്ചായത്ത് നേരിട്ട് നൽകി) | | 1250 | |
| | | 597917 | |

കേരളോത്സവം 2015 സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) വൗച്ചർ നം. 21500274/15.07.2015, പ്രകാരം കേരളോത്സവം 2014 ന് 1,10,000/- രൂപ അഡ്വാൻസ് നൽകിയതായി കാണുന്നു .(ബാങ്ക് ബുക്കിൽ കേരളോത്സവം 2014-15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു). 2014 ലെ പരിപാടിക്ക് 2015-16 ൽ മുൻകൂർ നൽകിയതിനെ സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 13/29.04.2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

2) കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് KGB-1712, ചെക്ക് നം. 012137/21.04.15 പ്രകാരം സംസ്ഥാന കേരളോത്സവത്തിൽ പങ്കെടുക്കുന്നവർക്കായി സ്പോർട്സ് ഗ്യാലറി എന്ന സ്ഥാപനത്തിൽ നിന്നും 40,425/- രൂപക്ക് ജേഴ്സി വാങ്ങിയതിന്റെ ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. (എൻക്വയറി നം. 13/29.04.2017). ചെലവുരേഖകൾ ഹാജരാക്കുന്നതുവരെ 40,425/- രൂപ തടസ്സപ്പെടുത്തുന്നു.

3) കേരളോത്സവം 2015 ന്റെ കലാമത്സരങ്ങൾ സംഘടിപ്പിച്ചതിന്റെ 2,44,488/- രൂപയുടെ ചെലവ് രേഖകൾ സമർപ്പിച്ചതിൽ കാർ വാടകയിനത്തിൽ 7,600/- രൂപയുടെയും ഗസ്റ്റ് ഹോണറേറിയം എന്നയിനത്തിൽ 3,000/- രൂപയുടെയും ചെലവ് രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. കാറിന്റെ ട്രിപ്പ് ഷീറ്റ് 4 എണ്ണം പൂരിപ്പിക്കാതെ ചേർത്ത് വച്ചിരിക്കുന്നതാണ് കാണുന്നത്.

4) കായിക മത്സരങ്ങൾ സംഘടിപ്പിച്ചതിന്റെ 3,53,517/- രൂപയുടെ ചെലവ് രേഖകൾ സമർപ്പിച്ചതിൽ കുടിവെള്ളം എന്നയിനത്തിൽ 4,450/- രൂപയുടെ ചെലവ് രേഖകൾ സമർപ്പിച്ചിട്ടില്ല. കളരിപ്പയറ്റ് വിധികർത്താക്കൾക്ക് 5,000/- രൂപ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ 4,000/- രൂപയുടെ വൗച്ചർ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ട് വൗച്ചറുകൾ ഒപ്പിട്ട് വാങ്ങി തുകയുൾപ്പെടെ ഒന്നും രേഖപ്പെടുത്താതെ വച്ചിരിക്കുന്നു.

5)സംഭാവന ഇനത്തിൽ ലഭിച്ച 78,750/- രൂപ പിരിച്ചെടുത്തതിന്റെ രശീതി പുസ്തകം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.കേരളോത്സവം നടത്തിപ്പിനായി തുക പിരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്ന അന്വേഷണത്തിനും മറുപടി നൽകുകയുണ്ടായില്ല. (എൻക്വയറി നം.14/29.04.17).

6) 24.06.2015 ലെ സ.ഉ (സാധാ) നം.1907/2015/ത.സ്വ.ഭ.വ പ്രകാരം ജില്ലാ പഞ്ചായത്തിന് രണ്ട് ലക്ഷം രൂപ കേരളോത്സവത്തിനായി ചെലവഴിക്കാവുന്നതാണ്. യുവജനക്ഷേമബോർഡ് രണ്ട് ലക്ഷം രൂപ ചെക്ക് നം.481227/11.12.2015 പ്രകാരം കേരളോത്സവത്തിന് നല്കിയതും, പിരിച്ചെടുത്ത 78,750/- രൂപയും ചേർത്ത് 4,78,750/- രൂപയാണ് പരമാവധി ചെലവഴിക്കാവുന്നത്. എന്നാൽ ചെലവ് രേഖകൾ പ്രകാരം കേരളോത്സവത്തിനായി തൻവർഷം 5,97,917/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്.സർക്കാർ അനുമതി ലഭ്യമായതിനേക്കാൾ 1,19,167/- രൂപ അധികരിച്ചിരിക്കുന്നു.

അധിക തുക ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് 09.06.16 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് DPT/B2-7575/2015 നമ്പർ കത്തയച്ചിരുന്നു. 28.09.16 ന് ലഭ്യമായ 133/FM2/2016/തസ്വഭവ നമ്പർ മറുപടിയിൽ സാധൂകരണം നൽകാൻ സാധിക്കില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച 1,19,167/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

രേഖകൾ ഹാജരാക്കാത്തതിനെ തുടർന്ന് തടസ്സപ്പെടുത്തിയ/നിരാകരിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഉപ ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക | നിരാകരിച്ച തുക |
|---|---|---|---|
| 1 | 3-3(1) | 1,10,000/- | - |
| 2 | 3-3(2) | 40,425/- | - |
| 3 | 3-3(3) | 10,600/- | - |
| 4 | 3-3(4) | 5,450/- | - |

| | | | |
|---|---|---|---|
| 5 | 3-3(5) | 78750/- | - |
| 6 | 3-3(6) | - | 1,19,167/- |

## 3-4 നടവരമ്പ് സീഡ് ഫാമിൽ ലക്ഷ്മീതരു, മുള്ളാത്ത എന്നിവ ഉണങ്ങി നശിച്ചു-27870 രൂപ നഷ്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ : സീനിയർ അഗ്രികൾച്ചർ ഓഫീസർ, നടവരമ്പ് സീഡ് ഫാം

ലക്ഷ്മീതരു 1500 എണ്ണം, മുള്ളാത്ത 2450 എണ്ണം എന്നിവ മാടക്കത്തറ ട്രിച്ചൂർ ഗാർഡൻസിൽ നിന്നും വാങ്ങിയതായി ക്ലെയിം നമ്പർ 5, സീരിയൽ നമ്പർ 22 ലെ ബിൽ നമ്പർ 1390/07.10.15, ക്ലെയിം നമ്പർ 7 ലെ ബിൽ നമ്പർ 299/13.01.16 എന്നിവ പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ വില്പന, അവശേഷിക്കുന്ന സ്റ്റോക്ക് എന്നിവയുടെ വിവരത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/28.04.17 നുള്ള മറുപടിയിൽ മുള്ളാത്ത 1070 എണ്ണം, ലക്ഷ്മീതരു 880 എണ്ണം എന്നിവ വരൾച്ച മൂലം നശിച്ചതായി അറിയിച്ചിരുന്നു. പ്രത്യേക പദ്ധതികളൊന്നുമില്ലാതെ ഇത്തരം ഫലദായകങ്ങളല്ലാത്ത തൈകൾ വാങ്ങി സൂക്ഷിച്ചതു മൂലം അനാവശ്യമായ സാമ്പത്തിക നഷ്ടം സംഭവിച്ചിരിക്കുന്നു.

മുള്ളാത്ത ഒന്നിന് 17/- രൂപ വീതം 1070 എണ്ണത്തിന് 18,190/- രൂപയും, ലക്ഷ്മീതരു ഒന്നിന് 11 രൂപ വീതം 880/- എണ്ണത്തിന് 9,680/- രൂപയും ചേർത്ത് മൊത്തം 27,870/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ - കൈപ്പറ്റുരേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. 100000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ - so 724/16

ട്രഷറി ബിൽ നമ്പർ - 3/15-16/17.3.16

തുക - 100000/-

മേൽ പ്രോജക്റ്റ് പ്രകാരം വിഷ്ണു മെഡിക്കൽസ് തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണവകുപ്പ് മുഖാന്തിരം മരുന്നുകൾ വാങ്ങി ചീഫ് വെറ്ററിനറി ഓഫീസർ തൃശ്ശൂർക്കു നല്കുകയും വെറ്ററിനറി ഹോസ്പിറ്റൽ മുഖേന വിതരണം നടത്തുകയുമാണ് ചെയ്തിരിക്കുന്നത്. എന്നാൽ ചീഫ് വെറ്ററിനറി ഓഫീസർ തുക കൈപ്പറ്റിയതിന്റെയും സ്റ്റോക്കിലെടുത്തു വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 100000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.1, തിയ്യതി 17.04.2017)

## 3-6 എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാര വിതരണം - വിതരണ രേഖകൾ ഹാജരാക്കിയില്ല- 273985 രൂപ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം - 97/16

അടങ്കൽ - 300000 (വികസന ഫണ്ട്, ജനറൽ)

ചെലവ് – 274085 രൂപ

ബിൽ നമ്പർ - 1- 15-16 , 26.11.15, 108328രൂപ

ബിൽ നമ്പർ – 2-15-16, 26.3.16, 165657 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ -ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി)

മേൽ പദ്ധതി പ്രകാരം 2015-16 വർഷത്തിൽ എച്ച് ഐ വി ബാധിതർക്കായി പോഷകാഹാര വിതരണം നടത്തിയിട്ടുണ്ട്. ഇതിലൂടെ 176 ഗുണഭോക്താക്കൾക്ക് VIHAN എന്ന സംഘടനയുടെ സഹായത്തോടെ പോഷകാഹാര വിതരണം ചെയ്യുന്നതിനായി സപ്ലൈകോയിൽ നിന്നും ആകെ 293985 രൂപക്ക് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിതരണരേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ. 28/8.5.17)

## 3-7 വൈദ്യുതി ബില്ലിലെ കുടിശ്ശിക ഒഴിവാക്കാൻ നടപടിയെടുക്കേണ്ടതാണ്.

പ്രൊജക്ട് നം. - 95/16 – ജില്ലാ ആശുപത്രി, വടക്കാഞ്ചേരിയിലെ കണ്ടിജൻസി ചെലവുകൾ
അടങ്കൽ - 2,50,000/- (തനത് ഫണ്ട് ), 6,50,000 (MG-NR)
ചെലവ് - 248683, 647421 – ആകെ - 896104
നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി

2015-16 വർഷത്തിൽ ജില്ലാ ആശുപത്രി വടക്കാഞ്ചേരിയുടെ കണ്ടിജൻസി ചെലവുകൾക്കുള്ള തുക ഒടുക്കുന്നതിനായി പ്രോജക്ട് നടപ്പിലാക്കിയിരുന്നു. ടി പദ്ധതിയുടെ ചെലവു രേഖകൾ പരിശോധിച്ചതിൽ, വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് സംബന്ധിച്ച് കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.
1. അതാത് ബില്ലിലെ തുക കൃത്യമായി ഒടുക്കുന്നുണ്ടെങ്കിലും, KSEB ബില്ലിൽ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.
2.ബിൽ തുക ഒടുക്കിയതിന്റെ KSEBയിൽ നിന്നുള്ള രശീതി ഫയലിൽ ഇല്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൈദ്യുതി ചാർജ്ജ് തുക | ഡിഡി നം./തിയ്യതി |
|---|---|
| 208936 | 672049/30.03.16 |
| 361830 | 567858/30.09.15 |
| 285591 | 118987/01.03.16 |
| 39747 | 670228/23.02.16 |

ആകെ വൈദ്യുതി ചാർജ്ജ് - 896104/- രൂപ
പ്രോജക്ടിൽ ആകെയുള്ള ചെലവ് - 896104/- രൂപ

- തൊട്ടു മുൻ ബില്ലിലെ തുകയും കുടിശ്ശികയും ചേർത്ത് അടുത്ത ബില്ലിലേക്ക് ചേർത്താണ് കുടിശ്ശിക കാണിച്ചിരിക്കുന്നത്.വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിനായി തുക ഡി.ഡി.യായി KSEB, അസിസ്റ്റന്റ് എഞ്ചിനീയർ വടക്കാഞ്ചേരിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക കണക്കാക്കുന്നതിൽ ഇവ പരിഗണിക്കുന്നില്ല എന്നാണ് ബില്ലുകളിൽ നിന്നും വ്യക്തമാവുന്നത്.
- കുടിശ്ശികയായ വൈദ്യുതി ബില്ലിൽ കാണിച്ചിട്ടുള്ള തുക ഏത് കാലയളവിലേതാണ് എന്നും വ്യക്തമല്ല.

ഇക്കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/08.05.17) ഡി.ഡി. KSEBയിൽ എത്തി മാറുന്നതുവരെയുള്ള കാലയളവിൽ ബിൽ തുകകൾ ക്യാരി ഓവർ ചെയ്ത് വരുന്നതാണ് എന്നും, കുടിശ്ശിക സംബന്ധിച്ച് വൈദ്യുതി ബോർഡിനെ അറിയിച്ചിരുന്നതായും മറുപടി നൽകിയിട്ടുണ്ട്. കുടിശ്ശികയുടെ പ്രശ്നം KSEB ഉന്നയിച്ചിട്ടില്ലെന്നും, അതാത് മാസത്തെ ബിൽ മാത്രം ഒടുക്കിയാൽ മതി എന്നമാണ് അവർ നിർദ്ദേശിച്ചത് എന്നും ആശുപത്രി അധികൃതർ അറിയിച്ചു.

ജില്ലാ ആശുപത്രിക്ക് ഒൻപത് കൺസ്യൂമർ നമ്പറുകളിലായി വൈദ്യുതി കണക്ഷൻ ഉണ്ട്. ഇവ ഓരോന്നിലും ഇപ്രകാരം കുടിശ്ശിക കാണിക്കുന്നുണ്ട്.

ആശുപത്രി ഒടുക്കിയ വൈദ്യുതി ചാർജ്ജിന് KSEBയിൽ നിന്നും രശീതി ലഭിച്ചതായി കാണുന്നില്ല. ഇത്തരത്തിൽ രശീതിയുടെ അഭാവത്തിൽ ബില്ലിൽ കുടിശ്ശിക കാണിക്കുന്ന തുക വീണ്ടും ഡിമാന്റ് ചെയ്യപ്പെടാനിടയുള്ളതിനാൽ, ഒടുക്കുന്ന തുകകളുടെ കൈപ്പറ്റ് രശീതിയും കുടിശ്ശിക സംബന്ധിച്ച് KSEB അധികൃതരുടെ വിശദീകരണവും രേഖാമൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ്. കണ്ടിജന്റ് ഇനങ്ങളുടെ കൺസ്യൂമർ നമ്പർ, പ്രതിമാസ ഡിമാന്റ്, തുക, ഡി.ഡി.നമ്പർ, തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-8 വന്ധ്യതാ നിവാരണ പദ്ധതി -തുടർ നടപടി സ്വീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ - so 547/16

ട്രഷറി ബിൽ നമ്പർ - 1/15-16/28.09.15

അടങ്കൽ - 2000000/-

ചെലവ് - 15000

നിർവഹണ ഉദ്യോഗസ്ഥൻ - ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം)

2015-16 സാമ്പത്തികവർഷം വന്ധ്യതാ നിവാരണ പദ്ധതി നടത്തിപ്പിനായി 2000000 രൂപയാണ് ജില്ലാപഞ്ചായത്ത് വകയിരുത്തിയിരുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| മരുന്നു വാങ്ങുന്നതിന് | 1692000 |
| ജില്ലാതല ഉദ്ഘാടനം | 15000 |
| ഡിവിഷൻ തല ഉദ്ഘാടനം | 29000 |
| ക്യാമ്പ് നടത്തൽ | 264000 |
| ആകെ | 2000000 |

24.8.15ൽ വന്ധ്യതാ നിവാരണത്തിന്റെ ജില്ലാതല ഉദ്ഘാടനം 15000 രൂപ ചെലവഴിച്ച് നടത്തിയതല്ലാതെ വന്ധ്യതാ നിവാരണം എന്ന പദ്ധതി നടപ്പാക്കുന്നതിനു വേണ്ട ക്രിയാത്മകമായ യാതൊരു ഇടപെടലുകളും ജില്ലാപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കൃത്യമായ ധാരണ ഇല്ലാതെ ഇപ്രകാരം പ്രോജക്ടുകൾ തയ്യാറാക്കുന്ന സമീപനം ഒഴിവാക്കേണ്ടതാണ്.

## 3-9 മെച്ചപ്പെട്ട വിദ്യാഭ്യാസപദ്ധതി- നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ - 641/16

ഫണ്ട് - വികസനഫണ്ട് (ജനറൽ)

അടങ്കൽ - 1300000 രൂപ

ചെലവ് – 911249 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

ചെലവ് വിവരം

| ട്രഷറി ബിൽ നമ്പർ | തുക |
|---|---|
| 1/15-16/20.2.16 | 233134 |
| 2/15-16/27.02.16 | 442130 |
| 3/15-16/31.3.16 | 235985 |

തുക നൽകിയതിന്റെ വിവരം

1.അൻസാർ പബ്ലിക് സ്കൂൾ

| തുക | ഡിഡി നമ്പർ |
|---|---|
| 360419 | 118912/29.2.16 |
| 160635 | 672785/8.4.16 |

2.സെന്റ് പോൾസ് കുരിയച്ചിറ

| തുക | ഡിഡി നമ്പർ |
|---|---|
| 233134 | 118861/20.2.16 |
| 81711 | 118911/29.2.16 |
| 75350 | 672783/8.4.16 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് പരിഷ്കരിച്ച മാർഗ്ഗരേഖയിലെ അനുബന്ധം 16 സെക്ഷൻ 6.8(1) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്ന പരിപാടി പ്രകാരം വിദ്യാർത്ഥികൾക്ക് ഉന്നതനിലവാരം പുലർത്തുന്ന റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തുന്നതിനുള്ള പ്രോജക്ടുകൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്. തൃശ്ശൂർ ജില്ലാ പഞ്ചായത്തിനു കീഴിലുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളായ സെന്റ് പോൾസ് കുരിയച്ചിറ, അൻസാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പെരുമ്പിലാവ് എന്നിവിടങ്ങളിൽ പഠിക്കുന്ന 15 വിദ്യാർത്ഥികൾക്കായി 2015-16 സാമ്പത്തികവർഷം 911249 രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽ മാർഗ്ഗരേഖയിൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്ന പരിപാടി പ്രകാരം ഉന്നതനിലവാരം പുലർത്തുന്ന റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തുമ്പോൾ ഏതെല്ലാം ഇനങ്ങളിലായി ഓരോ ഇനത്തിലും എത്ര തുക വീതം നൽകാം എന്ന് വ്യക്തമാക്കിയിട്ടില്ല.എന്നാൽ പട്ടികജാതി വികസന വകുപ്പിന്റെ 14.5.14ലെ സ.ഉ. (സാധാ) 728/14 പ.ജ.പ.വ.വി.വ. പ്രകാരം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസാനുകൂല്യമായി 3500രൂപ പ്രതിമാസം നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് ഒരു ഉത്തരവ് ഇല്ലാതിരിക്കുകയും പട്ടികജാതി വകുപ്പിൽ ഇതു സംബന്ധിച്ച ഒരു ഉത്തരവ് ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ ആ തുകയേക്കാൾ അധികരിച്ച തുക നൽകാൻ പാടില്ല.എന്നാൽ പട്ടികജാതി വകുപ്പിൽ ബാധകമായ ഉത്തരവിനെ അധികരിച്ച് തുക നൽകാമോ എന്നതു സംബന്ധിച്ച വ്യവസ്ഥകൾ എന്തെങ്കിലും കരാറിൽ ഉൾപ്പെട്ടിട്ടുണ്ടോ യെന്ന് പരിശോധിക്കുന്നതിനായി സ്കൂളുകളുമായി ഏർപ്പെട്ട കരാർ ഓഡിറ്റിനു ലഭ്യമാക്കുകയുണ്ടായില്ല (ഓഡിറ്റ് എൻക്വയറി നമ്പർ.77/22.5.17). ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ ഉത്തരവിനു വിരുദ്ധമായി സെന്റ് പോൾസ് സ്കൂൾ. അൻസാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവ അധിക തുക നൽകിയിരിക്കുന്നതായി കാണുകയുണ്ടായി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.സെന്റ് പോൾസ് സി.ഇ. എച്ച് .എസ്.എസ് .കുരിയച്ചിറ

| സ്കൂളിന്റെ പേര് | വിദ്യാർത്ഥിയുടെ പേര് | മാസം | അനുവദനീയമായ ബോർഡിംഗ് തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| സെന്റ് പോൾസ്. സി.ഇ. എച്ച്.എസ്.എസ്.കുരിയച്ചിറ | നിവേദിത. കെ.എ | 5/15 മുതൽ 3/16വരെ | 38500 | 52300 | 13800 |
| | ഷിമി. വി.കെ | 5/15 മുതൽ 3/16 വരെ | 38500 | 52300 | 13800 |
| | ഷോമിത.എൻ.എസ് | 5/15 മുതൽ 3/16 വരെ | 38500 | 52300 | 13800 |
| | ഹിമ. എം.ജി | 5/15 മുതൽ 1/16 | 31500 | 41600 | 10100 |

| | | | | | |
|---|---|---|---|---|---|
| | | വരെ | | | |
| | ആഷ്ന. കെ. | 5/15 മുതൽ 1/16 വരെ | 31500 | 41600 | 10100 |
| | ആവണി.കെ.ഷാജി | 5/15 മുതൽ 1/16 വരെ | 31500 | 37700 | 6200 |
| | സിൽഗ. എ.വി. | 5/15 മുതൽ 1/16 വരെ | 31500 | 37700 | 6200 |
| | | | | | 74000 |

2.<u>അൻസാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ പെരുമ്പിലാവ്</u>

| സ്കൂൾ | വിദ്യാർത്ഥിയുടെ പേര് | മാസം | അനുവദനീയ ബോർഡിംഗ് തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| അൻസാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ പെരുമ്പിലാവ് | വിജിൽ മാധവ് | 6/15മുതൽ 3/16 വരെ | 35000 | 38400 | 3400 |
| | അഫ്സൽ.കെ | 6/15മുതൽ 3/16 വരെ | 35000 | 39800 | 4800 |
| | നമിത.എം.പി | 6/15മുതൽ 3/16 വരെ | 35000 | 39800 | 4800 |
| | വിശ്വൽ മാധവ് | 6/15മുതൽ 3/16 വരെ | 35000 | 46600 | 11600 |
| | രൂപ.വി.എ | 6/15മുതൽ 3/16 വരെ | 35000 | 46600 | 11600 |
| | വൈശാഖ്.കെ.എ. | 6/15മുതൽ 3/16 വരെ | 35000 | 41250 | 6250 |
| | എബിൻ.ടി.എസ് | 6/15മുതൽ 3/16 വരെ | 35000 | 41250 | 6250 |
| | അരുൺ.എൻ.എസ്. | 6/15മുതൽ 11/15 വരെ | 21000 | 23650 | 2650 |
| | | | | | 51350 |

മേൽ പ്രകാരം 125350 രൂപ അധികമായി നൽകി കാണുന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

## **3-10** <u>ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിന്റെ സർവേ നടത്തി അതിർത്തി നിർണ്ണയിക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>

പ്രോജക്ട് നമ്പർ – 415/16

അടങ്കൽ – 50000 രൂപ (തനതുഫണ്ട്)

ചെലവ് – 35178 രൂപ (14822 രൂപ തിരിച്ചടച്ചു)

ഡി.ഡി.നമ്പർ – 0966478/19.3.16

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഫാംസൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, ചേലക്കര

മേൽപദ്ധതിയുടെ നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ പ്പറയുന്നു.

1.പ്രോജക്ടിനായി തനതുഫണ്ടിൽ നിന്നും വകയിരുത്തിയ 50000രൂപ പൂർണ്ണമായും ചെലവഴിച്ചതായി ജില്ലാപഞ്ചായത്തിന്റെ ചെലവു സ്റ്റേറ്റ്മെന്റിൽ കാണുന്നു. എന്നാൽ ചെയിൻമാൻ കൂലിയിനത്തിൽ 29678രൂപയും കോൺക്രീറ്റ് പോസ്റ്റിനുവേണ്ടി 5500 രൂപയും ഉൾപ്പെടെ ആകെ 35178 രൂപ ചെലവഴിച്ചതായും ബാക്കി 14822രൂപ 8.8.16 ൽ ജില്ലാപഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായും ഫയൽ പരിശോധനയിൽ കാണുന്നു. പ്രോജക്ടിനായി യഥാർത്ഥത്തിൽ ആവശ്യമുള്ള തുകയേക്കാൾ വലിയ തുക ആവശ്യപ്പെടുകയും ഭാഗികമായി മാത്രം ചെലവഴിച്ച് ബാക്കി തുക സാമ്പത്തികവർഷം കഴിഞ്ഞതിനുശേഷം തിരിച്ചടച്ചതും ശരിയായ നടപടിയല്ല.

2.ജില്ലാ കൃഷിത്തോട്ടം സർവ്വേ നടത്തുന്നതിന് ചെയിൻമാൻ കൂലിയിനത്തിൽ 29678 രൂപ സർവ്വേയർമാർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 600 രൂപ വച്ച് 4 പേർക്ക് ആകെ 2400 രൂപ മാത്രം നൽകിയതിന്റെ കൈപ്പറ്റു രസീത് മാത്രമാണ് കാണുന്നത്. സർവ്വേ പൂർത്തിയാക്കുന്നതിന് വേണ്ടിവരുന്ന തുകയല്ലാതെ മറ്റെന്തെങ്കിലും ചെലവുള്ളതായി സർവ്വേ സൂപ്രണ്ടിന്റെ കത്തിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ചെയിൻമാൻ കൂലിയിനത്തിൽ സർവ്വേയർമാർ കൈപ്പറ്റിയ 29678 രൂപയിൽ നാലു ചെയിൻമാൻമാർക്ക് നൽകിയ 2400രൂപ കഴിച്ച് ബാക്കിയുള്ള 27278രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ തടസ്സത്തിൽ വക്കുന്നു.

3.ഒരു സർവ്വേയർക്ക് രണ്ട് ചെയിൻമാൻ എന്ന നിലയ്ക്ക് പി.ഡബ്ള്യു.ഡി നിരക്ക് അനുസരിച്ച് ഒരു ചെയിൻമാന് ഒരു ദിവസം 408 രൂപ വച്ച് സർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിനു വേണ്ടി വരുന്ന ആകെ തുക ബന്ധപ്പെട്ട അധികൃതർ അടയ്ക്കേണ്ടതാണെന്ന് സർവ്വേ സൂപ്രണ്ട് ജില്ലാ ഫാം സൂപ്രണ്ടിനും ജില്ലാപഞ്ചായത്ത് സെക്രട്ടറിയ്ക്കും അയച്ച 20.1.16 ലെ LBR -1-101/2016 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഒരു ചെയിൽമാന് 600 രൂപ വച്ചാണ് നൽകിയത്. പി.ഡബ്ലിയു.ഡി. നിരക്കിനേക്കാൾ ഉയർന്ന നിരക്ക് നൽകിയതിനാൽ 768 രൂപ (4x192)അധികം ചെലവഴിച്ചിരിക്കുന്നു. ടി തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ 22/ 4.5.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും ഹാജരാക്കാത്ത ചെലവുരേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 3-11 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി -പണം മുൻകൂറായി പിൻവലിച്ച് ,ചെലവഴിക്കാതെ ഡി.ഡി ആയി കൈവശം വച്ചത്-സർക്കാർ മാർഗ്ഗരേഖയ്ക്കും ഉത്തരവുകൾക്കും വിരുദ്ധം

പ്രോജക്ട് നമ്പർ-so710/16

വികസനഫണ്ട് (ജനറൽ)

അടങ്കൽ – 1300000

ചെലവ് – 1300000

ട്രഷറി ബിൽ നം. 45/15-16 – 1300000/29.03.16

നിർവ്വഹണ ഉദ്യോഗസ്ഥൻ – വിദ്യാഭ്യാസ ഉപഡയറക്ടർ

തൃശ്ശൂർ ജില്ലാപഞ്ചായത്തിനു കീഴിലുള്ള 13 സ്കൂളുകൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയ്ക്കായി ഓരോ ലക്ഷം വീതം ധനസഹായം നൽകുക എന്നതാണ് മേൽ പ്രോജക്ട് പ്രകാരം ലക്ഷ്യമിട്ടിരുന്നത്. 13 സ്കൂളുകൾക്കുള്ള തുക താഴെ പ്പറയും പ്രകാരം 30.3.16 ൽ ഡി.ഡി യായി കൈവശം വച്ചിരിക്കുന്നു.

| ക്രമ നം | സ്കൂൾ | ഡിഡി നമ്പർ |
|---|---|---|
| 1 | GVHSS മച്ചാട് | 672142/30.3.16 |
| 2 | GSMTHSS പഴഞ്ഞി | 672143/30.3.16 |

| | | |
|---|---|---|
| 3 | GVHSS ചേലക്കര | 672144/30.3.16 |
| 4 | GHS കൊടകര | 672145/30.3.16 |
| 5 | GVHSS കടപ്പുറം | 672146/30.3.16 |
| 6 | GVHSS തളിക്കുളം | 672147/30.3.16 |
| 7 | GVHS നന്തിക്കര | 672148/30.3.16 |
| 8 | GVHS പുത്തൂർ | 672149/30.3.16 |
| 9 | GVHS പട്ടിക്കാട് | 672150/30.3.16 |
| 10 | GVHS എരുമപ്പെട്ടി | 672151/30.3.16 |
| 11 | CMGHSS കുറ്റൂർ | 672152/30.3.16 |
| 12 | GHS ചെമ്പുച്ചിറ | 672153/30.3.16 |
| 13 | GMHS ചാമക്കാല | 672154/30.3.16 |

ആയതിൽ പുത്തൂർ ജി.വി.എച്ച്.എസ്., പട്ടിക്കാട് ഹൈസ്കൂൾ എന്നിവ മാത്രമാണ് തുക കൈപ്പറ്റിയിരിക്കുന്നത് .

അപാകതകൾ

സ.ഉ. 3/12,തസ്വഭവ 2.1.12 ഉത്തരവ് അനുസരിച്ച് ഒരു സ്കൂളിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും പരമാവധി 50000 രൂപ നൽകാനാണ് അനുമതിയുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി മേൽപദ്ധതി പ്രകാരം ഓരോ സ്കൂളിലേക്കും ഒരു ലക്ഷം വീതം വികസനഫണ്ടിൽ (പൊതുവിഭാഗം)നിന്നും വകയിരുത്തി ചെലവഴിച്ചിരിക്കുന്നു.

31/12 ഫിൻ സർക്കുലർ തീയതി 2.6.12 (ഖണ്ഡിക 4)പ്രകാരം ഡിഡി എടുത്ത് 5ദിവസത്തിനകം കൈമാറണമെന്നും അല്ലാത്ത പക്ഷം 12% വാർഷിക പലിശ നിരക്കിൽ പിഴ കണക്കാക്കി ഉത്തരവാദിയിൽ നിന്നും ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 12.4.06ലെ 177/06 ഖണ്ഡിക 8.3 പ്രകാരം വിതരണം ചെയ്യാനാകാത്ത ഡിഡികൾ 30 ദിവസത്തിനകം തിരിച്ചടവാക്കേണ്ടതാണ്.എന്നാൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.വിതരണം ചെയ്യാത്ത ഡിഡികൾ 30.3.16 മുതൽ 24.5.17 വരെ കൈവശം സൂക്ഷിച്ചതിനാൽ 421 ദിവസത്തേക്ക് പിഴപ്പലിശയിനത്തിൽ 152252 രൂപ (1100001x12x421/365x100=152252) ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 സമഗ്ര വിദ്യാഭ്യാസ പദ്ധതി -ചെലവു തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ - soo93/16

അടങ്കൽ - 4923000

ചെലവ് - 2442032

നിർവ്വഹണ ഉദ്യോഗസ്ഥൻ - വിദ്യാഭ്യാസ ഉപഡയറക്ടർ

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തിനു കീഴിലുള്ള വിവിധ സ്കൂളുകളിൽ അധികസമയപഠനം, വിജ്ഞാനോത്സവം , പുരസ്കാരദിനം, ടീച്ചേഴ്സ് ഡേ എന്നിവയാണ് നടത്തിയിരിക്കുന്നത്.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.അധികസമയപഠനം

ബിൽനമ്പർ - 49/15-16/31.3.16, തുക – 20,77,032/-രൂപ

ജില്ലാപഞ്ചായത്തിനു കീഴിലുള്ള വിവിധ സ്കൂളുകളിൽ SSLC, +2, VHSE എന്നിവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പൊതു പരീക്ഷയിൽ ഉന്നതവിജയം നേടുന്നതിന് അധികസമയ പാഠനക്ലാസ്സുകൾ നടത്തിയതനുബന്ധിച്ച് വന്ന റിഫ്രഷ്മെന്റ് ചെലവുകൾക്ക് വന്ന ക്യാഷ് നൽകുകയാണ് ചെയ്തിരിക്കുന്നത്.

അപാകതകൾ

എ) താഴെ പറയുന്ന സ്കൂളുകൾ ചെലവുരേഖകൾ, അറ്റൻഡൻസ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

| സ്കൂളിന്റെ പേര് | നല്കിയ തുക |
|---|---|
| GHSS അളഗപ്പനഗർ | 10320 |
| GHSS ചായ്പൻകുഴി | 28080 |
| SMTHS ചേലക്കര | 90240 |
| GHS ചെമ്പുച്ചിറ | 26880 |
| GHSS ചെറുതുരുത്തി | 35760 |
| GHS ദേശമംഗലം | 57120 |
| GHS ഐരാണിക്കുളം | 7440 |
| GHS കുഴൂർ | 10320 |
| CMGH കുറ്റൂർ | 37920 |
| GHSS കൊച്ചന്നൂർ | 22560 |
| GHSS മുല്ലശ്ശേരി | 17040 |
| GHSSനന്തിക്കര | 29760 |
| GHSS പെരിങ്ങോട്ടുകര | 12480 |
| GVHSS പുത്തൻചിറ | 25920 |
| GHS പുതുക്കാട് | 4560 |
| GHSS പീച്ചി | 31200 |
| GHS തയ്യൂർ | 12240 |
| GHS വാടാനപ്പള്ളി | 19680 |
| GHSS വരവൂർ | 64320 |
| GHSS വടക്കാഞ്ചേരി | 12000 |
| GHSS ചായ്പൻകുഴി | 10800 |
| SMTHSS ചേലക്കര | 52800 |
| GHS കരുപ്പടന്ന | 24480 |
| GHSS നന്തിക്കര | 37920 |
| GHSS പെരിങ്ങോട്ടുകര | 19200 |
| GHSS പട്ടിക്കാട് | 14400 |
| CMGH കുറ്റൂർ | 16560 |
| GHS മുപ്ലിയം | 27840 |
| GHSS വടക്കാഞ്ചേരി | 11280 |
| GHSS അളഗപ്പനഗർ | 34320 |
| GVHS നന്തിക്കര | 11664 |
| GVHS പുത്തൂർ | 12720 |
| GVHS വടക്കാഞ്ചേരി | 15456 |
| GVHS കടപ്പുറം | 9840 |
| GVHS തിരുവില്വാമല | 13440 |

ബി) തുക നൽകിയ താഴെ പ്പറയുന്ന 82 സ്കൂളുകളും തുക കൈപ്പറ്റിയതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്കൂൾ | തുക |
|---|---|---|
| 1 | GHSSഅളഗപ്പനഗർ | 10320 |
| 2 | GHSSചായ്പൻകുഴി | 28080 |
| 3 | GHSS ചാമക്കാല | 12480 |
| 4 | SMTHSSചേലക്കര | 90240 |

| | | |
|---|---|---|
| 5 | GHS ചെമ്പുച്ചിറ | 26880 |
| 6 | GHSS ചേർപ്പ് | 25680 |
| 7 | GHSSചെറുതുരുത്തി | 35760 |
| 8 | GHS ദേശമംഗലം | 57120 |
| 9 | GHSSഎരുമപ്പെട്ടി | 144000 |
| 10 | GHSS എടവിലങ്ങ് | 15600 |
| 11 | G KVHSSഎറിയാട് | 23040 |
| 12 | GHSS എളവള്ളി | 9840 |
| 13 | GHSഐരാണിക്കുളം | 7440 |
| 14 | GFHSSകയ്പമംഗലം | 35520 |
| 15 | GHSകരൂപ്പടന്ന | 24480 |
| 16 | GHS കണ്ണാട്ടുപാടം | 5520 |
| 17 | GHS കുഴൂർ | 10320 |
| 18 | CMGH കുറ്റൂർ | 37920 |
| 19 | GHSSകടവല്ലൂർ | 26880 |
| 20 | GNBHSS കൊടകര | 18960 |
| 21 | GHSSകൊച്ചന്നൂർ | 22560 |
| 22 | GHS കണ്ടശ്ശാംകടവ് | 18480 |
| 23 | GHSകാട്ടൂർ | 12960 |
| 24 | GHSS കട്ടിലപ്പൂവം | 10560 |
| 25 | GHSS മണലൂർ | 19920 |
| 26 | GHS മേലഡൂർ | 24240 |
| 27 | GHS മുപ്ലിയം | 30720 |
| 28 | GHSS മുല്ലശ്ശേരി | 17040 |
| 29 | GHS മരത്താംകോട് | 25680 |
| 30 | GHSSമച്ചാട് | 35760 |
| 31 | GHSS നന്തിക്കര | 29760 |
| 32 | GFHSS നാട്ടിക | 35280 |
| 33 | GHSS നടവരമ്പ് | 27320 |
| 34 | GHS പഴഞ്ഞി | 7200 |
| 35 | GHSS പെരിങ്ങോട്ടുകര | 12480 |
| 36 | GVHSS പുത്തൻചിറ | 25920 |
| 37 | GHSS പട്ടിക്കാട് | 14400 |
| 38 | GHS പുതുക്കാട് | 4560 |
| 39 | GVHSS പുത്തൂർ | 12000 |
| 40 | GHSSപാഞ്ഞാൾ | 49440 |
| 41 | GHS പഴയന്നൂർ | 89600 |
| 42 | GHSSകൊടകര | 16320 |
| 43 | GHSS പീച്ചി | 31200 |
| 44 | GHSതാന്ന്യം | 3456 |
| 45 | GHSതിരുവില്വാമല | 55440 |
| 46 | GHSതയ്യൂർ | 12240 |

| | | |
|---|---|---|
| 47 | GVHSS തളിക്കുളം | 24240 |
| 48 | സർവോദയ HSS തൃക്കൂർ | 39120 |
| 49 | GVHSS വേലൂർ | 10856 |
| 50 | GHS വാടാനപ്പള്ളി | 19680 |
| 51 | GVHSSവലപ്പാട് | 16320 |
| 52 | GHSവെറ്റിലപ്പാറ | 7920 |
| 53 | GHSSവരവൂർ | 64320 |
| 54 | GHSSവടക്കാഞ്ചേരി | 12000 |
| 55 | GGHSവടക്കാഞ്ചേരി | 70080 |
| 56 | GHSSചായ്പൻകുഴി | 10800 |
| 57 | SMTHSSചേലക്കര | 52800 |
| 58 | GHSS എടവിലങ്ങ് | 3600 |
| 59 | GHSകരൂപ്പടന്ന | 24480 |
| 60 | GHSമേലഡൂർ | 19200 |
| 61 | GHSSമച്ചാട് | 9600 |
| 62 | GHSSനന്തിക്കര | 37920 |
| 63 | GFHSS നാട്ടിക | 24720 |
| 64 | GHSS നടവരമ്പ് | 42720 |
| 65 | GHSSപെരിങ്ങോട്ടുകര | 19200 |
| 66 | GHSS പട്ടിക്കാട് | 14400 |
| 67 | GFHSS കയ്പമംഗലം | 31680 |
| 68 | CMGHകുറ്റൂർ | 16560 |
| 69 | GHSമുപ്ലിയം | 27840 |
| 70 | GHSSവടക്കാഞ്ചേരി | 11280 |
| 71 | GHSSഅളഗപ്പനഗർ | 34320 |
| 72 | സർവോദയHSS തൃക്കൂർ | 18080 |
| 73 | GVHSS നടവരമ്പ് | 14400 |
| 74 | GVHSS പുതുക്കാട് | 12960 |
| 75 | GVHSS നന്തിക്കര | 11664 |
| 76 | GVHSS പുത്തൂർ | 12720 |
| 77 | GVHSS വടക്കാഞ്ചേരി | 15456 |
| 78 | GVHSS കടപ്പുറം | 9840 |
| 79 | GVHSS കയ്പമംഗലം | 12960 |
| 80 | GVHSS പഴഞ്ഞി | 7200 |
| 81 | GVHSS തിരുവില്വാമല | 13440 |
| 82 | GVHSS ദേശമംഗലം | 12000 |

സി) <u>അറ്റൻഡൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല</u>

താഴെ പ്പറയുന്ന സ്കൂളുകളിൽ നിന്നും ചെലവു വൗച്ചറുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും അറ്റൻഡൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ എത്ര കുട്ടികൾ പങ്കെടുത്തുവെന്നോ എത്ര ദിവസം ക്ലാസ്സുകൾ നടത്തിയെന്നോ സംബന്ധിച്ച വിവരം ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല.

| സ്കൂൾ | തുക |
|---|---|

| | |
|---|---|
| GHSSപെരിങ്ങോട്ടുകര | 12480 |
| GHSS കട്ടിലപ്പൂവം | 10560 |
| GHSS മച്ചാട് | 35760 |
| GHS വെറ്റിലപ്പാറ | 7920 |
| GVHSS പുത്തൻചിറ | 25960 |

സബ്സിഡി മാർഗരേഖ ജി.ഓ.(എം.എസ്) 362/13 തീയതി 16.11.13 അനുബന്ധം 1 ലെ സെക്ഷൻ 10(1) അനുസരിച്ച് ജില്ലാ പഞ്ചായത്ത് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന HIV അണുബാധിതർക്ക് പോഷകാഹാരം നൽകുന്നതിനുള്ള ഭക്ഷണ വിതരണ പരിപാടികൾ മാത്രമേ ഏറ്റെടുക്കാവൂ എന്ന നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിക്കാതെയാണ് മേൽ പ്രകാരം റിഫ്രെഷ് മെന്റ് ഇനത്തിൽ തുക നൽകിയിട്ടുള്ളത്.

2.പുരസ്കാരദിനം

ബിൽനമ്പർ - 7/15-16 /22.9.15

തുക - 300000/-

എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ SSLC, വിദ്യാർത്ഥികളെ അനുമോദിക്കുകയും ട്രോഫി വിതരണം ചെയ്യുകയുമാണ് ചെയ്തിരിക്കുന്നത് .

3.വിജ്ഞാനോത്സവം

ബിൽനമ്പർ - 31/15-16 /11.3.16

തുക - 50000/-

വിജ്ഞാനോത്സവം നടത്തിപ്പിനായി 50000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും വിവിധ സ്കൂളുകളിൽ വിജ്ഞാനോത്സവം നടത്തുന്നതിനാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളതെന്ന് കാണുന്നു. എന്നാൽ വിജ്ഞാനോത്സവം നടത്തിയതിന്റെ രേഖകൾ, കുട്ടികൾ പങ്കെടുത്തതിന്റെ വിവരം, സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ വിവരം, തുക, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4.ടീച്ചേഴ്സ് ഡേ

ബിൽനമ്പർ - 30/15-16 /11.3.16

തുക - 15000/-

5.9.15 ന് തൃശ്ശൂർ ടൗൺഹാളിൽ വച്ച് നടന്ന അദ്ധ്യാപക ദിനാഘോഷത്തിനായി 15000രൂപ ചെലവഴിച്ചിട്ടുണ്ട്. (ഡിഡി നമ്പർ.670848/15.3.16). പദ്ധതിയിലുൾപ്പെടുത്തി പുരസ്കാരദിനം, വിജ്ഞാനോത്സവം, അദ്ധ്യാപകദിനാചരണം എന്നീ ഇനങ്ങൾക്ക് തുക ചെലവഴിച്ചത് നിയമാനുസൃതമല്ല

ജി.ഒ.(എം.എസ്) 362/13/16.11.13 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.7പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്കരണ ക്യാമ്പയിനുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ-പഠനയാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി, വികേന്ദ്രീകൃത കോർഡിനേഷൻ കമ്മറ്റിയുടെ ശുപാർശ എന്നിവ ആവശ്യമാണ്. ആയതിനാൽ സർക്കാർ അനുമതി, വിനിമയ സാക്ഷ്യപത്രം, മറ്റു രേഖകൾ എന്നിവ ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക 24,42,032/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-13** കലാ കായിക സാംസ്കാരിക സമുച്ചയം-സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം-ചെലവു തുക**2943400** രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണഉദ്യോഗസ്ഥൻ - വിദ്യാഭ്യാസ ഉപഡയറക്ടർ

പദ്ധതി നമ്പർ - so92/16

അടങ്കൽ - 4100000/-

ചെലവ് - 3793400/-

<u>ചെലവുവിവരം</u>

| ട്രഷറി ബിൽ നമ്പർ തീയതി | തുക |
|---|---|
| 1/15-16/20.8.15 | 1000000 |
| 2/15-16/20.8.15 | 35000 |
| 3/15-16/20.9.15 | 25000 |
| 4/15-16/25.8.15 | 200000 |
| 5/15-16/25.8.15 | 25000 |
| 6/15-16/25.8.15 | 20000 |
| 8/15-16/16.9.15 | 25000 |
| 11/15-16/17.11.15 | 50000 |
| 12/15-16/17.11.15 | 294900 |
| 14/15-16/21.11.15 | 100000 |
| 16/15-16/4.1.16 | 100000 |
| 26/15-16/11.3.16 | 75000 |
| 27/15-16/11.3.16 | 100000 |
| 28/15-16/11.3.16 | 100000 |
| 29/15-16/11.3.16 | 30000 |
| 32/15-16/11.3.16 | 50000 |
| 33/15-16/11.3.16 | 100000 |
| 36/15-16/19.3.16 | 100000 |
| 37/15-16/19.3.16 | 25000 |
| 38/15-16/19.3.16 | 10000 |
| 39/15-16/19.3.16 | 50000 |
| 40/15-16/19.3.16 | 75000 |
| 44/15-16/29.3.16 | 1000000 |
| 46/15-16/30.3.16 | 25000 |
| 47/15-16/29.3.16 | 48500 |
| 50/15-16/31.3.16 | 100000 |
| 51/15-16/31.3.16 | 30000 |

സാംസ്കാരികസദസ്സുകൾ, ഉത്സവങ്ങൾ, കലാകായിക പ്രോത്സാഹനം, വള്ളംകളി തുടങ്ങിയ ഉപപദ്ധതികൾ ഉൾപ്പെടുത്തിയാണ് കലാകായിക സാംസ്കാരിക സമുച്ചയം എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ജില്ലയിലെ താഴെപ്പറയുന്ന കലാകായിക സാംസ്കാരിക പരിപാടികൾക്ക് ധനസഹായം നൽകുന്നതിനാണ് തുക പിൻവലിച്ചിരിക്കുന്നത്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ സാംസ്കാരികപരിപാടികളുടെ പേര് | തുക |
|---|---|---|
| 1 | കണ്ടശ്ശാംകടവ് ജലോത്സവം | 2000000 |
| 2 | ടാസ് നാടകോത്സവം | 25000 |

| | | |
|---|---|---|
| 3 | 10th ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവൽ | 35000 |
| 4 | ഡി-സോൺ ഫെസ്റ്റ് കാലിക്കറ്റ് യൂണിവേഴ്സിറ്റി | 200000 |
| 5 | കാരുണ്യ ചാരിറ്റബിൾ സൊസൈറ്റി | 25000 |
| 6 | അയ്യപ്പൻ നാടൻ കലാസമിതി ആട്ടോർ | 20000 |
| 7 | കട്ടപ്പുറം ഗ്രാമീണ വായനശാല ,നാടൻ കലോത്സവം | 25000 |
| 8 | സഹൃദയ ചാരിറ്റബിൾ സൊസൈറ്റി വേളൂക്കര | 50000 |
| 9 | തരംഗിണി ആർട്ട്സ് സൊസൈറ്റി ,അത്താണി | 100000 |
| 10 | പ്രസ്സ് ക്ലബ്ബ് കുന്നംകുളം | 100000 |
| 11 | ജനഭേരി ഫിലിംഫെസ്റ്റ് | 75000 |
| 12 | തൃശ്ശൂർ ആർട്ട്സ് സൊസൈറ്റി നാടകോത്സവം | 100000 |
| 13 | സമീക്ഷ കൾച്ചറൽ ആന്റ് സോഷ്യൽ ഓർഗനൈസേഷൻ | 30000 |
| 14 | ഹാഷ്മി കലാവേദി വായനശാല നാടകോത്സവം | 50000 |
| 15 | 11th ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ | 100000 |
| 16 | പ്രസ്സ് ക്ലബ്ബ് വടക്കാഞ്ചേരി | 100000 |
| 17 | വാദിക നാടകരാവ് | 25000 |
| 18 | ഹോട്ട് ഗൈസ് വെൽഫെയർഓർഗനൈസേഷൻ | 100000 |
| 19 | ഉദിമാനം നാടൻ കലാസംഘം | 10000 |
| 20 | ഗ്രാമിക കുഴിക്കാട്ടുശ്ശേരി | 50000 |
| 21 | ഫ്രണ്ട്സ് ആർട്ട്സ് സൊസൈറ്റി നാടകോത്സവം | 75000 |
| 22 | നാടൻകലാ പ്രദർശനം DTPC | 48500 |
| 23 | ദേശാഭിമാനി കലാ കായിക സാംസ്കാരികവേദി ആന്റ് പബ്ലിക് ലൈബ്രറി എടക്കളത്തൂർ നാടകോത്സവം | 25000 |
| 24 | കാരുണ്യ ചാരിറ്റബിൾ സൊസൈറ്റി നാടകോത്സവം | 30000 |

| | | |
|---|---|---|
| 25 | പഞ്ചവാദ്യക്ലബ്ബ് | 294900 |
| 26 | പ്രസ്സ് ക്ലബ്ബ്, കാഞ്ഞാണി | 100000 |
| | | 3793400 |

(ക്രമനമ്പർ 1.കണ്ടശ്ശാംകടവ് ജലോത്സവത്തിന് 2014-15,2015-16 സാമ്പത്തികവർഷങ്ങളിലായി ആകെ 2000000 രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 3.3.16ലെ നമ്പർ 60 / ഡി ബി 1 /16 തസ്വഭവ ഉത്തരവ് പ്രകാരം ആയതിൽ 2015-16 വർഷത്തിൽ 1000000 രൂപ ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട് .

<u>അപാകതകൾ</u>

1. കേരളാ പഞ്ചായത്ത് രാജ് ആക്ട് 173-ാം വകുപ്പ് 1-ാം ഉപവകുപ്പ് പട്ടിക 5 പ്രകാരം കലാ കായിക സാംസ്കാരിക പരിപാടികൾക്ക് ധനസഹായം നൽകുക എന്നത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നില്ല. പദ്ധതി മാർഗ്ഗരേഖ സ.ഉ.(എം.എസ്) 362/13 തീയതി 16.11.13 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങൾക്കായിരിക്കണം പദ്ധതി രൂപീകരണത്തിൽ മുൻഗണന നൽകേണ്ടത്. ഖണ്ഡിക 7.7ൽ ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്കരണ ക്യാമ്പയിനുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ-പഠനയാത്രകൾ, സമ്മേളനങ്ങൾ ആദരിക്കൽ തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല.

ഫയൽപരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ

1.കണ്ടശ്ശാംകടവ് ജലോത്സവം ( 2000000 രൂപ), ടാസ് നാടകോത്സവം, $10^{th}$ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, ഡി-സോൺ ഫെസ്റ്റ്, കാരുണ്യ ചാരിറ്റബിൾ സൊസൈറ്റി, അയ്യപ്പൻ നാടൻ കലാ സമിതി ആട്ടോർ, കട്ടപ്പുറം ഗ്രാമീണവായനശാല നാടൻ കാലോത്സവം, സഹൃദയ ചാരിറ്റബിൾ സൊസൈറ്റി വേളൂക്കര, തരംഗിണി ആർട്ട്സ് സൊസൈറ്റി അത്താണി,പ്രസ്സ് ക്ലബ്ബ് കുന്നംകുളം ,ജനഭേരി ഫിലിം ഫെസ്റ്റ് ,തൃശ്ശൂർ ആർട്ട്സ് സൊസൈറ്റി നാടകോത്സവം ,സമീക്ഷ കൾച്ചറൽ ആന്റ് സോഷ്യൽ ഓർഗനൈസേഷൻ,ഹാഷ്മി കലാവേദി വായനശാല നാടകോത്സവം, $11^{th}$ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, പ്രസ്സ് ക്ലബ്ബ് വടക്കാഞ്ചേരി, വാദികനാടകരാവ്, ഹോട്ട്ഗൈസ് വെൽഫെയർ ഓർഗനൈസേഷൻ, ഉദിമാനം നാടൻ കലാസംഘം, ഗ്രാമിക കുഴിക്കാട്ടുശ്ശേരി, ഫ്രണ്ട്സ് ആർട്ട്സ് സൊസൈറ്റി നാടൻകലോത്സവം, നാടൻ കലാപ്രദർശനം DTPC, ദേശാഭിമാനി കലാകായിക സാംസ്കാരിക വേദി ആന്റ് പബ്ലിക്ക് ലൈബ്രറി എടക്കളത്തൂർ നാടകോത്സവം, കാരുണ്യ ചാരിറ്റബിൾ സൊസൈറ്റി നാടകോത്സവം, പഞ്ചവാദ്യ ക്ലബ്ബ് എന്നിവയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി, വികേന്ദ്രീകൃത കോർഡിനേഷൻ കമ്മറ്റിയുടെ ശുപാർശ എന്നിവ ആവശ്യമാണ്. ആയതിനാൽ സർക്കാർ അനുമതി ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക 2943400 രൂപ (ആകെ ചെലവ് 3943400 രൂപയിൽ അനുമതി ലഭിച്ച 1000000 രൂപ ഒഴിച്ച്) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-14** <u>ചൂണ്ടൽ, മുല്ലശ്ശേരി ഡിവിഷനുകളിലെ കലാ സാംസ്കാരിക പരിപാടി - സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം -**992097** രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു</u>

പ്രോജക്ട് നമ്പർ - so 538/16

അടങ്കൽ - 1700000

ട്രഷറി ബിൽ നമ്പർ - 15/15-16/21.11.15

തുക - 992097/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

മേൽ പ്രോജക്ട് പ്രകാരം മുല്ലശ്ശേരി ഡിവിഷനകളിലെ 21വായനശാലകൾക്ക് അലമാര, 50 വായനശാലകൾക്ക് 10 പ്ലാസ്റ്റിക് കസേരകൾ വീതം, തെരഞ്ഞെടുത്ത 41 ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് എന്നിവ M/s സ്റ്റീൽ ഇൻഡസ്ട്രീസ് അവിണിശ്ശേരിയിൽ നിന്ന് ഇൻവോയ്സ് നം. 135/06.10.15 പ്രകാരം 916547 രൂപയ്ക്കും 1 ലൈബ്രറിയ്ക്ക് LCD പ്രൊജക്ടർ M/s ബൈനറി സിസ്റ്റംസ്, അടിയാട്ട് ലെയിൻ പൂത്തോളിൽ നിന്നും Invoice No. BIN/420/15-16 /01.10.15 പ്രകാരം 75550 രൂപയ്ക്കും വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്.

കേരളാ പഞ്ചായത്ത് രാജ് ആക്ട് 173-ാം വകുപ്പ് 1-ാം ഉപവകുപ്പ് പട്ടിക 5 പ്രകാരം കലാ കായിക സാംസ്കാരിക പരിപാടികൾക്ക് ധനസഹായം നൽകുക എന്നത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നില്ല

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

എ)അലമാര നൽകിയ 21വായനശാലകളിൽ താഴെപ്പറയുന്നവയ്ക്ക് കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ഉള്ളതായി കാണുന്നില്ല.

1.യുവജന വായനശാല , ഊരകം

2.കലാമുറ്റം വായനശാല, പാവറട്ടി

3.സമന്വയ വായനശാല അന്നകര

ബി)10 പ്ലാസ്റ്റിക് ചെയർ വീതം നൽകിയ താഴെ പ്പറയുന്ന വായനശാലകൾ/ക്ലബ്ബുകൾ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

1. യുവജന വായനശാല ,ഊരകം

2.കലാമുറ്റം വായനശാല,പാവറട്ടി

3.സമന്വയ വായനശാല അന്നകര

4.മാസ്സ് റിക്രിയേഷൻ ക്ലബ്ബ് പാടൂർ ,തൃശ്ശൂർ

5.സ്നേഹദീപം ക്ലബ്ബ്, തൊയക്കാവ്

സി)സ്പോർട്ട്സ് കിറ്റ് നൽകിയ താഴെ പ്പറയുന്നവ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

1.മാസ്സ് റിക്രിയേഷൻ ക്ലബ്ബ്, പാടൂർ ,തൃശ്ശൂർ

2.സ്നേഹദീപം ക്ലബ്ബ് തൊയക്കാവ്

3.സിൻസിയർ ക്ലബ്ബ് അന്നകര

4.പ്രിയദർശിനി വനിതാ ക്ലബ്ബ്

5.യൂത്ത് സെന്റർ പെരുവല്ലൂർ

6.സ്വതന്ത്ര കലാസമിതി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്

7. കെ.ആർ.പി .സ്മാരക ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, പേനകം

8.പബ്ലിക് ലൈബ്രറി, പാവറട്ടി

9സി.എസ്.മെമ്മോറിയൽ ലൈബ്രറി, മുല്ലശ്ശേരി

10.മിനർവ ആർട്ട്സ് സ്പോർസ് ക്ലബ്ബ് ,മനക്കടവ്

ഡി) പബ്ലിക് ലൈബ്രറി പാവറട്ടിയ്ക്ക് ഒരു LCD പ്രൊജക്ടർ നൽകിയിട്ടുണ്ട്. ജി.ഒ (ആർ.ടി ) 2148/14തസ്വഭവ തീയതി 19.8.14 പ്രകാരം ഗ്രന്ഥശാല സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വായനശാലകൾക്ക് ഫർണ്ണീച്ചർ ,പുസ്തകങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനു മാത്രമാണ് ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരിക്കുന്നത്.

2015-16 സാമ്പത്തികവർഷത്തിലേയ്ക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ 362/13 തീയതി 16.11.13 യ്ക്ക്

വിരുദ്ധമായി തുക ചെലവഴിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ,വികേന്ദ്രീകൃത കോർഡിനേഷൻ കമ്മറ്റിയുടെ ശുപാർശ എന്നിവ ആവശ്യമാണ് . സർക്കാർ അനുമതി ലഭ്യമാകാതെ തുക ചെലവഴിച്ചതിനാൽ അനുമതി ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക 992097 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 ജൈവമാലിന്യ നിർമാർജനം - ഇമേജിൽ നിന്നുള്ള കൈപ്പറ്റ് രശീതി ഇല്ല

പ്രോജക്റ്റ് നമ്പർ - 96/ 16 - ജൈവമാലിന്യ നിർമാർജനം
അടങ്കൽ - 200000 (മെയിന്റനൻസ് ഗ്രാന്റ് , നോൺ റോഡ് )
ചെലവ് - 139825 രൂപ
നിർവഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട് , ജില്ലാ ആശുപത്രി , വടക്കാഞ്ചേരി

2015-16 വർഷത്തിൽ ആശുപത്രിയിലെ ജൈവമാലിന്യ നിർമാർജനം ചെയ്യുന്നതിനായി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ആശുപത്രിയിലെ ബയോമെഡിക്കൽ വേസ്റ്റ് നിർമാർജനം ചെയ്യുന്നതിനുള്ള ഈ പദ്ധതിയ്ക്കായി ഇമേജ് എന്ന സംഘടനയ്ക്ക് തുക കൈമാറിയതിന്റെ കൈപ്പറ്റ് രശീതി ഇല്ല.

തുക ചെലവഴിച്ചതിന്റെ വിശദവിവരം :
1.CB No.2/15-16, 4.9.15 , 59549രൂപ - (ടാക്സ്-1203)
2.CB No.8/15-16, 2.3.16 , 40467 രൂപ -(ടാക്സ്- 817)
3.CB No 10/15-16, 30.3.16 , 39809 രൂപ

ഇമേജിന് ആകെ 137805 രൂപ (2020 ടാക്സ് പിടിച്ചിട്ടുണ്ട്.) നല്കിയതിൽ 98245 രൂപയുടെ കൈപ്പറ്റ് രശീതി മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഇമേജിനു നല്കിയ ബാക്കി തുക 39650 (817 രൂപ ടാക്സ് ഒഴികെയുള്ള തുക) രൂപ സ്ഥാപനത്തിന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-16 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പദ്ധതിയുടെ പേര് | തുക | ബിൽ നം./ ഡി.ഡി.നം./ തിയതി | കൈപറ്റിയത്. |
|---|---|---|---|---|---|
| 1 | 642/16 | പടിയൂർ ഗ്രാമപഞ്ചായത്ത് മാരാംകുളം കുടിവെള്ള പദ്ധതി | 23,00,000/- | ഡി.ഡി.നം 18389/ 01.02.16 | കേരള വാട്ടർ അതോറിറ്റി,പി.എച്ച്. ഡിവിഷൻ, ഇരിങ്ങാലക്കുട. |

| | | | | | |
|---|---|---|---|---|---|
| 2 | 63/16 | അടാട്ട് ഗ്രാമപഞ്ചായത്ത് കെ.ആർ.നാരായണൻ മെമ്മോറിയൽ കമ്മ്യൂണിറ്റി ഹാൾ നവീകരണം. | 20,00,000/- | ബിൽ നം. 305/15-16/ 03.08.15 | സെക്രട്ടറി, അടാട്ട് ഗ്രാമപഞ്ചായത്ത് |
| 3 | 82/16 | വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് എങ്കക്കാട് ഗ്യാസ് ക്രിമിറ്റോറിയം | 8,00,000/- | ഡി.ഡി.നം 567663/ 19.09.15 | സെക്രട്ടറി, വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് |
| 4 | 662/16 | കടപ്പുറം ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ നീട്ടൽ | 25,00,000/- | ഡി.ഡി.നം 671512/ 22.03.16 | സെക്രട്ടറി, കടപ്പുറം ഗ്രാമപഞ്ചായത്ത് |
| 5 | 219/16 | ചൂണ്ടൽ ഗ്രാമപഞ്ചായത്ത്- കേച്ചേരി-ദുബായ് റോഡ് | 22,50,000/- | ഡി.ഡി.നം 567860/ 30.9.2015 | സെക്രട്ടറി, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് |
| 6 | 70/16 | കൈപറമ്പ് ഗ്രാമപഞ്ചായത്ത് മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം. | 40,00,000/- | ഡി.ഡി.നം 117940/ 16.1.16 | സെക്രട്ടറി, |
| ആകെ | | | 1,38,50,000/- | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ മേൽപ്രകാരം നടത്തിയ ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന വിവിധ പ്രോജക്ടുകൾ, ഫയൽ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റിൽ ലഭ്യമാക്കിയ പദ്ധതി ചെലവു പത്രിക പ്രകാരം താഴെ പറയുന്ന ഇനങ്ങൾക്കായി 1,09,45,745/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|---|
| 1 | 6/16 | എളവള്ളി ഹയർ സെ.സ്കൂൾ അറ്റകുറ്റപണി | 11,72,459 |
| 2 | 13/16 | കൊടകര ജി.എച്ച്.എസ്.അറ്റകുറ്റപണി | 11,96,834 |
| 3 | 20/16 | നാട്ടിക ജി.എഫ്.എച്ച്.എസ്.അറ്റകുറ്റപണി | 11,82,784 |
| 4 | 43/16 | വേലൂർ ആർ.എച്ച്.ആർ.വി.എച്ച്.എസ്.എസ്.അറ്റകുറ്റപണി | 11,96,834 |
| 5 | 56/16 | കൊടകര ജി.എച്ച്.എസ്.എസ്.അറ്റകുറ്റപണി | 11,96,834 |
| 6 | 61/16 | എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ. | 50,00,000 |
| | | ആകെ | 1,09,45,745 |

ചെലവ് രേഖകളുടെ അഭാവത്തിൽ 1,09,45745/-തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 അഴീക്കോട് കടവിൽ ജങ്കാർ സ്ഥാപിക്കുന്നതിന് ബൊല്ലാർഡ് പോൾ സ്ഥാപിക്കുന്നത്- നടപ്പാക്കാത്ത പദ്ധതിക്കുവേണ്ടി തുക പിൻവലിച്ച് കൈവശം വച്ചത്-ഉത്തരവാദികളിൽ നിന്നും പിഴ പലിശ ഈടാക്കണം.

എറിയാട് ഡിവിഷനിൽപ്പെട്ട അഴീക്കോട് കടവിൽ ജങ്കാർ അടുപ്പിക്കുന്നതിന് 22.08.13ന് സ്ഥാപിച്ച കുറ്റി (ബൊല്ലാർഡ് പോൾ) തകർന്നതിനെ തുടർന്ന് 12,15,691/- രൂപ ചെലവഴിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പുതിയ കുറ്റി (ബൊല്ലാർഡ് പോൾ) സ്ഥാപിച്ചിരുന്നു. എന്നാൽ പ്രവൃത്തി സംബന്ധിച്ച് ജില്ലാ പഞ്ചായത്തിന്റെ കൺസൾട്ടന്റായ റിട്ട. ചാർട്ടേഡ് മറൈൻ എഞ്ചിനീയർ നടത്തിയ സ്ഥലപരിശോധനാ റിപ്പോർട്ടിൽ കുറ്റി സ്ഥാപിച്ചതിന്റെ സ്ഥാനം മാറിയതായി റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം പരിശോധിക്കുന്നതിനായി 30.07.15ന് DPT A3-6276/13 കത്തു പ്രകാരം ചീഫ് ടെക്നിക്കൽ എക്സാമിനർ ധനകാര്യ (ഇൻസ്പെക്ഷൻ ടെക്നിക്കൽ വിംഗ്) വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. (ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്.)

ജില്ലാ പഞ്ചായത്ത് 27.5.15ലെ DPT/A3/4000/14 കത്തിൽ ആവശ്യപ്പെട്ട പ്രകാരം ഇരുകരകളിലും ബൊല്ലാർഡ് പോൾ സ്ഥാപിക്കുന്നതിന് 29 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (EKM) നം. D2/1069/15തിയ്യതി 15.06.15 കത്ത് പ്രകാരം ജില്ലാപഞ്ചായത്തിനെ അറിയിച്ചു. തുടർന്ന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തനതു ഫണ്ടിൽ നിന്നും പ്രോജക്ട് നം. 678/16 പ്രകാരം തുക വകയിരുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നൽകുന്നതിനായി DD No. 118186/27.12.16 പ്രകാരം 29 ലക്ഷം രൂപയുടെ DD എടുക്കുകയുണ്ടായി. എന്നാൽ നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ H.E.(Ekm) ആയി കരാറിൽ ഏർപ്പെടാൻ കഴിയാത്തതിനാൽ DD റദ്ദു ചെയ്യുന്നതിന് 12.05.16ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 5(3) നമ്പറായി തീരുമാനിച്ച് സെക്രട്ടറിയെ ചുമതലപ്പെടുത്തി. 27.01.16ന് DD എടുത്ത തുക മേൽ തീരുമാന പ്രകാരം 31.05.16ന് ജില്ലാ പഞ്ചായത്തിന്റെ (27/STSB നമ്പർ അക്കൗണ്ടിൽ) ജനറൽ പർപസ് ഫണ്ടിൽ തിരികെ അടവാക്കി.

31/12 ഫിൻ സർക്കുലർ തിയ്യതി 02.06.12 (ഖണ്ഡിക 4) പ്രകാരം D.D. എടുത്ത് 5 ദിവസത്തിനകം കൈമാറണമെന്നും അല്ലാത്തപക്ഷം 12% വാർഷിക പലിശ നിരക്കിൽ പിഴ കണക്കാക്കി ഉത്തരവാദിയിൽ നിന്നും ഈടാക്കണമെന്നും, 12.04.2016ലെ സ.ഉ.(പി).നം. 177/06/ധന ഉത്തരവ് ഖണ്ഡിക 8.3 പ്രകാരം വിതരണം ചെയ്യാനാകാത്ത ഡിമാന്റ് ഡ്രാഫ്റ്റുകൾ 30 ദിവസത്തിനകം തിരിച്ചടവാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. 2016ലെ നിയമസഭാ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നത് 2016 ഏപ്രിൽ 4നാണ്. 27.01.16ന് DD എടുത്ത് 2 മാസത്തിനു ശേഷവും കരാറിൽ ഏർപ്പെടാതിരുന്നതിന്റെയും, സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ ഡിമാന്റ് ഡ്രാഫ്റ്റുകൾ കൈവശം വച്ചിരുന്നതിനാലും 2.2.2016 മുതൽ 30.5.16 വരെ 120 ദിവസത്തേക്ക് പിഴപലിശയിനത്തിൽ 1,14,411/- രൂപ (29,00,000x12x120/365x100=1,14,411) ഉത്തരവാദിയിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.45/12.5.17)

## 3-19 നിർമ്മിതി കേന്ദ്രയ്ക്ക് ടാറിന്റെ അധിക വില നൽകൽ - വിശദാംശങ്ങൾ ഹാജരാക്കിയില്ല. തുകതടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കണം.

പ്രോജക്ട് നം. SO 660/16

ഫയൽ നം.A3/DPT/11418/15

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ജില്ലാ പഞ്ചായത്തിന്റെ 2011-12ൽ അംഗീകാരം ലഭിച്ച പ്രവൃത്തികളിൽ നിർമ്മിതി കേന്ദ്രം ഏറ്റെടുത്ത് നിർവ്വഹണം നടത്തിയ 50 പ്രവൃത്തികൾ പൂർത്തീകരിച്ചതിൽ ടി പ്രവൃത്തികൾക്ക് ടാർ വാങ്ങിയ ഇനത്തിൽ 52,81,448/- രൂപ difference in cost ആയി അധികം നൽകിയതിനാൽ ടി തുക നൽകണമെന്നാവശ്യപ്പെട്ട് നിർമ്മിതി കേന്ദ്ര ടെറ്റ് 112/15/RNK/TCRതിയതി 22.04.15 കത്തു പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. 14.10.15ലെ D4/1956/15-16 കത്തു പ്രകാരം 10 ടണ്ണം അതിൽ കുറവും ടാർ ഉപയാഗിച്ച പ്രവൃത്തികളിൽ ടാറിന്റെ അധിക വില കണക്കാക്കി നിർമ്മിതി കേന്ദ്രം സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നൽകുകയുണ്ടായി. തുടർന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതു പ്രകാരം

31.10.15ലെ DPT/A3-11418/15 കത്ത് പ്രകാരം 10 ടണ്ണിൽ കുറവ് ടാർ ഉപയോഗിച്ച 25 റോഡു പ്രവൃത്തികളിൽ അധികവിലയായി 16,50,047/- രൂപ വരുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. കണക്കാക്കി നൽകി. 2011-12ൽ നിർമ്മിതി കേന്ദ്രയെ ഏൽപ്പിച്ചിരുന്ന പ്രവൃത്തികളിൽ തുക കൈപ്പറ്റിയ ശേഷം പ്രവൃത്തി ആരംഭിക്കാത്തതും മുൻകൂർ ക്രമീകരിക്കാത്തതുമായ 7 പ്രവൃത്തികൾ ഉണ്ടായിരുന്നു. ഇതിനായി നൽകിയിരുന്ന തുകയായ 14,78,902/- രൂപ കുറവ് ചെയ്ത് ബാക്കി തുക 1,71,145/- രൂപ പിൻവലിച്ച് DD No. 116278/13.11.2015 പ്രകാരം സംസ്ഥാന നിർമ്മിതി കേന്ദ്ര തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.

അപാകതകൾ

1. 12.01.11ലെ സ.ഉ. (സാധാ.)115/17 തസ്വഭവ ഉത്തരവ് പ്രകാരം ടാർ വാങ്ങി നൽകുന്നതിന്/വാങ്ങി ഉപയോഗിക്കുന്ന 10 ടണ്ണിൽ കുറവായ ടാറിന് അധിക വില നൽകുന്നതിന് ഇക്കാര്യം ടെണ്ടറിൽ വ്യവസ്ഥ ചെയ്യുകയും, കരാറിൽ ഉൾപ്പെടുത്തുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ തുക നൽകുന്നതിന് മുൻപായി ഇക്കാര്യം പരിശോധിച്ചതായി ഫയലിൽ രേഖപ്പെടുത്തി കാണുന്നില്ല. ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ, പ്രവൃത്തികളുടെ കരാർ എന്നിവ ലഭ്യമാക്കിയിട്ടില്ലായെന്നതിനാൽ ഇക്കാര്യം ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. തുക കൈപ്പറ്റിയിട്ടും പ്രവൃത്തി നടത്താത്ത 7 പ്രവൃത്തികൾക്ക് നൽകിയതായ 14,78,902/- രൂപ ടാറിന്റെ അധികം വിലയിൽ നിന്നും കുറവ് ചെയ്തതായാണ് കാണുന്നത്. പ്രവൃത്തികൾ നടത്താതിരുന്നതിന്റെ കാരണങ്ങൾ എന്തെന്ന് വ്യക്തമല്ല. ഏൽപ്പിച്ച പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിൽ നിർമ്മിതികേന്ദ്രയുടെ ഭാഗത്തുനിന്നാണ് വീഴ്ചകൾ ഉണ്ടായിട്ടുള്ളത് എങ്കിൽ 04.10.11ലെ സ.ഉ.(പി)419/11 ഫിൻ ഉത്തരവ് പ്രകാരം 18% നിരക്കിൽ പിഴ പലിശ കണക്കാക്കി (തുക നൽകിയ കാലയളവ് മുതൽ) അഡ്വാൻസ് നൽകിയ തുക പിഴ പലിശ സഹിതം തിരികെ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

10 ടണ്ണിൽ കുറവ് ടാർ ഉപയോഗിച്ച പ്രവൃത്തികളിൽ അധിക തുക നൽകുന്നതിന് കരാറിൽ വ്യവസ്ഥയില്ലെങ്കിൽ അധിക തുക നൽകാനിടയായ സാഹചര്യങ്ങൾ വ്യക്തമാക്കുന്നതിനാവശ്യപ്പെട്ടും ഇക്കാര്യത്തിൽ തുക നൽകുന്നതിന് ഭരണസമിതി എടുത്ത തീരുമാന നമ്പർ, തിയ്യതി എന്നിവയും, ഓംബുഡ്സ്മാൻ മുൻപാകെ ഇക്കാര്യത്തിൽ നിർമ്മിതി കേന്ദ്രം നൽകിയതായി ഫയലിൽ രേഖപ്പെടുത്തി കാണുന്ന കേസിന്റെ വിശദാംശങ്ങളും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറിനം. 57/16.5.17)

## 3-20 അംഗപരിമിതർക്ക് മോട്ടോറൈസ്ഡ് വാഹനം നൽകൽ- ഗുണഭോക്താക്കൾക്ക് നാളിതുവരെ ലൈസൻസ് ലഭിച്ചിട്ടില്ല.

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സ്പിൽ ഓവർ പ്രോജക്ട് നം 85/16 പ്രകാരം പൊതുവിഭാഗത്തിൽപെട്ടവർക്ക് മോട്ടോറൈസ്ഡ് വെഹിക്കിൾ നൽകുന്നതിന് 1,29,45,975 രൂപയും പ്രോജക്ട് നം.663/16 പ്രകാരം അംഗപരിമിതരായ വനിതകൾക്ക് മോട്ടോറൈസ്ഡ് വാഹനം ലഭ്യമാക്കുന്നതിന് 42,76,115 രൂപയും കൂടി ആകെ 2015-16 വർഷത്തിൽ 1,72,22,090/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ 205 പേർക്കും വനിതാ വിഭാഗത്തിൽ 67 പേർക്കുമായി ആകെ 272 പേർക്ക് 125 CC കപ്പാസിറ്റിയുള്ള സ്കൂട്ടറുകൾ (മഹീന്ദ്ര റോഡിയോ സ്കൂട്ടർ) കെൽട്രോൺ വഴി വാങ്ങി നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറേറ്റുകളിൽ നിലവിലുണ്ടായിരുന്ന ലിസ്റ്റിലുൾപ്പെട്ടവരെയും സാമൂഹ്യക്ഷേമ വകുപ്പ് തയ്യാറാക്കിയ ലിസ്റ്റിലുൾപ്പെട്ടവരെയും ജില്ലാ പഞ്ചായത്തിൽ ലഭിച്ച അപേക്ഷകളും പരിഗണിച്ച് തയ്യാറാക്കിയ 933 പേരുടെ ലിസ്റ്റിൽ നിന്നും 2014-15 വരെ 370 പേർക്കും തൻ വർഷത്തിൽ 272 പേർക്കുമായി നാളിതുവരെ ആകെ 642 പേർക്ക് വാഹനം സൗജന്യമായി നൽകിയിട്ടുണ്ട്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം പട്ടിക 5 പ്രകാരം മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ ഖണ്ഡിക XII ൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി അനാഥാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനും, അഗതികൾക്കും ഭിന്ന ശേഷിയുള്ളവർക്ക് ക്ഷേമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമാണ് ജില്ലാ പഞ്ചായത്തുകളുടെ ചുമതലകളായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. 16.11.13ലെ സ.ഉ.(എം.എസ്) 362/13 ത.സ്വ.ഭ.വ ഉത്തരവ്പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.1 പ്രകാരവും ജില്ലാ പഞ്ചായത്തുകൾ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പരിപാടികൾ ഏറ്റെടുക്കേണ്ടതില്ലായെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്.

2.12.14ലെ സ.ഉ.(സാ)നം.3161/14 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഭിന്ന ശേഷിയുള്ളവർക്കുള്ള പദ്ധതികൾ ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 31.12.14ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.8 നം തീരുമാന പ്രകാരവും 16.1.15ലെ നം.194/ഡി.ബി.3/15/ ത.സ്വ.ഭ.വ കത്ത് പ്രകാരവും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ട അംഗ പരിമിതർക്ക് മോട്ടോർ ഘടിപ്പിച്ച വാഹനം വാങ്ങി നൽകുന്നതിന് ജില്ലാ പഞ്ചായത്തിന് അനുമതി നൽകിയിട്ടുമുണ്ട്.

മേൽ ഉത്തരവ് പ്രകാരം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്ക് /ഗ്രാമപഞ്ചായത്തുകൾ വഴി മാത്രമേ ആനുകൂല്യം നൽകാവൂ എന്ന് വ്യക്തമാണ്. എന്നാൽ പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ കാണും പ്രകാരം അപാകതകൾ കാണുന്നു.

1. മോട്ടോർ വാഹനം കൈപറ്റിയ മുഴുവൻ ഗുണഭോക്താക്കളെയും ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

2. അംഗ പരിമിതർക്ക് 125 CC കപ്പാസിറ്റിയുള്ള മോട്ടോറൈസ്ഡ് വാഹനം വാങ്ങി നൽകിയിട്ടുണ്ടെങ്കിലും വാഹനം ഓടിക്കുന്നതിന് ടി ഗുണഭോക്താക്കൾ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വാഹനം കൈപറ്റിയവർ നിശ്ചിത കാലയളവിനുള്ളിൽ ലൈസൻസ് എടുക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ലൈസൻസ് നേടിയതിനു ശേഷം മാത്രമേ വാഹനം ഉപയോഗിക്കുകയുള്ളുവെന്ന് വാഗ്ദത്ത പത്രം സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതു പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാനാവശ്യമായ യാതൊരു വ്യവസ്ഥയും കരാറിലില്ല. ഇക്കാര്യത്തിൽ യാതൊരു തുടർ പരിശോധനയും നടത്തിയിട്ടില്ല.

3. അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനും അർഹതാ ലിസ്റ്റ് തയ്യാറാക്കുന്നതിനുമായി ദിവസവേതനാടിസ്ഥാനത്തിൽ രണ്ടു പേരെ നിയമിച്ചതായി കാണുന്നു. ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന വിവിധ പഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടെ യോഗ്യത പരിശോധിച്ച് അർഹത നിർണ്ണയിക്കുന്നതിന് ഐ.സി.ഡി.എസ്.സൂപ്പർവൈസർമാർ, സി.ഡി.പി.ഒ, ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ സാമൂഹ്യ നീതി ഓഫീസർ എന്നിവർ ഉണ്ടായിരിക്കെ പദ്ധതി നിർവ്വഹണം ജില്ലാ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കുന്നതിനും ഈ ആവശ്യത്തിലേക്കായി ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും ഇടയായ സാഹചര്യങ്ങൾ വ്യക്തമാക്കേണ്ടതാണ്.

4. 2015-16 വർഷത്തേക്ക് അംഗപരിമിതർക്കുള്ള മോട്ടോറൈസ്ഡ് വാഹനങ്ങൾ 62885/E നിരക്കിൽ വിതരണം ചെയ്യുന്നതിന് കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ എക്സൈസ് ഡ്യൂട്ടിയിലുണ്ടായ വർധനവ് മൂലം നിരക്ക് വർധിപ്പിക്കുന്നതിന് 20.2.16ന് ജില്ലാ പഞ്ചായത്ത് കെൽട്രോണുമായി പുതുക്കിയ കരാറിൽ ഏർപ്പെട്ടതായി കാണുന്നു. ഒരു സാമ്പത്തിക വർഷത്തേക്ക് നിശ്ചിത നിരക്കിൽ വാഹനം വിതരണം ചെയ്യാമെന്ന് കരാറിൽ ഏർപ്പെട്ട ശേഷം കരാർ കാലയളവിനുള്ളിൽ നിരക്ക് വർദ്ധിപ്പിച്ചതു മൂലം ഒരു വാഹനത്തിന് 1047 രൂപാ നിരക്കിൽ രണ്ട് പ്രോജക്ടുകളിലായി (110 X1047=1,15,170) 1,15,170/- രൂപ അധികം നൽകിയിട്ടുണ്ട്. 5 ലക്ഷത്തിൽ അധികരിക്കുന്ന വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നിരിക്കെ ഇ-ടെണ്ടർ നടപടി സ്വീകരിക്കാതിരുന്നതിനും കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി കരാർ പുതുക്കാനിടയായ സാഹചര്യവും വിശദമാക്കേണ്ടതാണ്. 2015-16 ലെ വിതരണത്തിനായി കെൽട്രോണുമായി ഏർപ്പെട്ട കരാർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. ജനറൽ വിഭാഗത്തിൽ 272 പേർക്ക് വാഹനം നൽകിയതിന്റെ വ്യക്തിഗത ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല ഇക്കാര്യത്തിൽ എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം. 25/12.5.16)

മോട്ടോർ വാഹന നിയമപ്രകാരം ജില്ലാ പഞ്ചായത്ത് വിതരണം ചെയ്യുന്ന തരം വാഹനങ്ങൾ ഓടിക്കുന്നതിന് ഭിന്നശേഷിയുള്ള വിഭാഗത്തിലുൾപ്പെട്ടവരെ ലൈസൻസ് എടുക്കേണ്ടതിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ നിലവിൽ വാഹനം കൈപറ്റിയവർ നിയമവിരുദ്ധമായാണ് വാഹനം കൈകാര്യം ചെയ്യുന്നതെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരം വാഹനങ്ങൾ അപകടത്തിൽപെടുന്ന സാഹചര്യമുണ്ടായാൽ ഗുണഭോക്താക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷയോ നിയമപരമായ ആനുകൂല്യങ്ങളോ ലഭിക്കുന്നതിന് തടസ്സമുണ്ടായേക്കാം. വാഹനം ലഭിച്ച ഭിന്നശേഷിയുള്ള ഗുണഭോക്താക്കൾക്ക് ലൈസൻസ് എടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിൽ അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുന്നതിനും ലൈസൻസ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. വാഹനം കൈപറ്റുന്നതിനു മുൻപായി ലേണേഴ്സ് ലൈസൻസ് എങ്കിലും ഗുണഭോക്താക്കൾ എടുത്തിരിക്കണമെന്നൊന്നും പ്രോജക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

ലൈസൻസ് ആവശ്യമില്ലാത്തതും ഭിന്നശേഷിക്കാർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തതുമായ വാഹനങ്ങൾ

വാങ്ങി നൽകുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നതെങ്കിലും ഇത് ഫലത്തിൽ നടപ്പായിട്ടില്ല. ഭിന്നശേഷിക്കാർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തതുമായ ഉപകരണങ്ങൾ/വാഹനങ്ങൾ എന്നിവ നിർമ്മിക്കുന്ന സ്ഥാപനങ്ങളായ കെൽട്രോൺ/വികലാംഗ ക്ഷേമ കോർപ്പറേഷൻ/ആർട്ടിഫിഷ്യൽ ലിമ്പ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ എന്നിവയിൽ നിന്നും മാത്രമേ മോട്ടോറൈസ്ഡ് വെഹിക്കിൾ വാങ്ങാവൂ എന്ന് നം.194/ഡി.ബി.3/15തിയതി 16.1.15കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ വ്യവസ്ഥ ഉപയോഗപ്പെടുത്തി ടെണ്ടർ നടപടി ക്രമങ്ങളോ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകളോ പാലിക്കാതെ വാഹനങ്ങൾ വാങ്ങുന്നതിന് കെൽട്രോണുമായി കരാറിൽ ഏർപ്പെടുകയാണ് ജില്ലാ പഞ്ചായത്ത് ചെയ്തിട്ടുള്ളത്. ഭിന്നശേഷിക്കാർക്കായി പ്രത്യേകം ഡിസൈൻ ചെയ്ത വാഹനങ്ങൾ നിർമ്മിച്ച് നൽകുന്നതിനു പകരം ഇരുചക്ര വാഹന നിർമ്മാതാക്കളായ മഹീന്ദ്രയുടെ വാഹനങ്ങളിൽ സൈഡ് വീൽ ഘടിപ്പിച്ച് നൽകുകയാണ് നിലവിൽ കെൽട്രോൺ ചെയ്തു വരുന്നത്. ഇത് നിലവിലെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കെൽട്രോണുമായി കരാറിൽ ഏർപ്പെടുന്നതു മൂലം ജില്ലാ പഞ്ചായത്തിന് ഇക്കാര്യത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാനാവാത്ത സ്ഥിതിയാണുള്ളത്.

പ്രോക്യൂർമെന്റ് മാന്വൽ പ്രകാരം നടപടികൾ സ്വീകരിച്ചോ ഇ-ടെണ്ടർ വഴിയോ വാഹനങ്ങൾ ഇതിനേക്കാൾ കുറഞ്ഞ വിലയിൽ വാഹന നിർമ്മാതാക്കളിൽ നിന്നും നേരിട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്ത വിധത്തിൽ ഭിന്ന ശേഷിക്കാർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത ലൈസൻസ് ആവശ്യമില്ലാത്ത വാഹനങ്ങൾ വാങ്ങുന്നതിനുള്ള സാധ്യതയോ ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് പരിശീലനമുൾപ്പെടെ നൽകുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കുന്നതിനുള്ള സാധ്യതയോ പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും സർക്കാരിന്റേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-21 ഭവന നിർമ്മാണം (സ്പിൽ ഓവർ )- പൂർത്തീകരിക്കാത്ത വീടുകളുടെ വിവരം ലഭ്യമല്ല.

ഭവന നിർമ്മാണം (സ്പിൽ ഓവർ ) - പൂർത്തീകരിക്കാത്ത വീടുകളുടെ വിവരം ലഭ്യമല്ല.

ഫയൽ നം. C2-113/15

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ so74/16 സ്പിൽ ഓവർ പ്രോജക്ട് 810/15, 883/15, 884/15, 900/15, 910/15, 855/15, 923/15, 924/15, 928/15 എന്നിങ്ങനെ 9 പ്രോജക്ടുകളിലായി എസ്.സി. വിഭാഗത്തിൽപ്പെട്ട ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം/അറ്റകുറ്റപ്പണി എന്നിവ പൂർത്തീകരിക്കുന്നതിനായി മുൻ വർഷങ്ങളിൽ രൂപീകരിച്ച പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന് ആവിഷ്കരിച്ച 2015-16 പദ്ധതിയാണ്. ഇതു പ്രകാരം 43,83,257/- രൂപ വകയിരുത്തിയതിൽ തൻവർഷം 3,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (വകയിരുത്തിയ പദ്ധതിയുടെ 0.68% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.) വിവിധ പ്രോജക്ടുകളിലായി ആകെ ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള ഗുണഭോക്താക്കളുടെ എണ്ണം, ഗുണഭോക്താക്കളുടെ വീടിന്റെ നിലവിലെ സ്ഥിതി, കൈപ്പറ്റിയ തുക, വിലാസം, അനുവദിക്കാവുന്ന തുക തുടങ്ങിയ വിവരങ്ങൾ,പ്രോജക്ട് രജിസ്റ്റർ, വ്യക്തിഗത ഫയലുകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.44/12.5.17)

## 3-22 പടിയൂർ ഗ്രാമപഞ്ചായത്ത് മാരാംകുളം കുടിവെള്ള പദ്ധതി-പദ്ധതി ലക്ഷ്യം നേടിയില്ല.

പ്രോജക്ട് നം. so642/16

അനുയോജ്യമായ ഒരു ജലസ്രോതസ്സ് കണ്ടെത്താതെ വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന കോങ്ങാടൻതുരുത്തിൽ ലക്ഷങ്ങൾ മുടക്കി ജില്ലാ പഞ്ചായത്ത് 1 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് 2005-06ൽ പണികഴിപ്പിച്ചിട്ടും ഉപയോഗക്ഷമമല്ലാത്തതിനാൽ ജില്ലാ പഞ്ചായത്തും, പടിയൂർ ഗ്രാമപഞ്ചായത്തും KWAയും ചേർന്ന് ജലവിതരണത്തിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കാൻ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ 27.02.12ന് പുറപ്പെടുവിച്ച HRMP No. 3787/11 കത്തു പ്രകാരം നിർദ്ദേശിക്കുകയും 2 മാസത്തിനുള്ളിൽ സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കലിനായി SO 642/16 ആയി ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ പ്രോജക്ടിലുൾപ്പെടുത്തി ബിൽ നം. 1032/15-16 തിയ്യതി 22.01.16 പ്രകാരം 23 ലക്ഷം രൂപ പിൻവലിച്ച് DD No. 118389/01.02.16 ആയി KWA PH Division, Irinjalakkudaയ്ക്ക് ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുണ്ട്. 03.02.16ന് D4/314/06 നമ്പറായി ജില്ലാ പഞ്ചായത്ത് KWA യുമായി കരാറിലേർപ്പെടുകയും വ്യവസ്ഥ 6 പ്രകാരം 2016 ആഗസ്റ്റിൽ പൂർത്തീകരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സമയബന്ധിതമായി നടപടിസ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും മൂന്നു വർഷത്തിനു ശേഷമാണ് ഇതു സംബന്ധിച്ച പ്രോജക്ട് തയ്യാറാക്കി കാണുന്നത്. മാത്രമല്ല ഗ്രാമപഞ്ചായത്തും, ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പ്രോജക്ടിന് ജില്ലാ പഞ്ചായത്ത് നേരിട്ട് വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെടാനുണ്ടായ സാഹചര്യം വ്യക്തമല്ല. പദ്ധതിയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറിനം.52/16.5.17)

## 3-23 കൺസൾട്ടൻസി ചാർജ്ജ് അധികം നൽകിയത് -പരിശോധിച്ച് തുടർനടപടി സ്വീകരിക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികളിൽ കൺസൾട്ടൻസി ചാർജ്ജ് നൽകുന്നത് സംബന്ധിച്ച് 18.05.17 സ.ഉ.(എം.എസ്.)133/07 LSGD ഉത്തരവ് പ്രകാരം പരമാവധി നൽകാവുന്നത് 2.5%മാണ്. ഇക്കാര്യത്തിൽ ധനവകുപ്പ് 01.01.13ലെ 110931 Ind & PW-B2/ധനം കത്ത് പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതുമാണ്. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉൾപ്പെടുത്തി വിവിധ ഗ്രാമപഞ്ചായത്തുകൾ നിർമ്മിതി കേന്ദ്രം തൃശ്ശൂർ വഴി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിൽ അധികമായി കൺസൾട്ടൻസി ചാർജ്ജ് നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

1. പുറനാട്ടുകര വായനശാല നവീകരണം

SO 63/16 പദ്ധതി പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിലെ പുറനാട്ടുകര വായനശാല നവീകരണത്തിനായി ബിൽ. നം. 308/15-16 തിയ്യതി 25.07.15 പ്രകാരം പിൻവലിച്ച് DD No. 779917 തിയ്യതി 24.07.15 പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. 2012-13ൽ ആരംഭിച്ച ബഹുവർഷ പ്രോജക്ടായ കെട്ടിടനിർമ്മാണത്തിന് ഫൈനൽ ബിൽ പ്രകാരം 25,06,254/- രൂപ ചെലവായതായി നിർമ്മിതികേന്ദ്രം ഫൈനൽ ബിൽ സമർപ്പിക്കുകയും ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുകയും ചെയ്തിട്ടുണ്ട്. ടി ഫൈനൽ ബിൽ പരിശോധിച്ചതിൽനിന്നും കൺസൾട്ടൻസി ചാർജ്ജിനത്തിൽ 8% തുക ഈടാക്കിയതായി കാണുന്നു. ആകെ പ്രവൃത്തിമൂല്യം 21,87,416/- രൂപയാണ്. 8% consultancy chargeഉം അതിന്റെ 14% Service Taxഉം ഉൾപ്പെടെ 9.12% തുകയായ 1,99,492/- രൂപ ഉൾപ്പെടെയാണ് ഫൈനൽ ബിൽ തുക കണക്കാക്കിയിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നം.46/12.5.17)

2. അടാട്ട് ഗ്രാമപഞ്ചായത്ത് കെ.ആർ.നാരായണൻ മെമ്മോറിയൽ കമ്മ്യൂണിറ്റി ഹാൾ നവീകരണം.

പ്രോജക്ട് നം. SO.62/16പ്രകാരം 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 12-13 ൽ 89 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ആരംഭിച്ച പ്രോജക്ടിൽ 80,40,356 രൂപയുടെ Valuation Report 26.09.15ലെ NKT/PPG/300/12 നമ്പർ കത്ത് പ്രകാരം നിർമ്മിതികേന്ദ്രം പ്രോജക്ട് മാനേജർ ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതു പ്രകാരം 75,14,351/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൺസൾട്ടൻസി + സർവ്വീസ് ചാർജ്ജുൾപ്പെടെ 7% തുകയായ 5,26,005/- ഉൾപ്പെടെയാണ് 80,40,356/- രൂപയുടെ ബിൽ സമർപ്പിച്ചിട്ടുള്ളത്. നിർമ്മിതിക്ക് തുക നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതനുസരിച്ച് ജില്ലാ പഞ്ചായത്ത് 2015-16ൽ 2,00,000/- രൂപ ബിൽ നം. 305/15-16 dt. 03.08.15 പ്രകാരം IIAയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട് എന്നാൽ തുക കൈപ്പറ്റിയതിന്റെ സാംഖ്യ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടില്ല. (ഗ്രാമപഞ്ചായത്ത് നൽകിയ സമ്മതപത്രം ഖണ്ഡിക 8 പ്രകാരം 5-ാം തിയ്യതിക്കുള്ളിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.)

## 3-24 ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയത് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് നമ്പർ - 659/16

അടങ്കൽ - 5000000 രൂപ

ചെലവ് - 5000000 രൂപ

| ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|
| 406/15-16/21.9.15 | 450000 |
| 766/15-16/2.12.15 | 302250 |
| 980/15-16/16.1.16 | 200000 |
| 1011/15-16/22.1.16 | 525000 |
| 1110/15-16/27.2.16 | 1342720 |
| 1036/15-16/2.2..16 | 600000 |
| 1136/15-16/27.2.16 | 537500 |
| 1138/15-16/18.3.16 | 686050 |
| 1240/15-16/18.3.16 | 356480 |
| ആകെ | 5000000 |

എ) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതമായി ജില്ലാ പഞ്ചായത്തിൽ നിന്നും 88 പഞ്ചായത്തുകൾക്ക് 2015-16ൽ തുക കൈമാറിയതിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത/ഭാഗികമായി ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | നൽകിയ തുക | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|
| ഏങ്ങണ്ടിയൂർ | 100000 | 60000 | 40000 |
| എടത്തിരുത്തി | 125000 | 124800 | 200 |
| അളഗപ്പനഗർ | 150000 | 142175 | 7825 |
| മുല്ലശ്ശേരി | 150000 | 96975 | 53025 |
| താന്ന്യം | 200000 | 197575 | 2425 |
| അവണൂർ | 162500 | 158350 | 4150 |
| അതിരപ്പള്ളി | 75000 | 0 | 75000 |
| ചാഴൂർ | 200000 | 194800 | 5200 |
| | 1162500 | 974675 | 187825 |

മേൽ പഞ്ചായത്തുകൾക്ക് നൽകിയ 1162500 രൂപയിൽ 187825 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ബി)പൂർണ്ണമായും വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തത്

| ഗ്രാമപഞ്ചായത്ത് | തുക |
|---|---|
| മുണ്ടത്തിക്കോട് | 100000 |
| കയ്പമംഗലം | 195000 |
| പൊയ്യ | 100000 |

| | |
|---|---|
| ആകെ | 395000 |

395000 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സി) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 362/13 തീയതി 16.11.13 പ്രകാരം സംയുക്തപ്രോജക്ടുകൾക്കുള്ള തുക ഡിസംബർ 31 ന മുമ്പെങ്കിലും കൈമാറിയിരിക്കണം.കൈപ്പറ്റിയ തുക അതു സാമ്പത്തികവർഷം ഫെബ്രുവരി അവസാനത്തിനകമെങ്കിലും ചെലവഴിച്ചിരിക്കണം. അങ്ങനെ ചെലവഴിച്ചില്ലെങ്കിൽ ആയത് അത് നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തിരിച്ചടക്കണം.എന്നാൽ മേൽ പ്രോജക്ടിനായുള്ള 3000000 രൂപയിൽ 4247750രൂപയും കൈമാറിയത് ജനവരി ഫെബ്രുവരി മാർച്ച് മാസങ്ങളിലാണ്.ആയതിനാൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ല.

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ താത്ക്കാലികമായി 50,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-25 GHSS ചായ്യൻകുഴി -അറ്റകുറ്റപ്പണികൾ -സ്കൂൾ മെയിന്റനൻസിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് റോഡ് നിർമ്മിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
നിർവഹണ ഏജൻസി - നിർമ്മിതി കേന്ദ്ര
ട്രഷറി ബിൽ നമ്പർ - 130/30.11.15 ,തുക-896834 രൂപ
എം. ബുക്ക് നമ്പർ - 189/14-15

മേൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ്, ഫൈനൽ ബിൽ എന്നിവ പ്രകാരം സ്കൂൾ മെയിന്റനൻസിനോടൊപ്പം ശ്മശാനത്തിലേക്കുള്ള കോൺക്രീറ്റ് റോഡ് നിർമ്മിക്കാനായി ആകെ 336210 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്കൂൾ മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി മേൽ പ്രവൃത്തി ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമല്ല. കൂടാതെ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ച് പുതിയ കോൺക്രീറ്റ് റോഡ് നിർമ്മിച്ചത് ക്രമപ്രകാരമല്ല. ഈ സാഹചര്യത്തിൽ 336210 രൂപ ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു.

## 3-26 സ്കൂളുകളുടെ മെയിന്റനൻസ് പൊളിച്ചുമാറ്റിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ വില നിശ്ചയിച്ച് ലേലം നടത്തി വിൽക്കുകയോ ചെയ്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, ജില്ലാ പഞ്ചായത്ത്

2015-16 വർഷത്തിൽ 60 സ്കൂളുകളുടെ മെയിന്റനൻസ് പ്രവൃത്തികളും നിർമ്മിതി പൂർത്തീകരിച്ചിട്ടുണ്ട്. മെയിന്റനൻസിന്റെ ഭാഗമായി പൊളിച്ച് മാറ്റിയ മരം, ഓട് ഉരുപ്പടികളൊന്നും തന്നെ സ്റ്റോക്കിലെടുക്കുകയോ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ലേലം ചെയ്യുകയോ ചെയ്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ മാത്രം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രവർത്തിയുടെ പേര് | പൊളിച്ചു മാറ്റിയ ഇനങ്ങൾ |
|---|---|---|
| 1 | 32/16-GHSS, വെറ്റിലപ്പാറ | 359 m2, 6.690 m3 |
| 2 | 9/16-GHSS കണ്ണാറ്റുപാടം | 381.65m$^2$, 6.097m$^3$, 20.42m$^3$ |
| 3 | 10/16- സർവോദയ GHSS തൃക്കൂർ | ഓട്-652.10m$^2$, മരം-1.310m$^3$<br>പഴയ ട്രസ്സ് അനുബന്ധ സാമഗ്രികൾ-675.46 m$^2$ |
| 4 | 31/16-GVHSSതിരുവില്ല്വാമല | മരം-5 എണ്ണം<br>ജനലുകൾ-13 എണ്ണം<br>പഴയ ട്രസ്സ്ഷീറ്റ്-152.25<br>വാതിലുകൾ- 0.86m$^3$ |

നിരവധി പ്രവൃത്തികളിൽ മേൽ പ്രകാരം ഓട്, മരം ഇരുമ്പ് ഷീറ്റുകൾ എന്നിവ പൊളിച്ച് മാറ്റിയിട്ടുണ്ട്. ഇവയെല്ലാം എത്രയും വേഗം സ്റ്റോക്കിലെടുത്ത് വില നിർണ്ണയിച്ച് ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-27** ജില്ലാ പഞ്ചായത്തിനു കീഴിലെ വിവിധ സ്കൂളുകളുടെ മെയിന്റനൻസ് - എസ്.സി. ആശ്രയഭവനങ്ങളുടെ നിർമ്മാണം എന്നീ പ്രവൃത്തികളിൽ പെയിന്റിങ്ങിന് അധിക നിരക്ക് നൽകി - 10,17,357/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, ജില്ലാ പഞ്ചായത്ത്

നിർവ്വഹണ ഏജൻസി - എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർമ്മിതി കേന്ദ്ര, തൃശ്ശൂർ

2014-15, 15-16 വർഷങ്ങളിലായി നടന്ന വിവിധ സ്കൂളുകളുടെ മെയിന്റനൻസ് ആശ്രയഭവനങ്ങളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി 15-16 വർഷത്തിൽ മാത്രം 7,07,67,345/- രൂപ (ഇതിൽ തനതു ഫണ്ട് 1,28,059/- രൂപകൂടി ഉൾപ്പെടുന്നു)ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും, എക്സിക്യൂട്ടീവ് എഞ്ചിനീയറും നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പാക്കിയ പ്രസ്തുത പ്രവൃത്തികൾ തൃശ്ശൂർ നിർമ്മിതി കേന്ദ്രത്തെയാണ് ഏല്പിച്ചത്. എസ്റ്റിമേറ്റ് തയ്യാറാക്കിയതും, സാങ്കേതികാനുമതി നൽകിയതും നിർമ്മിതി കേന്ദ്ര തന്നെയാണ്. എസ്റ്റിമേറ്റുകൾ 2012ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം കരാറുകാരന്റെ ലാഭം ഒഴിവാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് എസ്റ്റിമേറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Painting two coats with emulsion paint (SDB ഇനം 615) എന്ന പ്രവൃത്തിക്ക് ഡാറ്റ തയ്യാറാക്കിയതിൽ വന്ന അപാകതമൂലം അധിക നിരക്ക് അനുവദിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

SDB ഇനം 615ന് 2012ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം അനുവദിക്കാവുന്നത് താഴെ ചേർക്കുന്നു.

Painting two coats with ready mixed plastic emulsion paint including priming coat after rubbing with sand paper and cleaning the surface.

| | | |
|---|---|---|
| | | 10M$^2$ |
| Emulsion paint 1.15 litre - 234/litre | | – 269.10 |
| L.S. sundries including brushes, | | |
| sand paper 0.62 litre –5.80/litre | | – 3.60 |
| Painter 1.15 No. | - 396/E | – 455.40 |
| | | 728.01 |
| Say | | - 728/10m$^2$ |

എന്നാൽ നിർമ്മിതി കേന്ദ്ര കണക്കാക്കിയ Data താഴെ പറയും പ്രകാരമാണ്.

Sub data (for priming coat)

| | |
|---|---|
| Wall primer 1 litre 78.00/litre | - 69.00 |
| For brushes, etc., L.S. | – 7.59 |
| Labour 0.4 No. 396/E | - 158.40 |
| | 234.99 |

Main Data

| | |
|---|---|
| Emulsion 1.15 litre 234/litre - | 269.10 |
| For brushes, etc., L.S. - | 5.00 |

Painter 1.15 No. 396/E - 455.40

964.49

Say - 965/10m$^2$

SDB ഇനം 615ൽ priming coat കൂടി ഉൾപ്പെടുന്നതിനാൽ ഇതിന് വീണ്ടും പ്രത്യേകം ഡാറ്റ നൽകിയത് ക്രമപ്രകാരമല്ല. Priming Coat ഉൾപ്പെടാത്ത emulsion paintingന് 2 കോട്ട അടിക്കുന്നതിന് SDB ഇനം 615A പ്രകാരം 0.8 litre paint-ഉം, 0.8 Nos പെയിന്റർ കൂലിയും മാത്രമേ ആവശ്യമുള്ളൂ. Priming Coat കൂടി ഡാറ്റയിൽ ഉൾപ്പെടുത്തിയതുകൊണ്ടാണ് ഇനം 615ന് 1.15 litre പെയിന്റും 1.15 പെയിന്റർ കൂലിയും ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ താഴെ പറയും പ്രകാരം അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

I സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നം. | എം.ബുക്ക് നം. | ഇനം | അളവ് | അനുവദിച്ചത് | അനുവദിക്കാവുന്നത് | അധികം നൽകിയത് | ചെലവ് വിവരം |
|---|---|---|---|---|---|---|---|---|
| 1 | 8/16-GHSS, കരുപ്പടന്ന | 196/14-15 | E1 | 5382.30m2 | 519392 | 391831 | 127561 | ട.ബി.നം 86/14.10.15 Rs. 896834/- ട.ബി.നം. 41/23.7.15 Rs. 300000/- |
| 2 | 11/16-GHSS, കടവല്ലൂർ | 168/14-15 | 11<br>14 | 1247.82m2<br>377.65m2 | 156858 | 118334 | 38524 | ട.ബി.നം. 25/17.7.15 Rs.300000 ട.ബി.നം. 96/16.10.15 Rs.900000/- |
| | | | | 1625.47m2 | | | | |
| 3 | 21/16-GHSS, ദേശമംഗലം | 170/14-15 | E5 | 1000.03m2 | 96503 | 72802 | 23701 | ട.ബി.നം. 46/31.7.15 Rs.300000/- ട.ബി.നം. 103/16.10.15 Rs.900000/- |
| 4 | 48/16-GHSS, ചെമ്പൂച്ചിറ | 190/14-15 | 9<br>53<br>E7 | 257.60m2<br>916.74m2<br>813.01m2 | 191779 | 144679 | 47100 | ട.ബി.നം. 49/31.7.15 Rs.300000/- ട.ബി.നം. 72/28.9.15 Rs.893960/- |
| | | | | 1987.35m2 | | | | |
| 5 | 27/16-Nalanda GHSS, താന്ന്യം | 209/14-15 | 22 | 1192.44m2 | 115070 | 86810 | 28260 | ട.ബി.നം. 127/30.11.15 Rs.1196834/- |
| 6 | 47/16 GFHSS, കൈപ്പമംഗലം | 237/14-15 | 18 | 1942.41m2 | 187443 | 141407 | 46036 | ട.ബി.നം. 24/17.7.15 Rs.300000/- ട.ബി.നം. 101/16.10.15 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | Rs.896834 |
| 7 | 60/16 GHSS, കടിക്കാട് | 169/14-15 | E3 | 3048.42m2 | 294173 | 221925 | 72248 | ട.ബി.നം.33/17.7.15<br>Rs.300000/-<br>ട.ബി.നം.82/12.10.15<br>Rs.896834/- |
| 8 | 21/16 GVHSS, പഴഞ്ഞി | 167/14-15 | 18 | 2582.04m2 | 249167 | 187973 | 61194 | ട.ബി.നം.7/17.7.15<br>Rs.300000/-<br>ട.ബി.നം.68/28.9.15<br>Rs.896834/- |
| 9 | 19/16 GHSS, നന്തിക്കര | 191/14-15 | 19 | 1105.62m2 | 106692 | 80489 | 26203 | ട.ബി.നം. 32/17.7.15<br>Rs.300000/-<br>ട.ബി.നം. 115/16.10.15<br>Rs.887924/- |
| 10 | - Samithi GHSS, മേലഡൂർ | | E3 | 980.63m2 | 94631 | 71390 | 23241 | ട.ബി.നം. 10/13.7.15<br>Rs.300000/-<br>ട.ബി.നം. 92/12.10.15<br>Rs.888782 |
| 11 | 54/16 GHSS, അളഗപ്പനഗർ | 192/14-15 | 2 | 705.05m2 | 68037 | 51328 | 16709 | ട.ബി.നം. 47/31.7.15<br>Rs.300000/-<br>ട.ബി.നം. 114/16.10.15<br>Rs.896834 |
| 12 | 26/16 GHSS, പീച്ചി | 203/14-15 | 13<br>24 | 2349.54m2<br>370.32m2 | 262466 | 198006 | 64460 | ട.ബി.നം. 8/13.7.15<br>Rs.300000/-<br>ട.ബി.നം. 93/16.10.15<br>Rs.897427/- |
| | | | | 2719.86m2 | | | | |
| 13 | 39/16 GHSS Cheruthuruthy, വള്ളത്തോൾനഗർ | 202/14-15 | 26 | 2093.44m2 | 202017 | 152402 | 49615 | ട.ബി.നം. 81/12.10.15<br>Rs.1196834/- |
| 14 | 37/16 GVHSS, കടപ്പുറം | 172/14-15 | E3 | 1426.74m2 | 137680 | 103867 | 33813 | ട.ബി.നം. 28/17.7.15<br>Rs.300000/-<br>ട.ബി.നം. 107/16.10.15<br>Rs. 897427 |
| 15 | 51/16 GVHSS, പുത്തൻചിറ | 185/14-15 | 67 | 2945.43m2 | 284234 | 214427 | 69807 | ട.ബി.നം.40/23.7.15<br>Rs. 300000/-<br>ട.ബി.നം.118/16.10.15<br>Rs.896834 |
| 16 | 34/16 GBHSS,വടക്കാഞ്ചേരി | 173/14-15 | 9 | 304.61m2 | 192187 | 144986 | 47201 | ട.ബി.നം.1/14.7.15 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | 15<br>23<br>28<br>34<br>57 | 457.14m2<br>189.54m2<br>233.38m2<br>483.66m2<br>323.24m2 | | | | Rs.300000/-<br>ട്ര.ബി.നം.109/16.10.15<br>Rs.897427 |
| | | | | 1991.57m2 | | | | |
| 17 | 25/16 GHSS, പഴയന്നൂർ | 201/14-15 | 69<br>107<br>E2 | 374.88m2<br>1505.32m2<br>1159.93m2 | 293373 | 221321 | 72052 | ട്ര.ബി.നം.119/16.10.15<br>Rs.1196834 |
| | | | | 3040.13m2 | | | | |
| 18 | 15/16 PJMSGHSS, കണ്ടശ്ശാംകടവ് | 215/14-15 | 32<br>74 | 194.59m2<br>2002.73m2 | 212041 | 159965 | 52076 | ട്ര.ബി.നം. 52/31.7.15<br>Rs.300000/-<br>ട്ര.ബി.നം. 131/30.11.15<br>Rs.896834/- |
| | | | | 2197.32m2 | | | | |
| 19 | 18/16 GHSS, മരത്താംകോട് | 219/14-15 | 16<br>33<br>48 | 176.21m2<br>975.37m2<br>306.73m2 | 140727 | 106165 | 34562 | ട്ര.ബി.നം. 95/16.10.15<br>Rs.896834/- |
| | | | | 1458.31m2 | | | | |
| 20 | 59/16 SMTGHSS, ചേലക്കര | 200/14-15 | E6 | 808.67m2 | 78037 | 58871 | 19166 | ട്ര.ബി.നം. 59/19.8.15<br>Rs.300000/-<br>ട്ര.ബി.നം. 104/16.10.15<br>Rs.896834/- |
| | | | | | | | 953529 | |

മേൽ തുക നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രയിൽ നിന്നോ, പദ്ധതി നടപ്പാക്കിയ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

II എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികൾ

2015-16 വർഷത്തിൽ പട്ടികജാതി ആശ്രയഭവനങ്ങളുടെ നിർമ്മാണത്തിനായി 1,74,00,356/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സമയം അധികരിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ പറയുന്ന രണ്ടു പ്രവൃത്തികളിൽ അധിക നിരക്ക് കൊടുത്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/പ്രോജക്റ്റ് നം. | എം.ബി. നം. | ഇനം | അളവ് | അനുവദിച്ച തുക | അനുവദിക്കാവുന്നത് | അധികം നൽകിയത് | ചെലവുവിവരം |
|---|---|---|---|---|---|---|---|---|
| 1 | ആശ്രയ ഭവനം, കൊരട്ടി/108 | 276/14-15 | E1 | 1182.79m2 | 114139 | 86107 | 28032 | ട്ര.ബി.നം.256/15-16<br>Rs. 2141981/31.03.16 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | ആശ്രയഭവനം, എരുമപ്പെട്ടി/110 | 271/14-15 | E3 | 1510.42m2 | 145755 | 109959 | 35796 | ട.ബി.നം.319/15 Rs.3469684/31.03.16 |
| | | | | | | | 63828 | |

മേൽ തുക നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രയിൽ നിന്നോ പദ്ധതി നടപ്പാക്കിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-28 വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ കുഴൽ കിണർ നിർമ്മാണം

പ്രോജക്റ്റ് നമ്പർ - 676/16

അടങ്കൽ - 1,50,000/-

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

കരാർ നമ്പർ - 179/EE/LSGD

ചെലവ് - 1,50,000/- (Treasury Cheque No. SB/XY No.0572565/19.01.2016)

വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ കുഴൽക്കിണർ സ്ഥാപിക്കുന്നതിന് തനതു ഫണ്ടിൽ നിന്നും 1,50,000/- രൂപ വിനിയോഗിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുവാൻ 18.05.15ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സാധാരണ യോഗത്തിലെ 22-ാം നമ്പർ തീരുമാനപ്രകാരം ശുപാർശ ചെയ്തു.

കുഴൽക്കിണർ കുഴിക്കുവാനും ശുദ്ധജല വിതരണത്തിനുമായാണ് പ്രോജക്റ്റ്. എന്നാൽ കുഴൽക്കിണറിലെ ജലം കേരള വാട്ടർ അതോറിറ്റിയുടെ ലാബിൽ പരിശോധിച്ചപ്പോൾ വെള്ളം ഉപയോഗയോഗ്യമല്ലെന്ന് കണ്ടെത്തി. ടി വെള്ളം ടാങ്കിലേക്കെത്തിക്കണോ വേണ്ടയോ എന്ന വിവരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനെ അറിയിക്കുവാൻ 29.06.16ലെ കത്തിൽ ആവശ്യപ്പെട്ടിരുന്നു. അറിയിച്ചതിന്റെ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

(ഓഡിറ്റ് എൻക്വയറി നം. 39)

ഈ സാഹചര്യത്തിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്ത 1,50,000/- രൂപയിൽനിന്നും കിണർ കുഴിക്കുന്നതിനും, യീൽഡ് ടെസ്റ്റിനും ചെലവായ തുക (40740+6600=47340) 47340/- രൂപ കഴിച്ച് ബാക്കി തുക 1,02,660/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-29 ബിറ്റുമിൻ ലഭ്യമാക്കുന്നതിനു അപേക്ഷിക്കും മുൻപേ പ്രവൃത്തി പൂർത്തീകരിച്ചു.

പ്രോജക്റ്റ് നമ്പർ - 191/16 (മാള ബ്ലോക്ക് പഞ്ചായത്തിലെ റോഡ് അറ്റകുറ്റപ്പണികൾ)

അടങ്കൽ തുക - 63,50,000/-

കരാറുകാരൻ - ശ്രീ. കെ.ജെ. ശ്രീക്കുട്ടൻ

കരാർ - 111/EE/LSGD/14-15/19.07.14

അളവുപുസ്തകം - 447/13-14

ബിൽ നമ്പർ - 23/24.08.15 - 1,30,923/-

മാള ബ്ലോക്ക് പഞ്ചായത്തിലെ ആളൂർ ഗ്രാമപഞ്ചായത്തിലുള്ള ഉറവത്തുംപീടിക-തൈവളപ്പൻകുന്ന് റോഡ്

പ്രവൃത്തിക്ക് വേണ്ടി എക്സി.എഞ്ചിനീയറുടെ 21.03.15ലെ D2-111/15 നമ്പർ കത്ത് പ്രകാരം 6225.81 കി.ഗ്രാം ബിറ്റുമിൻ ലഭ്യമാക്കുന്നതിനായി അമ്പലമുകളിലുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ ടെറിട്ടറി മാനേജർക്ക് (I&C) കത്ത് നൽകി. പക്ഷെ അളവുപുസ്തകം പ്രകാരം പ്രസ്തുത പദ്ധതിയിലെ റോഡ് റീടാറിങ്ങ് 18.03.15ന് പൂർത്തീകരിച്ചിരുന്നു. (18.03.15ന് അളവെടുക്കലും 19.03.15ന് അളവ് പരിശോധനയും നടന്നു.) കരാറുകാരനായ ശ്രീ. കെ.ജെ. ശ്രീക്കുട്ടൻ മുഖേന ബിറ്റുമിൻ ലഭ്യമാക്കുവാനാണ് കത്തിൽ സൂചിപ്പിച്ചത്. (DD No. 340224/20.03.15 – 2,26,800/-)

പ്രസ്തുത പ്രവൃത്തി 18.03.15ന് തന്നെ പൂർത്തീകരിച്ചതായി ആളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ആളൂർ ഗ്രാമപഞ്ചായത്തിലെ മരാമത്ത് വിഭാഗം അസി.എഞ്ചിനീയറും സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

മേൽ പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ ലഭിക്കുന്നതിനു മുൻപേ പ്രവൃത്തി പൂർത്തിയാക്കിയത് ക്രമപ്രകാരമായ നടപടിയല്ല. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 62/17.05.17)

## 3-30 ചുക്കുബസാർ കുടിവെള്ള പദ്ധതി (പൂന്നയൂർ ഗ്രാമപഞ്ചായത്ത്) - പൈപ്പുകളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

പ്രോജക്ട് നമ്പർ - 271/16, 246/17

അടങ്കൽ തുക - 50,00,000/- (എസ്.സി.പി. വിഹിതം)

കരാറുകാരൻ - ശ്രീ. സന്തോഷ് ജാക്ക്

കരാർ - 172/EE/LSGD/14-15/31.01.15

അളവുപുസ്തകം - 332/13-14

ബിൽ നമ്പർ - 121/25.01.16 - 702187

കുഴൽകിണർ, 30000 ലിറ്റർ ശേഷിയുള്ളതും വാട്ടർ ടാങ്ക് എന്നിവ നിർമ്മിച്ച് പ്ലംബിങ്ങ് പ്രവൃത്തി ചെയ്ത് കുടിവെള്ള വിതരണം നടത്തുന്നതിനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. 2016-17 വർഷം പൂർത്തിയാക്കിയ പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി വാങ്ങിയ പൈപ്പുകളുടെ ഗുണനിലവാരം പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ഗുണനിലവാരം പരിശോധന നടത്താതെ പൈപ്പുകൾ സ്ഥാപിച്ചത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-31 കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്യൽ, റീസ്റ്റോറേഷൻ ചാർജ്ജ് അടവാക്കൽ -വിവരങ്ങൾ ലഭ്യമല്ല.

അടങ്കൽ തുക - 72,50,000/- (സംരക്ഷണ ഗ്രാന്റ്-റോഡിതരം)

4,33,000/- (തനതു ഫണ്ട്)

76,83,000/-

സാങ്കേതികാനുമതി - 74 ലക്ഷം

കരാറുകാരൻ - ശ്രീ. കെ.പി. ജോഷി

കരാർ - 133/EE/LSGD/27.10.14

ബിൽ നമ്പർ - 253/15-16/30.03.16 - 71,58,505/- രൂപ

കാറളം ഗ്രാമപഞ്ചായത്തിലെ നന്തി - താണിശ്ശേരി റോഡ് റീടാറിങ്ങ്, കൾവർട്ട് നിർമ്മാണ പ്രവൃത്തി (പ്രോജക്ട് നം. 153/16)യുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ഇട്ട ഭാഗങ്ങളിൽ റോഡ്

ബലപ്പെടുത്തുകയുണ്ടായി. ടി ഭാഗത്തുള്ള മണ്ണ് നീക്കം ചെയ്തശേഷം ക്വാറി വേയ്സ്റ്റ് ഇട്ട് റോഡ് ബലപ്പെടുത്തുന്നതിനായി അടങ്കലിൽ തുക വകയിരുത്തിയിരുന്നു. ഇതിന്റെ ഫലമായി 289.77$m^3$ മണ്ണ് കുഴിച്ചെടുത്ത് ഏറ്റവും അടുത്തുള്ള ഗ്രൗണ്ടിൽ നിക്ഷേപിച്ചതായി അളവുപുസ്തകം നമ്പർ 294/13-14 പേജ് 22ൽ രേഖപ്പെടുത്തിയിരുന്നു. ടി മണ്ണ് ലേലം ചെയ്യാവുന്നതാണെന്നും അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ മണ്ണ് ലേലം ചെയ്ത് ജില്ലാ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയതിന്റെ വിവരം ഫയലിലില്ല. ആയത് പരിശോധനയ്ക്കായി എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

പണി നടന്നുകൊണ്ടിരിക്കെ കേരള വാട്ടർ അതോറിറ്റി കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിനു വേണ്ടി റോഡ് പൊളിച്ചതിനാൽ തയ്യാറാക്കിയ അടങ്കൽ പ്രകാരം പ്രവൃത്തി ചെയ്യാൻ കഴിയാതെ വന്നതായും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കുന്നതായും അസിസ്റ്റന്റ് എഞ്ചിനീയറുടെ തിയ്യതി രേഖപ്പെടുത്താത്ത റിപ്പോർട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 23.05.15ലെ 10-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി. ഈ തീരുമാനത്തിൽ കേരള വാട്ടർ അതോറിറ്റി റീസ്റ്റോറേഷൻ പ്രവൃത്തിക്കുവേണ്ടി 5,35,000/- രൂപ അടച്ചതായി എക്സി.എഞ്ചിനീയർ അറിയിച്ചതായി സൂചിപ്പിച്ചിട്ടുണ്ട്. പക്ഷെ തുക അടവാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റി പൈപ്പിടൽ പ്രവൃത്തി എന്നു തുടങ്ങി എന്ന് അവസാനിച്ചുവെന്നുമുള്ള വിവരവും ലഭ്യമാക്കേണ്ടതാണ്. മൊത്തം 1109.57$m^2$ വിസ്തീർണ്ണത്തിലാണ് റീസ്റ്റോറേഷൻ പ്രവൃത്തിയെത്തുടർന്ന് ക്വാറി വേയ്സ്റ്റ് ഇട്ടത്. ഇത്രയും വിസ്തീർണ്ണത്തിനുള്ള റീസ്റ്റോറേഷൻ ചാർജ്ജ് ചീഫ് എഞ്ചിനീയറുടെ 18.03.13ലെ R&B/EL/6682/06 നമ്പർ കത്ത് പ്രകാരം 1069625.48 രൂപ (1109.57x964/$m^2$)യാണ് ഈടാക്കേണ്ടത്. ബാക്കി വരുന്ന 5,34,625/-രൂപ കൂടി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

കാറളം ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയറുടെ തിയ്യതി ഇല്ലാത്ത പരിശോധനാ റിപ്പോർട്ടിൽ റോഡിലുള്ള കൾവർട്ടിന്റെ അബട്ട്മെന്റിന് കുറുകെ കേരള വാട്ടർ അതോറിറ്റിയ്ക്ക് വേണ്ടി കുടിവെള്ള പൈപ്പ് ഇട്ടതിനെ തുടർന്ന് ബലക്ഷയം സംഭവിക്കുകയും, മഴവെള്ളത്തിന്റെ ശക്തമായ ഒഴുക്കുമൂലം അടക്കിവച്ച കരിങ്കല്ലുകൾ കൾവർട്ടിന്റെ ഉള്ളിലേക്ക് മറിഞ്ഞുവീണതായും, ആയത് പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി അധികൃതരോട് രേഖാമൂലം ആവശ്യപ്പെട്ടതായും സൂചിപ്പിച്ചിരുന്നു. 8മീറ്റർ നീളവും 60 സെ.മീറ്റർ വീതിയുമുള്ള കൾവർട്ടിന്റെ അറ്റം മൂന്ന് മീറ്റർ നീളത്തിൽ തകർന്നതായി റിപ്പോർട്ടിലുണ്ട്. കേടുപാടു സംഭവിച്ച കാന 20 മീറ്റർ നീളത്തിൽ പുനർനിർണ്ണയിക്കാനും, കൾവർട്ടിന്റെ മുകളിലെ കേടുവന്ന സ്ലാബ് മാറ്റി പുതിയത് സ്ഥാപിക്കാനും, പുതുക്കിയ അടങ്കലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നഷ്ടപരിഹാരത്തുക ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ടിന്റെ പേര് നന്തി - താണിശ്ശേരി റോഡിൽ കൾവർട്ട് നിർമ്മാണവും, റീടാറിങ്ങും എന്നായിരുന്നുവെങ്കിലും അടങ്കലിൽ തുക വകയിരുത്തിയത് റോഡ് വീതികൂട്ടുന്നതിനും കാന നിർമ്മാണത്തിനുമാണ്. ഇരുവശവും 50സെ.മീറ്റർ വീതി കൂട്ടി ഒരു വശം 1100 മീറ്റർ നീളത്തിലും മറുവശം 1950 മീറ്റർ നീളത്തിലും ടാറിങ്ങ് നടത്തുവാനാണ് തുക വകയിരുത്തിയത്. പ്രോജക്ടിന്റെ പേരിൽ വ്യതിയാനം വരുവാനുണ്ടായതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

മേൽ പ്രവൃത്തിക്കുവേണ്ടി 205.22$m^3$ 60mm മെറ്റലും, 652.77$m^3$ 36mm മെറ്റലും സ്റ്റാക് ചെയ്തത് 15.12.14ന് ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്തതായും, അളവുപുസ്തകം 294/13-14 പേജ് 11ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-32 സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല.

18.05.07ലെ സ.ഉ.(എം.എസ്.)നം.133/07/തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏല്പിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1. നിർവ്വഹണ ഏജൻസികൾ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്താൻ പാടില്ല.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള പൊതുമരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി അതാതുകാലങ്ങളിലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരമായിരിക്കണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്.
3. നിർമ്മിതി കേന്ദ്ര, കോസ്റ്റ് ഫോർഡ് തുടങ്ങിയ ഏജൻസികളുടെ തനത് സാങ്കേതിക വിദ്യ ഉപയാഗിച്ച്

നടപ്പാക്കുന്ന ഇനങ്ങൾക്ക് ഈ ഏജൻസികൾ തയ്യാറാക്കിയ ഡാറ്റ ഉപയോഗിക്കാവുന്നതാണ്. എന്നാൽ പ്രവൃത്തിയുടെ ആകെ മതിപ്പ് ചെലവ്, പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും നിബന്ധനകളും അനുസരിച്ച് തയ്യാറാക്കുമ്പോൾ ലഭിക്കുന്ന എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിക്കരുത്.

4. തനത് സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ പ്ലാൻ, എസ്റ്റിമേറ്റ് മുതലായവ ബന്ധപ്പെട്ട ഏജൻസികളും മറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയറുമായിരിക്കണം തയ്യാറാക്കേണ്ടത്.

മേൽ നിർദ്ദേശങ്ങൾ പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ അവരുടെ തനത് സാങ്കേതിക വിദ്യ ഉപയോഗിക്കാത്ത ഇനങ്ങളും നിരക്കുകളും മറ്റും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ പരിശോധിക്കുകയോ, പ്രവൃത്തിയുടെ ആകെ മതിപ്പ് ചെലവ്, പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും, നിബന്ധനകളും അനുസരിച്ച് തയ്യാറാക്കുമ്പോൾ ലഭിക്കുന്ന എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നില്ല. മാത്രമല്ല ഇത്തരം കാര്യങ്ങളിൽ സാങ്കേതിക പരിജ്ഞാനമില്ലാത്ത സെക്രട്ടറിമാർ നിർവ്വഹണ ഉദ്യോഗസ്ഥരായി പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഒരു മേൽപരിശോധനയും കൂടാതെ അക്രഡിറ്റഡ് ഏജൻസികൾക്ക് തുക അനുവദിക്കപ്പെടുന്നു. ഈ സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്.

## 3-33 പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് - കീഴില്ലം അമ്പലനട കുടിവെള്ള പദ്ധതി - ടാക്സ് ഈടാക്കിയതിൽ കുറവ്

പ്രോജക്ട് നമ്പർ - 278/16

അടങ്കൽ - 1500000

കരാർ നമ്പർ &തിയ്യതി - 163/EE/LSGD/2014-15/dt. 15.01.15

അളവുപുസ്തകം - 253/10-11, 792/15-16

നിർവ്വഹണോദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD ഡിവിഷൻ, തൃശ്ശൂർ

ബിൽ നമ്പർ - 345/15-16/31.03.16 - Rs. 380247

കരാറുകാരൻ - കെ. മണികണ്ഠൻ

മേൽ പദ്ധതിയിൽ കണ്ട അപാകതകൾ

1) ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും ഗുണഭോക്തൃ വിഹിതം കുറച്ച തുകയ്ക്കാണ് ടാക്സ് ഈടാക്കിയിരിക്കുന്നത്

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ കീഴില്ലം അമ്പലനട കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബില്ലിൽ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും ഗുണഭോക്തൃ വിഹിതം കുറവു ചെയ്തിട്ടുള്ള തുകയ്ക്കാണ് ടാക്സ് ഈടാക്കിയിരിക്കുന്നത്. ബില്ലിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഈടാക്കിയത് | | ഈടാക്കേണ്ടത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 433330 | 433330 |
| 10% ഗുണഭോക്തൃ വിഹിതം | 43333 | 43333 |
| | 389997 | 389997 |
| റീട്ടെൻഷൻ 2.5% | 9750 | 9750 |
| | 380247 | 380247 |

Recoveries

| ടാക്സ് ഈടാക്കിയത് | ഈടാക്കേണ്ടത് |
|---|---|

| | | | |
|---|---|---|---|
| VAT 4% | 15210 | VAT 4% | 17333 |
| IT 1% | 3802 | IT 1% | 4333 |
| KCWWF 1% | 3802 | KCWWF 1% | 4333 |
| | 22814 | | 25999 |

ടാക്സിനത്തിൽ 3185 രൂപ കുറവ് വന്നിട്ടുണ്ട്. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

2) ടി പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ആനുപാതികമായ ഗുണഭോക്തൃവിഹിതം കുറവു ചെയ്തിട്ടില്ല.

ബില്ലിന്റെ വിശദാംശം താഴെ ചേർക്കുന്നു.

ആകെ പ്രവൃത്തിമൂല്യം - 907227

Limited to 75% - 680420

Recoveries

| ടാക്സ് ഈടാക്കിയത് | | ഈടാക്കേണ്ടത് | |
|---|---|---|---|
| VAT 4% | 27217 | ആകെ പ്രവൃത്തി മൂല്യം | 907227 |
| IT 1% | 6804 | Limited to 75% | 680420 |
| KCWWF | 6804 | 10% ഗുണഭോക്തൃ വിഹിതം | 68042 |
| To contractor | 639595 | To Contractor | 612378 |

ഫൈനൽ ബില്ലിൽ നിന്നും ആനുപാതികമായ ഗുണഭോക്തൃ വിഹിതം കുറവു ചെയ്യേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ - 49 dt. 15.05.2017 ന മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-34 കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലെ കുലയിടം LI തോട് പാർശ്വഭിത്തി സംരക്ഷണം - ഗുണഭോക്തൃ വിഹിതം പിരിച്ചത് സംബന്ധിച്ച്.

പ്രോജക്ട് നം. - 453/16

അടങ്കൽ - 15,00,000/-

കരാർ നമ്പർ & തിയ്യതി - 02/EE/LSGD/2014-15 dt. 07.04.15

പ്രവൃത്തി പൂർത്തിയാക്കേണ്ട തിയ്യതി - 09.10.15 (6 മാസം)

അളവു പുസ്തകം - 642/15-16

പ്രവൃത്തി മൂല്യം - 1205073 (Ist Part Bill)

കരാറുകാരൻ - ശ്രീ. കെ.ജെ. ശ്രീക്കുട്ടൻ

ബിൽ നമ്പർ - 288/15-16 - Rs. 10,78,541/-

മേൽ പ്രവൃത്തിയുടെ അടങ്കൽ 15,00,000/- രൂപയാണ്. ഇതിൽ 1,50,000/- രൂപ സ്ഥാപനത്തിൽ അടവാക്കേണ്ട ഗുണഭോക്തൃവിഹിതം എന്നാണ് പ്രോജക്ടിൽ പറഞ്ഞിരിക്കുന്നത്.

ടി പ്രവൃത്തിയുടെ Ist Part Billൽ നിന്നും 10% ഗുണഭോക്തൃവിഹിതം കുറവ് ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം തിരികെ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ ജില്ലാ പഞ്ചായത്തുമായി കത്തിടപാടുകൾ നടത്തുകയും, റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. (WPC) No. 3207 of 2017.

ബില്ലിന്റെ വിശദവിവരം

ആകെ പ്രവൃത്തിമൂല്യം - 1205073

(-) ടെണ്ടർ കുറവ് - 6025

1199048

(-) ഗുണഭോക്തൃ വിഹിതം - 120507

1078541

റിക്കവറീസ്

1078541

VAT 4% - 43142

IT 1% - 10785

KCWWF - 10785 64712

1013829

DD No. 945862/13.04.16 - Rs. 10,13,829/-

താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ നൽകേണ്ടതാണ്.
2. കരാർ പ്രകാരം 09.10.15ൽ പൂർത്തിയാകേണ്ട പ്രവൃത്തിയാണിത്. ടി പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടില്ലെങ്കിൽ ടി തുക പിരിച്ച് സ്ഥാപനത്തിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമനടപടികളുടെ ഭാഗമായി കരാറുകാരന് ഗുണഭോക്തൃവിഹിതം തിരിച്ചുകൊടുക്കേണ്ട സാഹചര്യം വന്നാൽ ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കും.

## 3-35 മരാമത്ത് പ്രവൃത്തിയിൽ നിന്നും ടാക്സ് ഈടാക്കിയതിൽ കുറവ്

പ്രോജക്ട് നം. - 269/16- തൃക്കണപതിയാരം, നെല്ലുവായ്, കരിയന്നൂർ കുടിവെള്ള പദ്ധതികൾ

അടങ്കൽ - 45,00,000/-

ട്രഷറി ബിൽ നം. - 337/31.03.16 - Rs. 38,66,021/-

കരാറുകാരൻ - ഹക്കിം

എം.ബുക്ക് നം. - 596/15-16

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ,ജില്ലാ പഞ്ചായത്ത്

മേൽ പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 43,38,969/- രൂപയാണ്. ഇതിൽ നിന്നും ടെണ്ടർ കുറവ് 1% കഴിച്ച് ബാക്കി തുകയായ 42,95,579/- രൂപയുടെ നിശ്ചിത നിരക്കിലാണ് ടാക്സ് ഈടാക്കേണ്ടത്. എന്നാൽ കണക്കാക്കിയത് താഴെ പറയും പ്രകാരമാണ്.

| ടാക്സ് പിടിക്കേണ്ടത് | ടാക്സ് പിടിച്ചത് |
|---|---|
| ആകെ പ്രവൃത്തിമൂല്യം - 4338969.00 | 4295579.00 |
| (-)1% ടെണ്ടർ കുറവ് - 4295579.00 | Ben.Contri - 429558.00 |
| VAT 4% - 171823.00 | 3866021.00 |
| | |

| | |
|---|---|
| IT 1% - 42956.00<br>KCWWF 1% - 42956.00<br>ആകെ നികുതി - 257735.00 | VAT 4% - 154641.00<br>IT 1% - 38660.00<br>KCWWF - 38660.00<br>ആകെ നികുതി - 231961.00 |

നികുതി ഈടാക്കിയതിൽ കുറവ് - 25,774/- രൂപ

കുറവ് വന്ന തുക എത്രയും വേഗം ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

കൂടാതെ നെല്ലുവായ്, തൃക്കണപതിയാരം എന്നീ പദ്ധതികളിലെ നിലവിലുള്ള പമ്പ് സെറ്റുകൾ എന്തുചെയ്തുവെന്നതും വ്യക്തമാക്കേണ്ടതാണ്.

(എൻക്വയറി നം. 70/19.05.17)

## 3-36 അടങ്കലിൽ അപാകത – ടാറിങ്ങ് കുറഞ്ഞ അളവിൽ നടത്തി – അധിക ചെലവ്

പ്രോജക്ട് നമ്പർ - 293/16 (കാട്ടകാമ്പാൽ പഞ്ചായത്തിലെ അരുവായ് പത്തങ്ങാടി റോഡ് ഫില്ലിങ്ങ്, സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ്

അടങ്കൽ തുക - 15,30,000/-

കരാറുകാരൻ - ശ്രീ. വി. ഉണ്ണികൃഷ്ണൻ

കരാർ - 5/EE/LSGD/14-15/10.04.15

ബിൽ നം. - 285/31/3/16, തുക13,99,397/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ

മേൽ പ്രവൃത്തിയുടെ അടങ്കലിൽ 1712$m^2$ വീതം സോളിങ്ങ്, മെറ്റലിങ്ങ് നടത്തി 1600$m^2$ മാത്രം ടാറിങ്ങ് ചെയ്യുവാനാണ് ലക്ഷ്യമിട്ടിരുന്നത്. യഥാസമയം ടാറിങ്ങ് നടത്താതെ, മെറ്റലിങ്ങ് നടത്തിയതുകൊണ്ട് റോഡിന് പ്രയോജനമൊന്നും ലഭിക്കില്ല. ഇത് റോഡ് കേട്ടു വരാനും ടാറിങ്ങ് നടത്തുമ്പോൾ റോഡിന്റെ കെട്ടുറപ്പിനെ പ്രതികൂലമായി ബാധിക്കുവാനും ഇടവരുത്തുന്നതാണ്.

മേൽ വിവരിച്ച പ്രവൃത്തിയിൽ 1698.50$m^2$ വിസ്തീർണ്ണത്തിൽ സോളിങ്ങ്, മെറ്റലിങ്ങ് നടത്തിയിട്ടുണ്ടെങ്കിലും 1668.50$m^2$ മാത്രം ടാറിങ്ങാണ് ചെയ്തിട്ടുള്ളത്. ടാറിങ്ങിന് അനസൃതമായി ഗ്രേഡഡ് മെറ്റൽ, 36mm മെറ്റൽ, ചുവന്ന മണ്ണ് എന്നിവ വാങ്ങി സോളിങ്ങ്, മെറ്റലിങ്ങ് എന്നിവ നടത്തുന്നതിന് പകരം കൂടുതൽ അളവിൽ ഇവ വാങ്ങി പ്രവൃത്തി നടത്തുകയാണ് ഉണ്ടായിട്ടുള്ളത്. ഇതുമൂലമുണ്ടായ അധികച്ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

ഇനം 2

| ആവശ്യമായ ഗ്രേഡഡ് മെറ്റൽx നിരക്ക്, തുക | വാങ്ങിയ ഗ്രേഡഡ് മെറ്റൽxനിരക്ക് | അധികം |
|---|---|---|
| 166.85x1203/$m^2$=200720.55 | 169.85x1203/$m^2$=204329.55 | 3609/- |

ഇനം 5

| ആവശ്യമായ 36mm മെറ്റൽxനിരക്ക് | വാങ്ങിയ 36mm മെറ്റൽxനിരക്ക് | അധികം |
|---|---|---|
| 166.85x1311/$m^2$=218740.35 | 169.85x1311$m^2$=222673.55 | 3933 |

ഇനം 3

| ആവശ്യമായ ചുവന്ന മണ്ണ്xനിരക്ക് | വാങ്ങിയ ചുവന്ന മണ്ണ്xനിരക്ക് | |
|---|---|---|

| | | |
|---|---|---|
| 1668.50x0.20/10m²+1668.50x0.15/m² =58.39<br>58.39x447/ m²=26100.33 | 1698.50x0.20/10+1698.50x0.15/10 =59.447<br>59.447x447/ m²=28356.22 | 2255.89 |

ഇനം 4 - സോളിങ്ങ്

| ആവശ്യമായ സോളിങ്ങ് തുക | ചെയ്ത മെറ്റലിങ്ങ് തുക | അധികം |
|---|---|---|
| 1668.50x839/10 m²<br>=139987.15 | 1698.50x839/10 m²<br>=142504.15 | 2517/- |

ഇനം 6 – മെറ്റലിങ്ങ്

| ആവശ്യമായ മെറ്റലിങ്ങ് തുക | ചെയ്ത മെറ്റലിങ്ങ് തുക | അധികം |
|---|---|---|
| 1668.50x839/10 m²<br>=139987.15 | 1698.50x839/10 m²<br>=142504.15 | 2517 |

ആകെ അധികം ചെലവ് - 3609+3933+2255.89+2517+2517=14831.89

അതായത്:- 14832/-

ശരിയായി അടങ്കൽ തയ്യാറാക്കാത്തതുമൂലം അധികച്ചെലവ് വരുവാനുണ്ടായതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 3-37 മരാമത്ത് പ്രൊജക്ടുകൾ മോണിട്ടറിങ്ങ് നടത്തുന്നില്ല

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ/തിയതി 16.11.13 ലെ ഖണ്ഡിക 19 പ്രകാരം പ്രൊജക്ട് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്.അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് പൊതുമരാമത്ത് (വൈദ്യുതി,ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവ്വഹിക്കേണ്ടത്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2015-16 വർഷത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ട് നിർവ്വഹണത്തിൽ നടന്നിട്ടില്ല. സ.ഉ.(എം.എസ്)233/12/തസ്വഭവ തിയതി 7.9.12 ന്റെ അനുബന്ധം 5 പ്രകാരമുള്ള മോണിട്ടറിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രത്തോടുകൂടിയുള്ള പ്രൊജക്ട് പൂർത്തീകരണ പത്രം ഇല്ലാതെയാണ് ബിൽ തുക നല്കിയിരിക്കുന്നത്. മോണിട്ടറിംഗ് നടത്താതെ തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-38 പൊതുമരാമത്ത് മേഖല- വാർഷികപദ്ധതിയിൽ വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ,വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ,ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/വകയിരുത്തിയത് ₹ | നടപ്പാക്കിയത്/ ചെലവഴിച്ചത് ₹ | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 443 | 268 | 60.4 |
| തുക | 713167596 | 316645846 | 44.3 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 60%പ്രൊജക്ടുകളിൽ തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 44.3% തുകയാണ് ചെലവഴിച്ചിട്ടുള്ളത്. അസംഖ്യം പ്രൊജക്ടുകൾ വയ്ക്കുകയും പകുതിയോളം പ്രൊജക്ടുകൾ നിർവഹിക്കാതിരിക്കുകയുമാണ് ഉണ്ടായിരിക്കുന്നത്. വകയിരുത്തിയ ഫണ്ടിന്റെ പകുതി പോലും ചെലവാക്കാനായിട്ടില്ല. പ്രൊജക്ട് തയ്യാറാക്കുന്നതിനായി ചെലവഴിക്കപ്പെട്ട മാനവവിഭവശേഷി വൃഥാവിലായിപ്പോയിരിക്കുകയാണ്. തന്മൂലം പ്രൊജക്ട് നടപ്പാകുന്നതിലൂടെ ജനങ്ങൾക്ക് ലഭ്യമാകുമായിരുന്ന സേവനങ്ങൾ നഷ്ടപ്പെടുകയോ കാലതാമസം സംഭവിക്കുകയോ ചെയ്യുന്നു. പ്രൊജക്ടുകളുടെ ബാഹുല്യമാണോ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിമിതമായ മാനവവിഭവശേഷിയാണോ എന്നു തുടങ്ങി പദ്ധതി നിർവ്വഹണത്തിലുള്ള കുറവിന് കാരണം ജില്ലാ പഞ്ചായത്ത് പരിശോധിക്കേണ്ടതും ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

## 3-39 അധികനിരക്ക് നൽകി

നിർവ്വഹണഉദ്യോഗസ്ഥൻ : എക്സിക്യൂട്ടീവ് എഞ്ചിനീയർ
പ്രവൃത്തിയുടെ പേര് : മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഊരകം സബ്സെന്റർ നിർമ്മാണം

പ്രൊജക്ട് നം. : 434/16,

വകയിരുത്തിയ തുക :1800000(പൊതുവിഭാഗം വികസനഫണ്ട്)

സാങ്കേതികാനുമതി :259/ഇ.ഇ/എൽ.എസ്.ജി.ഡി/13-14/1.2.14

കരാറുകാരൻ : ശ്രീ. വി.എസ്.രവീന്ദ്രൻ(എസ്റ്റിമേറ്റ് നിരക്ക്)

ചെലവഴിച്ച തുക : ട.ബി.നം.90/10.12.15;₹665235

ട.ബി.നം.292/31.3.16;₹867031

അളവ് പുസ്തകം : 420/13-14,421/13-14,664/15-16, 663/15-16

2012-13 വർഷത്തിൽ ആരംഭിച്ച പ്രൊജക്ടാണിത്. 2012 ലെ SOR പ്രകാരമാണ് എസ്റ്റിമേററ് തയ്യാറാക്കിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ 1ാമത്തെ ഇനം Earth work excavation in ordinary soil and depositing with lead upto 50 m and lift upto 1.5 m എന്നതായിരുന്നു. ഈയിനത്തിന് എസ്റ്റിമേററിൽ വകയിരുത്തിയ നിരക്ക് 2710/10m3 എന്നതായിരുന്നു. എന്നാൽ 2012 ലെ SOR പ്രകാരം ഈ നിരക്ക് hard soil ന് നൽകേണ്ട നിരക്കാണ്. ordinary soil ന് നൽകാവുന്ന നിരക്ക് 1452/10m3 എന്നതായിരുന്നു. നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നൽകാവുന്ന നിരക്ക്

| | | | | | |
|---|---|---|---|---|---|
| 51 | | Earth work excavation in Ordinary soil and depositing on bank with initial lead up to 50 m and lift upto 1.5 m including breaking clods, watering , ramming and sectioning of spoil bank ,etc. complete | 10 m3 | | |
| | 1.10 | Man | Each | 377.00 | 414.70 |
| | 2.25 | Man | Each | 377.00 | 848.25 |
| | | Total | | | 1262.95 |
| | | CP 10% and Overhead charges 5% on Rs | | 1262.95 | 189.44 |
| | | Total | | | 1452.39 |

നൽകിയ നിരക്ക്

| | | | | | |
|---|---|---|---|---|---|
| 52 | | Earth work excavation in Hard soil and depositing on bank with initial lead up to 50 m and lift upto 1.5 m including breaking clods, watering , ramming and sectioning of spoil bank ,etc. complete | 10 m3 | | |
| | 4.00 | Man | Each | 377.00 | 1508.00 |
| | 2.25 | Man | Each | 377.00 | 848.25 |
| | | Total | | | 2356.25 |
| | | CP 10% and Overhead charges 5% on Rs | | 2356.25 | 353.44 |
| | | Total | | | 2709.69 |

അളവ് പുസ്തകം (663/15-16) പ്രകാരം 46.92 $m^3$ പ്രവൃത്തി നിർവ്വഹിച്ചതിന് 2710/10$m^3$ എന്ന നിരക്കിൽ 12715 രൂപ കണക്കാക്കി നൽകിയിട്ടുണ്ട്. 1452/10m3 നിരക്കിൽ നൽകാവുന്ന തുക 6813 രൂപ (46.92$m^3$ x 1452/10$m^3$)യായിരുന്നു. Hard soil ന്റെ നിരക്ക് അനുവദിച്ചത് മൂലം 5902 രൂപ (12715-6813) കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-40 7 ലക്ഷത്തോളം ചെലവഴിച്ച പ്രവൃത്തി മുടങ്ങിക്കിടക്കുന്നു

നിർവ്വഹണഉദ്യോഗസ്ഥൻ : എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രവൃത്തിയുടെ പേര് :എരുമപ്പെട്ടി ഹൈസ്കൂളിൽ കളിസ്ഥലം, കമ്പ്യൂട്ടർ ലാബ് നിർമ്മാണം

പ്രൊജക്ട് നം : 298/14,126/16

അടങ്കൽ : ₹4000000(വികസനഫണ്ട്)

സാങ്കേതികാനുമതി :340/ഇ.ഇ/എൽ.എസ്.ജി.ഡി/13-14/തിയതി 21.2.14;₹2480000

കരാറുകാരൻ : ശ്രീ.പി.എ.വർഗ്ഗീസ്(എസ്റ്റിമേറ്റ് നിരക്ക്)

ചെലവഴിച്ച തുക : ട.ബി.നം.133/29.2.16;₹729907

കരാർ നമ്പർ : 159/EE/LSGD/7.1.2015

അളവ് പുസ്തകം : 416/13-14

2013-14 ൽ തുടങ്ങിയ ബഹുവർഷപ്രൊജക്ടാണിത്. 2013-14 ൽ 10 ലക്ഷം രൂപയും 2014-15 വർഷത്തിൽ 15 ലക്ഷം രൂപയും 2015-16 ൽ 15 ലക്ഷം രൂപയുമടക്കം 40 ലക്ഷം രൂപയാണ് പ്രൊജക്ടിൽ വകയിരുത്തിയിരുന്നത്. എരുമപ്പെട്ടി സ്കൂൾ ഗ്രൗണ്ടിൽ ഗാലറി, ടോയ്ലെറ്റ്, ഡ്രസ്സിങ്ങ് റൂം, ഹെൽത്ത് ക്ലബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേററ് തയ്യാറാക്കിയിരിക്കുന്നത്. 2012ലെ SOR പ്രകാരം കരാറുകാരന്റെ ലാഭവിഹിതവും ഓവർഹെഡും ഉൾപ്പെടുത്തിയാണ് എസ്റ്റിമേററ് തയ്യാറാക്കിയിരിക്കുന്നത്. 7.1.15 നാണ് പ്രവൃത്തി ചെയ്യേണ്ട സൈറ്റ് കൈമാറിയിരിക്കുന്നത്. കരാർ പ്രകാരം സൈറ്റ് കൈമാറി 15 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. അതനുസരിച്ച് 6.3.16 നാണ് പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നത്.

2013-14 ൽ തയ്യാറാക്കിയ പ്രൊജക്ടാണെങ്കിലും 2014-15 ലാണ് പ്രവൃത്തി ആരംഭിച്ചിരിക്കുന്നത്. 2015-16 ൽ ഒന്നാം പാർട്ട് ബിൽ പ്രകാരം 729907 രൂപ (ആകെ പ്രവൃത്തി മൂല്യം, 748623-റിടെൻഷൻ, 18716)കരാറുകാരന് നൽകിയിട്ടുണ്ട്. എസ്റ്റിമേററിലെ അപ്പൻഡിക്സ് B യിൽ പറഞ്ഞിരിക്കുന്ന ഹെൽത്ത് ക്ലബ് നിർമ്മാണത്തിന്റെ 1 മുതൽ 9 വരെയുള്ള ഇനങ്ങളാണ് ചെയ്തിരിക്കുന്നത്. അതിനുശേഷം പ്രവൃത്തിയൊന്നും നടന്നിട്ടില്ല. 2016-17 ൽ ഈ പ്രൊജക്ട് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയെങ്കിലും(നം.95/17-അടങ്കൽ₹3270093) തൻ വർഷം ചെലവൊന്നും നടന്നിട്ടില്ല. പൂർത്തീകരണ കാലാവധി 8 മാസം ദീർഘിപ്പിച്ചു കിട്ടാൻ കരാറുകാരനായ ശ്രീ.പി.എ.വർഗ്ഗീസ് 7.6.16ൽ അപേക്ഷ

സമർപ്പിച്ചിരുന്നെങ്കിലും നിശ്ചിത പ്രഫോർമയിൽ സമർപ്പിക്കാൻ ആവശ്യപ്പെട്ട് മടക്കിയിരുന്നു. പിന്നീട് കാലാവധി ദീർഘിപ്പിച്ച് സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടിട്ടുമില്ല.

ശ്രീ.പി.എ.വർഗ്ഗീസിന്റെ 15.12.16 ലെ അപേക്ഷയിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുകയില്ലെന്നും അതിനാൽ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി തരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഭരണസമിതിയുടെ പരിഗണനയിലാണ്.

പ്രൊജക്ടിൽ 4000000 രൂപ വകയിരുത്തിയതായി കാണുന്നു. എന്നാൽ എസ്റ്റിമേറ്റ് തുക 2480000 രൂപയാണ്. എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം 2448215 മാണ് കരാറുകാരൻ സമ്മതിച്ചിരിക്കുന്ന തുക. സാങ്കേതികാനുമതി നൽകിയിരിക്കുന്നത് 2480000 രൂപക്കാണ്. സാങ്കേതികാനുമതി രേഖയിൽ കമ്പ്യൂട്ടർ ലാബ് നിർമ്മാണം എന്നത് വെട്ടിക്കളയുകയും തുകയിൽ തിരുത്തൽ വരുത്തുകയും ചെയ്തിട്ടുണ്ട്

2480000 രൂപക്ക് സാങ്കേതികാനുമതി നൽകിയ പ്രവൃത്തിക്ക് 4000000 രൂപ വകയിരുത്തിയതായി കാണുന്നു. 2015-16 ൽ ₹729907ചെലവഴിച്ചതിന് ശേഷം 2016-17 ൽ ₹3270093 സ്പിൽ ഓവർ ആയും ഉൾപ്പെടുത്തിയിരിക്കുന്നു. എസ്റ്റിമേറ്റിനേക്കാൾ അധികം തുക പ്രൊജക്ടിൽ വകയിരുത്തിയത് മൂലം മറ്റ് പ്രവൃത്തികൾക്ക് വകയിരുത്താവുന്ന തുകയാണ് പ്രയോജനമില്ലാതെ പോയത്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും കരാറിലെ വ്യവസ്ഥകൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-41 ആശാരിക്കോട് എസ്.സി. കോളനി റോഡ് - കാന നിർമ്മാണം- അപാകതകൾ

പ്രോജക്ട് നം. - 320/15, 256/16 (ബഹുവർഷ പ്രോജക്ട്)

അടങ്കൽ തുക - 7,50,000/- (2014-15 കാന നിർമ്മാണം)

,, - 7,40,000/- (2015-16 റോഡ് നിർമ്മാണം)

- 10,000/- (2015-16 റോഡ് നിർമ്മാണം)

- 15,00,000/- (1490000/- വികസന ഫണ്ട് എസ്.സി.പി)

(10,000/- തനതു ഫണ്ട്)

ബിൽ നമ്പർ - 2014-15ലേത് ഹാജരാക്കിയിട്ടില്ല. - 7,50,000/-

,, - 35/11.09.15 - 7,00,002/-

അളവു പുസ്തകം - 155/12-13

കരാറുകാരൻ - ശ്രീ. എം.വൈ. ജോർജ്ജ്

കരാർ - 51/EE/4590/14 -15/11.06.14

അടങ്കൽ പ്രകാരം 500 മീറ്റർ സോളിങ്ങ്, 600 മീറ്റർ മെറ്റലിങ്ങ്, 650 മീറ്റർ ടാറിങ്ങ്, 35 മീറ്റർ നീളത്തിൽ കാന നിർമ്മാണം, കൾവർട്ട് നിർമ്മാണം എന്നിവയാണ് ചെയ്യേണ്ട പ്രവൃത്തികൾ

അപാകതകൾ

1. അടങ്കൽ പ്രകാരമുള്ള കാനനിർമ്മാണം നടത്തിയിട്ടില്ല. പകരം 10.50 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മാണമാണ് നടത്തിയിട്ടുള്ളത്. കാന നിർമ്മാണം നടത്താത്തതിന്റെ കാരണം ഫയലിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.
2. 12-ാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ.(എം.എസ്.)362/13/തസ്വഭവ /16.11.13)കോളനികളിലെ റോഡുകൾക്കു വേണ്ടിയാണ് എസ്.സി.പി. ഫണ്ട് ചെലവഴിക്കേണ്ടത്. മാത്രമല്ല കോളനിയിലേക്കുള്ള റോഡിന് വികസന ഫണ്ട് ആണ് ചെലവഴിക്കേണ്ടത്. ഇവിടെ കോളനിയിലേക്കുള്ള റോഡ് നിർമ്മാണത്തിന് വേണ്ടിയാണ് എസ്.സി.പി. ഫണ്ട് ചെലവഴിച്ചിരിക്കുന്നത്.

അംഗീകരിച്ച പദ്ധതിയും സബ്സിഡി മാർഗ്ഗരേഖയും വിരുദ്ധമായി എസ്.സി.പി. ഫണ്ട് ഉപയോഗിച്ചതിന് സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കുന്നതുവരെ സാമ്പത്തികവർഷം ചെലവുചെയ്ത 7,00,002/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-42 മുല്ലശ്ശേരി ഗ്രൗണ്ടിന്റെ നവീകരണം-നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണഉദ്യോഗസ്ഥൻ : എക്സിക്യൂട്ടീവ് എഞ്ചിനീയർ
പ്രൊജക്ട് നം : 1128/13,69/15,105/16

അടങ്കൽ : ₹3500000 (വികസനഫണ്ട്)

സാങ്കേതികാനുമതി : 994/12-13/തിയതി 26.2.13;₹3500000

പുതുക്കിയ സാങ്കേതികാനുമതി : 70/15-16/3.8.15

നിർവ്വഹണഏജൻസി : ജില്ലാ നിർമ്മിതി കേന്ദ്രം

ചെലവഴിച്ച തുക : 400000 (അഡ്വാൻസ്)

306414 (2014-15)

ട.ബി.159/ 15.3.16; തുക – 1850330

കരാർ നമ്പർ : 557/12-13/22.3.13

അളവ് പുസ്തകം : 362/12

മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ മുല്ലശ്ശേരി ഗ്രൗണ്ടിന്റെ നവീകരണപ്രവൃത്തികൾക്കായുള്ള ഈ പ്രൊജക്ട് 2012-13 ലാണ് ആരംഭിച്ചത്. ചുറ്റുമതിൽ, സ്റ്റേജ്, ഗ്യാലറി എന്നിവയുടെ നിർമ്മാണവും ഗ്രൗണ്ട് ഫില്ലിംഗുമായിരുന്നു പ്രൊജക്ടിൽ ഉദ്ദേശിച്ചിരുന്നത്. 20 ലക്ഷം രൂപയുടേതായിരുന്നു എസ്റ്റിമേററ്. എർത്ത് ഫില്ലിംഗ് നടത്തിയാൽ മാത്രമേ ഗ്രൗണ്ട് പൂർണ്ണമായും പ്രയോജനപ്പെടുത്താനാവൂ എന്ന ഡിവിഷൻ മെമ്പറുടെ അഭിപ്രായത്തെത്തുടർന്ന് എസ്ററിമേറ്റ് പിന്നീട് 35ലക്ഷം രൂപയായി പുതുക്കിയിട്ടുണ്ട്. 31.3.16 വരെ 2556744 രൂപ പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുണ്ട്. കരാറിലെ 3ാമത്തെ വ്യവസ്ഥ പ്രകാരം ഉടമ്പടിയിൽ ഏർപ്പെട്ട് മുൻകൂർ തുക ലഭ്യമാകുന്ന മുറക്ക് പ്രവൃത്തി ആരംഭിക്കുമെന്നും തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അനുമതിക്ക് വിധേയമായി നിർമ്മാണം 12 മാസത്തിനകം പൂർത്തിയാക്കുകയും ചെയ്യുമെന്നും പറഞ്ഞിരുന്നു. പിന്നീട് 31.3.16 വരെ പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തിയായിട്ടില്ല.

നിർമ്മിതി കേന്ദ്രം എക്സിക്യൂട്ടീവ് സെക്രട്ടറി&പ്രൊജക്ട് മാനേജരുടെ 8.2.2017 ലെ പിപിജി/433/12ാം നമ്പർ കത്തിൽ നിർമ്മിതി കേന്ദ്രത്തിന് ഗ്രൗണ്ട് ഫില്ലിംഗ് എന്ന ഇനം ചെയ്യാൻ സാധിക്കാതെ വന്നതായും ആയതിനാൽ എസ്റ്റിമേററ് പ്രകാരമുള്ള ground earth filling എന്നത് ഒഴിവാക്കി 2113382 രൂപയുടെ ഫൈനൽബിൽ തയ്യാറാക്കി സമർപ്പിക്കുന്നതായും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക തിരികെ നൽകാമെന്നും നിർമ്മിതി അറിയിച്ചിട്ടുണ്ട്.

എസ്റ്റിമേറ്റിലെ 1-ാമത്തെ ഇനമായ ground earth filling എന്നത് 1773.62 $m^3$ നിർവ്വഹിക്കുന്നതിന് 1093614 രൂപയായിരുന്നു വകയിരുത്തിയിരുന്നത്. ഇത് ഒഴിവാക്കുന്നതിനാണ് നിർമ്മിതി ആവശ്യപ്പെട്ടിരിക്കുന്നത്. നിർമ്മിതിക്ക് ഇതിനകം 2414841 രൂപ (ടാക്സ്, ക്ഷേമനിധിവിഹിതം എന്നിവ ഒഴിവാക്കി) നൽകിയിട്ടുണ്ട്. 301459 രൂപ (2414841-2113382) അധികം നൽകിയിട്ടുണ്ട്.

സ.ഉ.(എം.എസ്.)133/2007/18.5.2007 ലെ ഖണ്ഡിക 3 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള പൊതുമരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കിയാവണം. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന SOR അനുസരിച്ച് വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. നിർമ്മിതി കേന്ദ്രം, കോസ്റ്റ്ഫോഡ് തുടങ്ങിയ ഏജൻസികളുടെ തനത് സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ ആകെ മതിപ്പ് ചെലവ് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച മാനദണ്ഡങ്ങളും നിബന്ധനകളും അനുസരിച്ച് തയ്യാറാക്കുമ്പോൾ ലഭിക്കുന്ന എസ്റ്റിമേറ്റ് തുകയെക്കാൾ അധികമാകരുത്. എന്നാൽ ഇതിൽ നിന്നും വിഭിന്നമായി താഴെ പറയുന്ന ഇനങ്ങൾക്ക് അധികനിരക്ക് നൽകിയിട്ടുണ്ട്.

| ഇനം | എസ്റ്റിമേറ്റിലെ നിരക്ക് | SOR 2012പ്രകാരം ചാവക്കാട് താലൂക്കിലെ നിരക്കും (cp&overhead ഒഴികെ) നൽകാവുന്ന തുകയും | അളവ് പുസ്തകം 362/12 പ്രകാരം നൽകിയ നിരക്ക് | അധികം നൽകിയ തുക₹ |
|---|---|---|---|---|
| 1. Earth filling in the plot including all cost of materials,conveyance charges and labour charges etc.complete. | 6166/10m3 | 2504/10m3 | ഇനം നിർവ്വഹിച്ചിട്ടില്ല. | ---- |
| 16. Earth filling inside the basement including all cost of materials,conveyance charges and labour charges etc.complete.(stage) | 6166/10m3 | 45.68@ 2504/10m3 = 11438 | 45.68 @6166/10m3 = 28166 | 16728 |
| 8.white washing two coats with white cement including all cost of materials (compound wall) | 183/10m2 | 472.11@ 95.53/10m2 = 4510 | 472.11 @183/10m2 =8639 | 4129 |
| ആകെ | | | | 20857 |

ഗ്രൗണ്ടിന്റെ നവീകരണംകൊണ്ട് പൂർണ്ണതോതിൽ പ്രയോജനം ലഭിക്കണമെങ്കിൽ ഫില്ലിംഗ് അത്യന്താപേക്ഷിതമാണെന്ന മെമ്പറുടെ അഭിപ്രായത്തെ തുടർന്നാണ് എസ്റ്റിമേറ്റ് തുക 35 ലക്ഷം രൂപയാക്കി പുതുക്കിയത്. മൊത്തം അടങ്കൽ തുകയുടെ ഏകദേശം 30% വരുന്ന ഇനമായിരുന്നു ഗ്രൗണ്ട് ഫില്ലിംഗ്. ഈയിനം നിർവ്വഹിക്കാതിരിക്കുകയാണെങ്കിൽ ഇതുവരെ ചെയ്ത പ്രവൃത്തിയുടെ തുകയും വ്യർത്ഥമായി തീരുമെന്ന് വ്യക്തമാണ്. ആയതിനാൽ നിർമ്മിതികേന്ദ്രവുമായി ഏർപ്പെട്ട കരാറിലെ വ്യവസ്ഥയനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. അധികം നൽകിയ തുക തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതു പോലെ പി.ഡബ്ലിയു.ഡി നിരക്കനുസരിച്ചുള്ള തുകയിൽ നിജപ്പെടുത്തി മാത്രം നിർമ്മിതി കേന്ദ്രത്തിന് തുക നൽകേണ്ടതാണ്.

## 3-43 വെള്ളാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ - ഗുണഭോക്തൃവിഹിതം പിരിക്കാത്തതുമൂലം നഷ്ടം

പ്രോജക്ട് നമ്പർ - 335/15, 264/16 (കൊരട്ടി ഗ്രാമപഞ്ചായത്ത്)

അടങ്കൽ തുക - 2 ലക്ഷം (വികസന ഫണ്ട് ജനറൽ - 180000

ഗുണഭോക്തൃവിഹിതം - 20000

200000

കരാറുകാരൻ - ശ്രീ. സി.വി.അബ്രഹാം

കരാർ - 141/EE/LSGD/14-15/4.10.14

അളവു പുസ്തകം - 224/12-13

പ്രവൃത്തി മൂല്യം - 1,95,225/-

ബിൽ നം. - 25/11.09.15 - 78,320/-

ജലസേചന പദ്ധതികൾ നടപ്പിലാക്കുമ്പോൾ 10% ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കണമെന്ന വ്യവസ്ഥ പാലിക്കാത്തതുമൂലം അധികം ചെലവുചെയ്ത 19,226/-രൂപ കരാറുകാരനിൽനിന്നോ, ഗുണഭോക്തൃ വിഹിതം കുറവുവരുത്താത്ത എക്സി.എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-44 ഷാരടിക്കുളം - ഉറുമ്പൻകുന്ന് ജലസേചന പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല – ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടില്ല.

പ്രോജക്റ്റ് നമ്പർ - 216/16, 128/17

അടങ്കൽ തുക –

13,50,000/- (വികസന ഫണ്ട്)

1,50,000/- (ഗുണഭോക്തൃ വിഹിതം)

15,00,000/-

കരാറുകാരൻ - ശ്രീ. ടി.എ. ഡേവിസ്

കരാർ - 56/EE/LSGD/14-15/29.03.15

അളവുപുസ്തകം - 451/13-14

ബിൽ നം. - 148/16-17/31.03.17 - 8,01,827/-രൂപ

മാള ബ്ലോക്ക് പഞ്ചായത്തിലെ ആളൂർ ഗ്രാമപഞ്ചായത്തിലെ ഷാരടിക്കുളത്തിൽ 20 HP മോട്ടോർ സ്ഥാപിച്ച് KSEBയിൽ നിന്നും പവർ കണക്ഷൻ എടുത്ത് 1000 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് ജലസേചന പദ്ധതി നടപ്പിലാക്കുവാനായിരുന്ന പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്. എന്നാൽ പിന്നീട് കൂടുതൽ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ, പവർ കണക്ഷൻ എന്നീ ഇനങ്ങൾ ഒഴിവാക്കി. ഇതനുസരിച്ച് 11,02,159/- രൂപയുടെ പ്രവൃത്തി കരാറുകാരൻ ചെയ്യുകയും, ആയതിന്റെ 75% തുകയായ 8,01,821/- രൂപ 2016-17 വർഷം ആദ്യഭാഗിക ബിൽ ആയി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

1576.40 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. 24.05.17ന് 3.15pmന് ആളൂർ ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയപ്പോൾ വൈദ്യുതി കണക്ഷൻ ലഭിക്കാത്തത് മൂലം പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല എന്നു കണ്ടു. ഷാരടിക്കുളത്തിനു സമീപമുള്ള പമ്പ്ഹൗസിൽ 2015ൽ നിർമ്മിതമായ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിച്ചിട്ടുള്ളതായും കണ്ടു. പമ്പ് ഹൗസിന്റെ വാതിലിന് പൂട്ട് ഇട്ടിട്ടില്ല. അതിനാൽ ഇതിനടുത്തുള്ള മോട്ടോർ പമ്പ്സെറ്റിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ കഴിയുകയില്ല. ആയതിന്റെ സുരക്ഷിതത്വം അടിയന്തിരമായി ഉറപ്പുവരുത്തേണ്ടതാണ്.

11 ലക്ഷത്തിലേറെ തുക ചെലവഴിച്ചിട്ടും പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല എന്നത് പദ്ധതി നടത്തിപ്പിലെ അപാകതയായി നിലനിൽക്കുന്നു. ജലസേചന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളിൽ നിന്ന് 10% ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കേണ്ടതാണ്. ഇതനുസരിച്ച് അടങ്കലിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും ഭാഗിക ബിൽ തയ്യാറാക്കിയപ്പോൾ ഗുണഭോക്തൃ വിഹിതം കുറവു ചെയ്തിട്ടില്ല. ഗുണഭോക്താക്കളിൽനിന്ന് ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. പ്രോജക്റ്റിൽ ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കുന്നതിനാണ് വകയിരുത്തിയിരുന്നത്. അവരിൽനിന്ന് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് അന്തിമബില്ലിൽ നിന്നും ആനുപാതികമായ തുക കുറവുവരുത്തേണ്ടതുമാണ്.

പദ്ധതി പ്രവർത്തനക്ഷമമാവാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 3-45 അടങ്കൽ സമർപ്പിക്കും മുൻപേ സാങ്കേതികാനുമതി നല്കി

പ്രോജക്ട് നം. - 572/16 – ചേലക്കര ഗ്രാമപഞ്ചായത്തിലെ പനങ്കുറ് പ്ലാന്റേഷൻ അരിമോടൻ കുന്ന് റോഡ് റീടാറിങ്ങ്

അടങ്കൽ തുക - 5 ലക്ഷം (സംരക്ഷണ ഗ്രാന്റ് റോഡിതരം)

സാങ്കേതികാനുമതി - 57/EE/LSGD/24.07.15

കരാറുകാരൻ - ശ്രീ. ബാബുരാജ്. വി.കെ.

കരാർ - 87/EE/LSGD/15-16/03.12.15

അളവു പുസ്തകം - 565/15-16

ബിൽ നം. - 177/15-16/26.03.16 – 4,19,000/- രൂപ

ടി പ്രവൃത്തിയുടെ അടങ്കൽ സമർപ്പിക്കുന്നതിനായി പഴയന്നൂർ LSGD ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തയച്ചിരിക്കുന്നത് 30.07.15നാണ്. (നമ്പർ D1/17/15/ 30.07.15). ടി കത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നുള്ള കത്ത് ലഭിച്ചതായി സൂചിപ്പിച്ചിട്ടുള്ള നമ്പർ AE/2/15 dt.28.07.15 എന്നാണ്. സാങ്കേതികാനുമതി നൽകിയ എസ്റ്റിമേറ്റ് പരിശോധിച്ചിരിക്കുന്ന തിയ്യതി 10.08.16നുമാണ്. ഇത് സാങ്കേതിക അനുമതി നൽകിയ തിയ്യതിയുമായി പൊരുത്തപ്പെടുന്നില്ല. അതേസമയം സാങ്കേതികാനുമതിയ്ക്കായി ജില്ലാ പഞ്ചായത്തിലെ ബന്ധപ്പെട്ട സെക്ഷൻ നോട്ട് സമർപ്പിച്ചതും സാങ്കേതികാനുമതി നൽകാനായി ടെക്നിക്കൽ അസിസ്റ്റന്റ് ശുപാർശ ചെയ്തിട്ടുള്ളതും 24.07.15നാണ്. അന്നേ ദിവസം ടി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതായി ടെക്നിക്കൽ അസിസ്റ്റന്റ് സൂചിപ്പിച്ചിട്ടുണ്ട്. പക്ഷെ ടി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ചേലക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിയ്ക്കുന്നതും 28.07.15നാണ്.

അടങ്കൽ സമർപ്പിക്കുംമുൻപേ സാങ്കേതികാനുമതി നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-46 സ്ഥലം ഏറ്റെടുക്കും മുൻപേ പ്രവൃത്തി പൂർത്തീകരിച്ചു.

പ്രോജക്ട് നമ്പർ - 115/15, 428/16

അടങ്കൽ തുക – 45,00,000/-(സംരക്ഷണഗ്രാന്റ്–റോഡ്–അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ വിവിധ റോഡുകളുടെ അറ്റകുറ്റപ്പണി)

കരാറുകാരൻ - ശ്രീ. കെ.ബി. അനി

കരാർ - 270/EE/LSGD/13-14/26.02.14 - 7,48,340/-

ബിൽ നമ്പർ - 54/25.09.15 - 2,49,346/-

അളവുപുസ്തകം - 69/12-13

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ വള്ളൂർക്കടവ് റോഡ് സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ്, റീടാറിങ്ങ് (200 മീറ്റർ ടാറിങ്ങ്, 490 മീറ്റർ റീടാറിങ്ങ്) എന്ന പ്രവൃത്തിയുടെ (അടങ്കൽ 10 ലക്ഷം) സ്ഥലം കൈമാറിയ ഫോമിൽ (അപ്പൻഡിക്സ് XVI A) കരാറുകാരൻ സ്ഥലം ഏറ്റെടുത്തതായി ഒപ്പിട്ടത് 28.03.15നാണ്. പക്ഷെ 26.02.14ന് അസി.എഞ്ചിനീയർ മേലൊപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ബിൽ, അളവുപുസ്തകം എന്നിവ പ്രകാരം 30.12.14ന് ആദ്യ അളവെടുക്കലും, 26.03.15ന് അന്തിമ അളവെടുക്കലും കഴിഞ്ഞിട്ടുള്ളതാണ്. (ചെക്ക് മെഷർമെന്റ് യഥാക്രമം 31.12.14, 27.03.15). അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ 26.03.15ന് പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രവും നൽകിയിട്ടുണ്ട്.

കരാറുകാരൻ യഥാസമയം സ്ഥലം ഏറ്റെടുക്കാത്തതിന്റെയും സ്ഥലം ഏറ്റെടുക്കും മുൻപേ പ്രവൃത്തി പൂർത്തീകരിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചതിന്റെയും കാരണം വിശദമാക്കേണ്ടതാണ്. സാമ്പത്തികവർഷം ചെലവുചെയ്ത 249346 രൂപ തടസ്സപ്പെടുത്തുന്നു.

## 3-47 സാംസ്കാരികനിലയം ,പകൽവീട് എന്നിവക്കായി നിർമ്മിച്ച കെട്ടിടത്തിൽ സ്വകാര്യ ക്ലബ് പ്രവർത്തിക്കുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രവൃത്തിയുടെ പേര് | : | മാരാംകോട് സാംസ്കാരിക നിലയം & പകൽവീട് |
| പ്രൊജക്ട് നം | : | 118/16 |
| അടങ്കൽ | : | ₹1500000 (വികസനഫണ്ട്) |
| സാങ്കേതികാനുമതി | : | 279/ഇ.ഇ/എൽ.എസ്.ജി.ഡി/13-14/തിയതി 6.2.14; ₹1500000 |
| കരാറുകാരൻ | : | ശ്രീ.ജോണി.കെ.ടി.(എസ്റ്റിമേറ്റ് നിരക്ക്) |
| ചെലവഴിച്ച തുക | : | ട.ബി.നം.108/28.12.15;₹903421 |
| | | ട.ബി.നം.250/29.3.16;₹307726 |
| കരാർ നമ്പർ | : | 236(A)/EE/LSGD/27.3.14 |
| അളവ് പുസ്തകം | : | 527/13-14,464/13-14 |

കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ മാരാംകോട് എന്ന സ്ഥലത്ത് പകൽവീടും സാംസ്കാരികനിലയവും നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. നിലവിൽ വീഴാറായി കിടക്കുന്ന ഓടിട്ട കെട്ടിടം പൊളിച്ചാണ് പുതിയ കെട്ടിടം പണിയുവാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് എസ്ററിമേറ്റ് റിപ്പോർട്ടിൽ പറയുന്നു. കോടശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.3.10 ലെ A 6083/2013ാം നമ്പർ കത്തിൽ മാരാംകോട് ദേശത്ത് കോടശ്ശേരി വില്ലേജ് സർവ്വെ 638 ൽപ്പെട്ട ഒന്നര സെന്റ് സ്ഥലം സാംസ്കാരികനിലയം സ്ഥാപിക്കുന്നതിനായി മാരാംകോട് ആർട്സ്& സ്പോർട്സ് ക്ലബിനുവേണ്ടി പ്രസിഡണ്ടായ ശ്രീ.ബിബിൻ പോളി കോടശ്ശേരി ഗ്രാമപഞ്ചായത്തിന് വിട്ടു നല്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 18.2.16 ൽ പ്രവൃത്തി പൂർത്തിയാക്കിയതായി പൂർത്തീകരണ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 12,11,147 രൂപയാണ് ഈ പ്രൊജക്ടിന്റെ ആകെ പ്രവൃത്തിമൂല്യം.

2015-16 വർഷത്തെ ഓഡിറ്റിനോനുബന്ധിച്ച് മാരാംകോട് സാംസ്കാരിക നിലയം &പകൽവീട് 24.5.17 ന് കോടശ്ശേരി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് സംഘം സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ വ്യക്തമായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ താഴത്തെ നിലയിൽ മാരാംകോട് തുടർവിദ്യാകേന്ദ്രം പ്രവർത്തിച്ചുവരുന്നു. മുകളിലത്തെ നിലയിലാകട്ടെ ഒരു സ്വകാര്യ ക്ലബാണ് പ്രവർത്തിച്ച് വരുന്നത്. പകൽവീട് പ്രവർത്തിക്കുന്നില്ല. വൈദ്യുതീകരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും വൈദ്യുതി ബന്ധം ലഭിച്ചിട്ടില്ല. കെട്ടിടത്തിന് ജലലഭ്യതക്കുള്ള ഏർപ്പാടുകൾ ചെയ്തിട്ടില്ല. 500 ലിറ്റർ സംഭരണശേഷിയുള്ള വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനായി അളവുപുസ്തകത്തിലെ ഇനം 22 പ്രകാരം 2875 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാട്ടർടാങ്ക് സ്ഥാപിക്കാതെ കെട്ടിടത്തിന്റെ ടെറസിൽ സൂക്ഷിക്കുന്നതായാണ് കാണുവാൻ കഴിഞ്ഞത്.

12 ലക്ഷത്തോളം രൂപ ചെലവഴിച്ച് പകൽവീടിനും സാംസ്കാരികനിലയത്തിനുമായി നിർമ്മിച്ച കെട്ടിടത്തിന്റെ ഒന്നാം നില സ്വകാര്യക്ലബിന് കൈമാറിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം നൽകേണ്ടതാണ്. 2015-16വർഷത്തിൽ ധാരാളം കെട്ടിടനിർമ്മാണപ്രവൃത്തികൾ ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. പ്രൊജക്ടിൽ വിഭാവനം ചെയ്തതിൽ നിന്നും വിഭിന്നമായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടോ എന്നത് ജില്ലാപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

## 3-48 കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെബില്ലിൽ നിന്നും കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം ഇനത്തിൽ ഈടാക്കുന്ന

തുക പ്രത്യേകം പ്രത്യേകം ഡിമാന്റ് ഡ്രാഫ്ററ് എടുത്ത് ക്ഷേമനിധിബോർഡിലേക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഈടാക്കിയ മുഴുവൻ തുകകളും ക്ഷേമനിധിബോർഡിലേക്ക് അയച്ചുകൊടുത്തതിന് ക്ഷേമനിധിബോർഡിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. ക്ഷേമനിധി വിഹിതം ഈടാക്കിയത് അടവാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല .

ഈ സാഹചര്യത്തിൽ ക്ഷേമനിധിബോർഡിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-49 എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തിയില്ല

സ.ഉ.(എം.എസ്) നമ്പർ 362/2013/തസ്വഭവ/തിയതി 16.11.13 ലെ ഖണ്ഡിക 11.13(xiv)(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണപ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ, ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രൊജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവക്ക് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ വിശദമായ സ്ട്രക്ച്ചർ ആയിക്കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയതിനുശേഷം ചെയ്യുകയാണ് വേണ്ടത്. തുകക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ തയ്യാറാക്കിയാൽ അതിന് അംഗീകാരം നൽകുവാനോ പാടില്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷപ്രൊജക്റ്റായി ഏറ്റെടുക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിട നിർമ്മാണ പ്രൊജക്റ്റുകളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്ക് തുക വകയിരുത്താതിരിക്കുകയോ പുതുക്കിയ എസ്റ്റിമേററ് തയ്യാറാക്കുമ്പോൾ ഇലക്ട്രിഫിക്കേഷൻ ഒഴിവാക്കുകയോ ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/പേര് | അടങ്കൽ/സാങ്കേതികാനുമതി | ചെലവഴിച്ച തുക | അപാകതകൾ |
|---|---|---|---|
| എസ്. 434/16<br>മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഊരകം സബ്സെന്റർ നിർമ്മാണം | 1800000;<br>259/ഇ.ഇ/ എൽ.എസ്.ജി.ഡി/13-14/ 1.2.14; 1800000 | ട്ര.ബി.നം. 90/10.12.15;₹665235<br>ട്ര.ബി.നം. 292/ 31.3.16; ₹867031 | പുതുക്കിയ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ ഒഴിവാക്കി |
| എസ്. 506/16<br>എസ്.സി.വനിത സാംസ്കാരികനിലയം | 2500000:<br>71/EE/LSGD/13-14/ 7.11.15 | 2014-15; 1146818<br>ട്രഷറി ബിൽ നമ്പർ 235/ 29.3.16; 1337353 | എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടില്ല |
| എസ്. 229/16<br>ചേലക്കര മെയ്ക് ഗ്രാമസഭാ മന്ദിരം നിർമ്മാണം | 1500000:<br>364/EE/LSGD/13-14/ 21.2.14 | ട്രഷറി ബിൽ നമ്പർ 138/ 29.2.16; 1397115 | പുതുക്കിയ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ ഒഴിവാക്കി |

ഭാഗികമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതുമൂലം മേൽ കെട്ടിടങ്ങളുടെ പൂർണ്ണമായ ഉപയോഗം സാദ്ധ്യമല്ലാതെ വരികയോ ഉപയോഗത്തിന് കാലതാമസം നേരിടുകയോ ചെയ്യുന്നു. കെട്ടിടങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറുന്നതിനും ഇടയാക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-50 ഡോക്ടർ അംബേദ്കർ കുടിവെള്ള പദ്ധതി (നിക്ഷേപ പ്രവൃത്തി) - പൂർത്തീകരിച്ചിട്ടില്ല

ബഹുവർഷ പ്രോജക്ട്

പ്രോജക്ട് നമ്പർ - 819/14

അടങ്കൽ - 46,30,625/- (SCP)

10,000/- (തനതുഫണ്ട്)

പ്രോജക്ട് നമ്പർ - 227/15

അടങ്കൽ - 46,30,625/- (SCP)

10,000/- (തനതുഫണ്ട്)

പ്രോജക്ട് നമ്പർ - 462/16

അടങ്കൽ - 55,90,000/- (SCP)

10,000/- (തനതുഫണ്ട്)

01.10.15ന് കേരള വാട്ടർ അതോറിറ്റിയുടെ തൃശ്ശൂർ പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും, ജില്ലാ പഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറും ചമച്ച കരാറിലെ 4-ാം നമ്പർ നിബന്ധന പ്രകാരം മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ പെരുവല്ലൂർ എന്ന പ്രദേശത്തുള്ള പ്രസ്തുത പ്രവൃത്തി 2016 ഡിസംബർ മാസം പൂർത്തിയാക്കുമെന്നും രണ്ടാഴ്ചക്കകം ഫൈനൽ ബിൽ പകർപ്പ് പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ റിപ്പോർട്ട് എന്നിവ നൽകാമെന്നുമാണ്. പക്ഷെ 16.09.15ന് മുഴുവൻ തുകയും കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയെങ്കിലും നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

ചെലവുവിവരം ചുവടെ ചേർക്കുന്നു.

| ഡി.ഡി. നമ്പർ | തുക |
|---|---|
| 777538/09.04.15 | 50,000/- |
| 566980/16.09.15 | 55,50,000/- |
| ആകെ | 56,00,000/- |

ഒരു ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഓവർഹെഡ് ടാങ്ക് പണിത്, പൈപ്പുകൾ, സബ്മെഴ്സിബിൾ ഓപ്പൺ വെൽ, 20 HP മോട്ടോർ എന്നിവ സ്ഥാപിച്ച് കുടിവെള്ളവിതരണം നടത്തുന്നതിനായിട്ടാണ് പദ്ധതി ലക്ഷ്യമിടുന്നത്.

പദ്ധതി പരിശോധിച്ചതിന്മേലുള്ള അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പദ്ധതി പ്രദേശം സംബന്ധിച്ച് പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

2. കരാറിലെ 2-ാം നമ്പർ നിബന്ധനയനുസരിച്ച് അടങ്കൽ തുകയായ 56 ലക്ഷം രൂപ 2015 ഒക്ടോബർ 3നകം നൽകുമെന്നായിരുന്നുവെങ്കിലും 16.09.2015ന് മുഴുവൻ തുകയും നല്കി. കരാർ ചമയ്ക്കും മുൻപേ, പദ്ധതി തുക കൈമാറിയത് ക്രമപ്രകാരമുള്ള നടപടിയല്ല.

3. കേരള വാട്ടർ അതോറിറ്റി, തൃശ്ശൂർ പി.എച്ച്. ഡിവിഷൻ എക്സി. എഞ്ചിനീയറുടെ 07.01.16ലെ A7-4097/2014 നമ്പർ കത്തിൽ പ്രോജക്ടിൽ 2 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള കുടിവെള്ള ടാങ്ക് എന്ന് കാണിച്ചിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. ജലലഭ്യത കണക്കിലെടുത്ത് 1 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിന്റെ ആവശ്യമേയുള്ളൂവെന്നും പ്രോജക്ടിൽ കുടിവെള്ള ടാങ്കിന്റെ കപ്പാസിറ്റി 1ലക്ഷം ലിറ്റർ എന്നാക്കി മാറ്റിയാലേ പദ്ധതി ആരംഭിക്കുവാൻ സാധിക്കു എന്നും സൂചിപ്പിച്ചിട്ടുണ്ട്. വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 25.02.16ലെ 2(10) നമ്പർ തീരുമാനപ്രകാരം ഇത് അംഗീകരിച്ചു. പക്ഷെ പ്രോജക്ടിൽ ആവശ്യമായ മാറ്റം വരുത്തിയത് സംബന്ധിച്ച വിവരം ഫയലിലില്ല. 03.03.16ന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ D1-3304/15-16 നമ്പർ ഉത്തരവിൽ തുടർനടപടികൾ സ്വീകരിച്ച് എത്രയും പെട്ടെന്ന് പ്രവൃത്തി ആരംഭിക്കുവാൻ കേരള വാട്ടർ അതോറിറ്റി, തൃശ്ശൂർ പി.എച്ച്.ഡിവിഷൻ എക്സി.എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും തുടർന്നുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

4. 21.07.15ലെ കേരള വാട്ടർ അതോറിറ്റി തൃശ്ശൂർ പി.എച്ച്.ഡിവിഷൻ എക്സി.എഞ്ചിനീയറുടെ A7-4097/14 നമ്പർ കത്തിൽ യീൽഡ് ടെസ്റ്റ് നടത്തി, ആവശ്യമായ യീൽഡ് ലഭിച്ചില്ലെങ്കിൽ, പദ്ധതി ഏറ്റെടുക്കാൻ കഴിയില്ലെന്നും സൂചിപ്പിച്ചിരുന്നു. യീൽഡ് ടെസ്റ്റ് നടത്തിയതിന്റെ വിവരവും ഫയലിൽ ലഭ്യമല്ല.

പദ്ധതി പൂർത്തിയാക്കാത്തത് സംബന്ധിച്ചും, പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ചും വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പദ്ധതി എത്രയും വേഗം വിജയകരമായി പൂർത്തിയാക്കി അന്തിമ ബിൽ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. ചെലവു തുക 5600000 രൂപ അപാകതകളുടെ വെളിച്ചത്തിൽ തടസ്സപ്പെടുത്തുന്നു.

## 3-51 സ്കൂളുകളുടെ മെയിന്റനൻസ് - പൊതു അപാകതകൾ

2014-15, 2015-16 വർഷങ്ങളിലായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി ജില്ലാ നിർമ്മിതി കേന്ദ്രം വഴി നടപ്പാക്കിയ സ്കൂളുകളുടെ മെയിന്റനൻസ് എന്ന പദ്ധതിയിൽ ജില്ലാ പഞ്ചായത്തിനു കീഴിലുള്ള 60 സ്കൂളുകളുടെ മെയിന്റനൻസാണ് നിർവ്വഹിച്ചത്. പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പ്പറയുന്ന പൊതുവായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. എം.ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ആകെ നിർവ്വഹിച്ച 60 പ്രവൃത്തികളിൽ 55 പ്രവൃത്തികളുടെ ഫയലുകളാണ് ലഭ്യമാക്കിയത്. എന്നാൽ ഒരു പ്രവൃത്തിയുടെ പോലും എം.ബുക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.66/17.5.17) മറുപടി ലഭ്യമാക്കിയില്ല. എം.ബുക്കിന്റെ അഭാവത്തിൽ ഫയലിൽ ലഭ്യമാക്കിയ ഫൈനൽ ബില്ലിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി പരിശോധിച്ചത്. ഫയൽ പ്രകാരം എല്ലാ പ്രവൃത്തികളുടേയും എം.ബുക്കുകൾ നിർമ്മിതി കേന്ദ്രം ജില്ലാ പഞ്ചായത്തിനു കൈമാറിയിട്ടുണ്ട്.

2. റിവൈസ്ഡ് എസ്റ്റിമേറ്റുകൾ ഭരണസമിതി അംഗീകരിച്ചിട്ടില്ല.
കേരളാ പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 1997, ചട്ടം14(5) പ്രകാരം പൊതുമരാമത്ത് പണി എസ്റ്റിമേറ്റ് നടത്തി വരവേ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്ന പണി ഇനമോ കൂടുതലായി ചെയ്യേണ്ടി വരുന്ന പണിയോ നടത്തേണ്ടി വരുന്ന സംഗതിയിൽ അധികമായി ചെയ്യേണ്ടിവരുന്ന പണിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും, അതിന് ഒറിജിനൽ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ അധികാര സ്ഥാനങ്ങളിൽ നിന്ന് ഭരണാനുമതിയും സാങ്കേതികാനുമതിയുംമുൻകൂട്ടി വാങ്ങേണ്ടതുമാണ്. എന്നാൽ മേൽ പ്രകാരം ലഭ്യമാക്കിയ 55 മെയിന്റനൻസ് പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയത് ഭരണ സമിതി അംഗീകരിക്കുകയോ, നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി കാണുകയോ ചെയ്തിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയാണ് .

3. സൈറ്റ് പരിശോധന നടത്താതെയും സ്കൂൾ അധികൃതരോട് ആലോചിക്കാതെയും എസ്റ്റിമേറ്റ് തയ്യാറാക്കി
ലഭ്യമാക്കിയ 55 പ്രവൃത്തികളിലും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നിട്ടുണ്ട്. സ്കൂൾ അധികൃതർ, പി.ടി.എ. എന്നിവരുടെ ആവശ്യപ്രകാരം ഒറിജിനൽ എസ്റ്റിമേറ്റിലെ നിരവധി പ്രവൃത്തികൾ ഒഴിവാക്കുകയും നിരവധി പ്രവൃത്തികൾ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുമ്പ് ബന്ധപ്പെട്ടവരുമായി കൂടിയാലോചന നടത്തിയിരുന്നുവെങ്കിൽ ഈ സാഹചര്യം ഒഴിവാക്കാമായിരുന്നു.

4. മെയിന്റനൻസിന്റെ ഭാഗമായി ഫർണ്ണീച്ചർ, അഗ്നിശമന ഉപകരണങ്ങൾ എന്നിവ ടെണ്ടർ/ക്വട്ടേഷൻ ഇല്ലാതെ വാങ്ങി സ്ഥാപിച്ചു. - രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ സാധനങ്ങൾ നിർമ്മിതി കേന്ദ്രം വാങ്ങി സ്ഥാപിച്ചതായി കാണുന്നുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എം.ബുക്ക് നമ്പർ | ഇനങ്ങൾ | തുക | ചെലവ് വിവരം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 60പ്രവൃത്തികളിലും അഗ്നി ശമന ഉപകരണങ്ങൾ വാങ്ങി | - | അഗ്നി ശമനി KSIE Ltd എന്ന സ്ഥാപനത്തിൽ നിന്ന് 66 എണ്ണം | 498762 | - | ടെണ്ടർ / ക്വട്ടേഷൻ എന്നിവയിൽ കൈപ്പറ്റ് വിവരമില്ല.ആകെ |

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥാപിച്ചിട്ടുണ്ട്. ചില സ്കൂളുകളിൽ രണ്ട് വീതവും ചില സ്കൂളുകളിൽ ഒന്ന് വീതവും | | Inv.No.7392/2.12.14 പ്രകാരം വാങ്ങി | | | 66എണ്ണം വാങ്ങിയതിന്റെ ബിൽ മാത്രമേ കാണുന്നുള്ളൂ.എന്നാൽ 60 സ്കൂളുകളിലായി ഇതിൽ കൂടുതൽ എണ്ണം സ്ഥാപിച്ചതായി കാണുന്നു |
| 2 | പ്രോജക്റ്റ് നമ്പർ51/16-GVHSS പുത്തൻചിറ | 185/14-15 | 1)supplying &firing 2)revolving chair-1 computer table -3numbers (180x60 cm) 3) Computer table-1Number(360x60cm) | 3500 90000 40000 | ട്.ബി.നം. 118/16.10.15 Rs. 896834 | ടെണ്ടർ/ക്വട്ടേഷൻ ഒറിജിനൽ ക്യാഷ് ബില്ലുകൾ, കൈപ്പറ്റ് വിവരങ്ങൾ എന്നിവയില്ല |
| 3 | 37/16-GVHSS, കടപ്പുറം | 172/14-15 | Tabular Bench&Desk-10 Nos | 32500 | ട്.ബി.നം. 107/16.10.15 Rs.897427 | ടെണ്ടർ/ ക്വട്ടേഷൻ ഒറിജിനൽ ക്യാഷ് ബില്ലുകൾ, കൈപ്പറ്റ് വിവരങ്ങൾ എന്നിവയില്ല |
| 4. | 21/16-GHSS, ദേശമംഗലം | 170/14-15 | Bench &Desk-30 Set | 120000 | ട്.ബി.നം. 103/16.10.15 Rs. 900000/- | ,, |
| 5 | 8/16-GHSS, കരുപ്പടന്ന | 196/14-15 | Desk-2Nos Bench-2 Nos | 97750 61275 | ട്.ബി.നം. 86/12.10.15 Rs.896834/- | ,, |
| | | | | 943787 | | |

മേൽ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചതുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനങ്ങൾ, ടെണ്ടർ/ക്വട്ടേഷൻ വിവരങ്ങൾ, ഒറിജിനൽ ക്യാഷ് ബില്ലുകൾ, വാങ്ങിയ സ്ഥാപനത്തിന്റെ കൈപ്പറ്റ് വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

5. എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
മേൽ പ്രകാരമുള്ള 55 പ്രവൃത്തികളിലും ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ആയതുകൊണ്ട്തന്നെ ഏതൊക്കെ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്നോ, ഏതൊക്കെ സാഹചര്യത്തിലാണ് ഇവ ഉൾപ്പെടുത്തിയതെന്നോ, പ്രവൃത്തി തുടങ്ങുന്നതിനു മുൻപുള്ള ഇവയുടെ അവസ്ഥ എന്തായിരുന്നുവെന്നോ ഒന്നുംതന്നെ മനസ്സിലാക്കാനാകുന്നില്ല. വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ക്രമപ്രകാരമല്ല.

6) മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ച് മെയിന്റനൻസ് അല്ലാത്ത പുതിയ നിർമ്മിതികളും നടത്തുന്നു.
മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ചാണ് സ്കൂളുകളുടെ മെയിന്റനൻസ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ഫൈനൽ ബിൽ എന്നിവ പരിശോധിച്ചതിൽ പല സ്കൂളുകളിലും മെയിന്റനൻസിനോടൊപ്പം പുതിയ നിർമ്മിതികളും നടത്തിയതായി കാണുന്നു.

9.12.2004ലെ ജി.ഒ.(എം.എസ്.)330/2004/തസ്വഭവ, 10.12.10ലെ ജി.ഒ.(എം.എസ്.) 300/2010തസ്വഭവ, 28.11.12ലെ സർക്കുലർ നം. 68228/എഫ്.എം.1/2012 തസ്വഭവ, 14.03.05ലെ സർക്കുലർ നം. 12245/പി.1 /05/തസ്വഭവ എന്നീ ഉത്തരവുകളിലും സർക്കുലറുകളിലും മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച്

വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി പലപ്പോഴും പുതിയ നിർമ്മിതികൾക്കായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചതായി കാണുന്നു.

ഉദാഹരണമായി 'പ്രോജക്ട് നം. 5/16 GKVHSS, എറിയാട് അറ്റകുറ്റപ്പണികൾ' എന്ന പ്രവൃത്തിയിൽ ഹൈസ്കൂൾ കെട്ടിടത്തിൽ ഒന്നാംനില (ഫസ്റ്റ് ഫ്ലോർ)യുടെ നിർമ്മാണം നടത്തിയിട്ടുണ്ട്. കൂടാതെ 'പ്രോജക്ട് നം.48/16-GHSS, ചെമ്പൂച്ചിറ അറ്റകുറ്റപ്പണികൾ' എന്ന പ്രവൃത്തിയിൽ ഒന്നാംനിലയുടെ ഏകദേശം മുഴുവൻ പ്രവൃത്തികളും നിർവ്വഹിച്ചിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവൃത്തികളിന്മേൽ പരാമർശിത ഉത്തരവുകളും, സർക്കുലറുകളും കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് ആവശ്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-52 എൽ.എസ്.ജി.ഡി.- എക്സിക്യൂട്ടീവ് എഞ്ചിനീയർ-രജിസ്റ്റർ,ഫയൽ സൂക്ഷിക്കുന്നതിലെ ന്യൂനതകൾ.

എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും സൂക്ഷിക്കുന്നതിൽ കാണപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

എ) ടെണ്ടർ ഷെഡ്യൂൾ സെയിൽസ് രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ, സി.ടി.ഇ. റിപ്പോർട്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

ബി)ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ 31.03.09 വരെ മാത്രമാണ് രേഖപ്പെടുത്തൽ വരുത്തി എഴുതി സൂക്ഷിച്ചിട്ടുള്ളത്. ആസ്തി രജിസ്റ്റർ നാളിതു വരെയുള്ള രേഖപ്പെടുത്തൽ വരുത്തി, കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

സി)മരാമത്ത് പണികളുടെ ഫയലിൽ ടെണ്ടർ പത്രപരസ്യം/പകർപ്പ്, ടെണ്ടർ അംഗീകരിച്ചുനൽകുന്ന കമ്മിറ്റി തീരുമാനം/പകർപ്പ്, എന്നിവ ഫയലിൽ നിന്ന് ലഭ്യമല്ല. ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഫയലിൽ നിന്നും ലഭ്യമാകുന്ന രീതിയിൽ ഫയൽ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-53 ഇ-ടെണ്ടർ - ടെണ്ടർ ഫീ, ഇ.എം.ഡി ക്രെഡിറ്റ് ചെയ്യപ്പെടുന്നതിനുള്ള ബാങ്ക് അക്കൗണ്ട് - നിരീക്ഷണങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ടെണ്ടർ സമർപ്പിക്കുന്നവരിൽ നിന്നും ഓൺലൈനായി ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ക്രെഡിറ്റ് ചെയ്യപ്പെടുന്നതിനുള്ള ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് സ.ഉ.(എം.എസ്).318/13 /ത.സ്വ.ഭ.വ. തീ. 28/9/2013, എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഡി.ബി.1/7942/10/സി.ഇ/ത.സ്വ.ഭ.വ. തീയ്യതി. 10/10/2013 എന്നിവയിലെ നിർദ്ദേശപ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റേയും, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പരിധിയിലെ മറ്റു പഞ്ചായത്ത് രാജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഇ-ടെണ്ടർ മുഖേന ലഭിക്കുന്ന ഇ.എം.ഡി., ടെണ്ടർ ഫീ എന്നിവ താല്ക്കാലികമായി ക്രെഡിറ്റ് ചെയ്യപ്പെടുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ടി. സിവിൽ സ്റ്റേഷൻ ശാഖയിൽ 67250416573നമ്പർ ആയി കറന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.ഈ ബാങ്ക് അക്കൗണ്ടിൽ ഓഡിറ്റിന് സമർപ്പിച്ച ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31/3/2016 ൽ 1,41,89,820 രൂപ നീക്കിയിരിപ്പുണ്ട്. (നീക്കിയിരിപ്പ് സംബന്ധിച്ച് ബാങ്ക് കൺഫർമേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല). ഈ അക്കൗണ്ട് സൂക്ഷിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

I) ജില്ലാ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ടെണ്ടർ ഫീ വരവ്- 14,31,570 രൂപ തനത് ഫണ്ടിലേയ്ക്ക് കൈമാറണം.

ജില്ലാ പഞ്ചായത്തിലെ നിർവ്വഹണോദ്യഗസ്ഥനായ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എഴുതി സൂക്ഷിക്കുന്ന ടെണ്ടർ രജിസ്റ്റർ പ്രകാരം, ജില്ലാ പഞ്ചായത്തിനു വേണ്ടി 2015-16ൽ ഇ-ടെണ്ടർ ചെയ്ത 193

പ്രവൃത്തികളിലായി 14,31,570/- രൂപ മേൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഭരണ തലത്തിൽ ഈ തുകയുടെ കൃത്യത പരിശോധിച്ച ശേഷം ജില്ലാ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് അടവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മുൻവർഷങ്ങളിൽ ഇപ്രകാരം ജില്ലാ പഞ്ചായത്തിന് വേണ്ടി നടത്തിയ ഇ-ടെണ്ടർ ഫീയിനത്തിൽ ലഭിച്ചതും ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതുമായ തുക ജില്ലാ പഞ്ചായത്തിന് കൈമാറിയോയെന്നും വ്യക്തമല്ല.ഇതും പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

II) ക്യാഷ് ചെക്ക് ആയി പിൻവലിച്ചതുൾപ്പെടെയുള്ള തുകകൾ-ചെലവ് രേഖകൾ ഹാജരാക്കിയില്ല.

മേൽ അക്കൗണ്ടിൽ നിന്നും ചെക്ക് മുഖേനയും ഇ-ട്രാൻസ്ഫർ മുഖേനയും നടത്തിയ താഴെ ചേർത്തിരിക്കുന്ന ചെലവുകളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. .

ഇവയിൽ cash cheque മുഖേന കാഷ് ആയി പിൻവലിച്ച തുകയുടെ ചെലവ് രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കാഷ് ആയി പിൻവലിച്ച തുകയും ആയത് ചെലവഴിച്ചതും 7A ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.

വിവരങ്ങൾ ചുവടെ ചേർക്കുന്നു

*എ)ക്യാഷ് ചെക്ക് മുഖേന പിൻവലിച്ചത്.*

| ചെക്ക് നം. | ബാങ്കിൽ ഡെബിറ്റ് ചെയ്യപ്പെട്ട തിയ്യതി | തുക | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ലഭ്യമായ വിവരങ്ങൾ |
|---|---|---|---|
| 397394 | 22.09.15 | 2,557 | Cash cheque |
| 397371 | 30.04.15 | 66,150 | ,, |
| 397381 | 12.05.15 | 68,353 | ,, |
| ആകെ | | 1,37,060 | |

*ബി)ചെക്ക് മുഖേന പിൻവലിച്ചത്.*

| ചെക്ക് നം. | ബാങ്കിൽ ഡെബിറ്റ് ചെയ്യപ്പെട്ട തിയ്യതി | തുക | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ലഭ്യമായ വിവരങ്ങൾ |
|---|---|---|---|
| 397385 | 13.05.15 | 9,731 | chq trnsfr |
| 397386 | 13.05.15 | 9,62,778 | ,, |
| ആകെ | | 9,72,509 | |

*സി)ഇ-ട്രാൻസ്ഫർ മുഖേനയുള്ള ചെലവ്*

| ബാങ്കിൽ ഡെബിറ്റ് ചെയ്യപ്പെട്ട തിയ്യതി | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ലഭ്യമായ വിവരങ്ങൾ | തുക |
|---|---|---|
| 14.05.15 | To transfer INR | 10,315/- |
| 25.06.15 | To transfer Ganga Construction | 50,000/- |

| | | |
|---|---|---|
| 12.01.16 | To transfer NEFT-Mohammedmon NP | 12,500/- |
| ആകെ | | 72,815 |
| ഒട്ടാകെ | | 11,82,384 |

ഓഡിറ്റ് എൻക്വയറി 73 തീ.25/5/2017, പ്രത്യേക കത്ത് തീ/5/2017 എന്നിവ പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാൽ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ ) ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ 11,82,384 രൂപ നിരാകരിക്കുന്നു.

III)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹമായ തുക തിരികെ നൽകുന്നതിന് നടപടിക്രമം ആവിഷ്കരിക്കണം.

31.03.16ൽ ഈ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 1,41,89,820/- രൂപയാണ്. ഈ തുക തൃശ്ശൂർ ജില്ലാ പഞ്ചായത്തും അതിനു കീഴിലുള്ള പഞ്ചായത്ത് രാജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇ-ടെണ്ടർ നടത്തിയ ടെണ്ടറുകളുടെ ടെണ്ടർ ഫീ, ഇ.എം.ഡി. എന്നിവ ഉൾപ്പെടുന്ന തുകയാണ്. നിലവിൽ അക്കൗണ്ടിലെ ട്രാൻസാക്ഷനുകൾ നിരീക്ഷിക്കുന്നതിന് ചെക്ക് ഇഷ്യൂ രജിസ്റ്റർ/ബാങ്ക് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും വേണ്ടി ടെണ്ടർ ഫീ ഇനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള തുക കണ്ടെത്തി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധിച്ച ശേഷം സമയബന്ധിതമായി തുക വിട്ടുതൽ ചെയ്തു നല്കുന്നതിനുള്ള ഒരു നടപടിക്രമം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ആവിഷ്കരിക്കേണ്ടതാണ്.

## 3-54 വിജ്ഞാൻ സാഗർ പദ്ധതി-സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3.54.1 ആമുഖം

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് 2004-05 വർഷത്തിൽ ജനകീയാസൂത്രണം പദ്ധതിയിലുൾപ്പെടുത്തി വിജ്ഞാൻ സാഗർ സയൻസ് & ടെക്നോളജി പാർക്ക്, പ്ലാനറ്റോറിയം എന്നിവ നിർമ്മിക്കുന്നതിനായി 209 ലക്ഷം എസ്റ്റിമേറ്റ് പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഭീമമായ ചെലവു വരുന്ന ബഹുവർഷ പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് ടി പ്രോജക്ടിന് ആദ്യഘട്ടത്തിൽ അംഗീകാരം നൽകിയിരുന്നില്ലെങ്കിലും ഇതിനു വേണ്ടി സൊസൈറ്റി രജിസ്റ്റർ ചെയ്ത് കേന്ദ്ര, സംസ്ഥാന, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസ്രോതസ്സു വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടിൽ ജില്ലാ പഞ്ചായത്ത് 50 ലക്ഷം രൂപ മാത്രമേ വഹിക്കേണ്ടി വരികയുള്ളൂ എന്ന രീതിയിൽ മാറ്റം വരുത്തിയ പ്രോജക്ടിന് പിന്നീട് അംഗീകാരം നൽകുകയുണ്ടായി.

18.08.05ലെ G.O.(M.S.)No.321/2005 G.Edn ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള വിയ്യൂർ വില്ലേജ് സർവ്വെ 49/26ൽപ്പെട്ട 3.6723 ഹെക്ടർ (9.07 ഏക്കർ) സ്ഥലത്ത് സയൻസ് പാർക്ക് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകി. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലനിർത്തിയും, വിജ്ഞാൻ സാഗർ സൊസൈറ്റിയിൽ വിദ്യാഭ്യാസ വകുപ്പിന്റെ നോമിനിയെ ഉൾപ്പെടുത്തണമെന്ന വ്യവസ്ഥയോടും കൂടിയാണ് ടി സ്ഥലത്ത് പാർക്ക് നിർമ്മിക്കാൻ സർക്കാർ അനുമതി നൽകിയത്.

തയ്യാറാക്കിയ പ്രോജക്ട് പ്രകാരം പ്രതിവർഷം കുറഞ്ഞത് 6.5 ലക്ഷം രൂപ പദ്ധതിയിൽ നിന്നും വരവ് പ്രതീക്ഷിക്കുന്നു. പദ്ധതി നടത്തിപ്പിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നും റണ്ണിംഗ് Cost വഹിക്കണമെന്ന വ്യവസ്ഥയോടെ 22.11.05ലെ 40330/DP3/2005 LSGD കത്തു പ്രകാരം പദ്ധതി നടപ്പാക്കാനും 15.05.06ലെ 10443/DP3/06 തസ്വഭവ ഉത്തരവ് പ്രകാരം 05-06 വർഷത്തിൽ വകയിരുത്തിയ പദ്ധതി വിഹിതം സൊസൈറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കാനും സർക്കാർ അനുമതി നൽകിയിരുന്നു.

3.54.2 വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ ഘടന, ചുമതലകൾ

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായും സെക്രട്ടറി മെമ്പർ സെക്രട്ടറിയായും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ MLA, MP, വിദ്യാഭ്യാസ വകുപ്പിന്റെ പ്രതിനിധി, ജില്ലാ കളക്ടർ എന്നിങ്ങനെ 12 എക്സ് ഒഫീഷ്യോ അംഗങ്ങൾ

ഉൾപ്പെടെ 23 പേരടങ്ങുന്ന ഭരണസമിതി രൂപീകരിച്ച് 1955ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രാക്കൽ നിയമ പ്രകാരം 248/06 നമ്പറായി വിജ്ഞാൻ സാഗർ സൊസൈറ്റി രജിസ്റ്റർ ചെയ്തു. നിയമാവലി പ്രകാരം ഭരണസമിതിയും 11 പേരടങ്ങുന്ന നിർവ്വാഹക സമിതിയും സൊസൈറ്റിയുടെ ഭരണം നിയന്ത്രിക്കുന്നു. എക്സ് ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ളവരുടെ കാലാവധി മൂന്നു വർഷമായി നിശ്ചയിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് അധികാരിയായി ഡയറക്ടറെ നിയമിക്കുന്നതിനും വിവിധ സമിതികളുടെയും, ഡയറക്ടറുടേയും ചുമതലകളും, ഉത്തരവാദിത്വങ്ങളും നിർണ്ണയിക്കുകയും നിയമാവലിയിലുൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭരണസമിതി വർഷത്തിൽ 2 തവണയും നിർവ്വാഹക സമിതി രണ്ട് മാസത്തിലൊരിക്കലും യോഗം ചേരണം.

3.54.3 നിർമ്മാണ പ്രവൃത്തികൾ- നിലവിലെ സ്ഥിതി.

പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി ഗവ. എഞ്ചിനീയറിങ്ങ് കോളേജിന്റെ സഹായത്താൽ 2.4 കോടി രൂപ കണക്കാക്കിയ എസ്റ്റിമേറ്റിൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക്, റേഡിയൽ ബ്ലോക്ക്, പ്ലാനറ്റോറിയം, വീഡിയോ കോൺഫറൻസ് റൂം, വെർച്വൽ റിയാലിറ്റി ലാബ് എന്നിവ നിർമ്മിക്കാനുദ്ദേശിച്ചിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം 27.05.09ൽ നിർമ്മിതി കേന്ദ്രയുമായി കരാറിലേർപ്പെട്ട് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം മാത്രമാണ് ആരംഭിച്ചതെങ്കിലും നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ആദ്യഘട്ട പ്രവൃത്തികൾക്കായി 1.02 കോടി രൂപയും രണ്ടാം ഘട്ടത്തിലായി 1.95 കോടിയും അടക്കം ആകെ 2.97 കോടി രൂപ നിർമ്മിതി കേന്ദ്രയ്ക്ക് നാളിതുവരെ സൊസൈറ്റി അക്കൗണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. 28.10.15ലെ NKT/GN /166/14-15 നിർമ്മിതിയുടെ കത്തു പ്രകാരം രണ്ടാം ഘട്ടത്തിൽ 2.06 കോടി രൂപയുടെ പ്രവൃത്തികൾ (അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പ്രവൃത്തികൾ) പൂർത്തീകരിച്ചിട്ടുണ്ട്.

വിജ്ഞാൻ സാഗർ സയൻസ് ടെക്നോളജി മ്യൂസിയത്തിന് എം.എൽ.എ. ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ച 30 ലക്ഷം രൂപ ഉപയോഗിച്ച് ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്. എം.പി. ഫണ്ടിൽ നിന്നും 3D Multiplex തീയേറ്റർ സ്ഥാപിക്കുന്നതിന് 09.03.17ലെ നം. 997/CNJ-1/16-17/RO2/DPM കത്തു പ്രകാരം ജില്ലാ കളക്ടർ നിർദ്ദേശിച്ചതനുസരിച്ച് 50 ലക്ഷം രൂപ ചെലവിൽ നിർമ്മാണം നടത്തുന്നതിന് EE, LSGDയെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

3.54.4 അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

വിജ്ഞാൻ സാഗർ പദ്ധതി ആരംഭിച്ച് 11 വർഷം പിന്നിട്ടിട്ടും പദ്ധതി പ്രകാരം ഉണ്ടാകേണ്ടതായ അടിസ്ഥാന സൗകര്യങ്ങൾ(കെട്ടിടം,റോഡ്,വെള്ളം), ശാസ്ത്രപ്രദർശന സംവിധാനങ്ങൾ, ലേ ഔട്ട് എന്നിവ സംബന്ധിച്ച വ്യക്തമായ ധാരണ ഇതുവരെ ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. ഉടമസ്ഥാവകാശം/കൈവശാവകാശം ഇല്ലാത്തതിനാൽ നിയമപരമായ നടപടികൾ സ്വീകരിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതിന് സർക്കാർ ഫണ്ട് വിനിയോഗിക്കാൻ സാധിക്കുന്നില്ല. നിലവിലുള്ള കെട്ടിടത്തിൽ ISRO 50 ലക്ഷം രൂപാ ചെലവിൽ പവലിയൻ സ്ഥാപിക്കുന്നതിനുള്ള ഒരു ഓഫർ മാത്രമാണ് വിജ്ഞാൻ സാഗറിൽ ഇപ്പോൾ നിലവിലുള്ളത്. ഇതു തന്നെ കെട്ടിട നിർമ്മാണം പൂർത്തിയായാലേ സാധിക്കുകയുള്ളൂ. ചുറ്റുമതിൽ പൂർത്തീകരണം, ജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനങ്ങൾ, ലേഔട്ട് തയ്യാറാക്കി ഇന്റേണൽ റോഡുകൾ, പൊതു ടോയ് ലറ്റുകൾ, കാന്റീൻ, മറ്റു കെട്ടിടങ്ങൾ, പാർക്ക്, ഗാർഡൻ, എന്നിവ നിർമ്മിക്കുകയും, പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, ശാസ്ത്ര പ്രദർശന വസ്തുക്കൾ/മോഡലുകൾ,ആവശ്യമായ ഫർണിച്ചറുകൾ, കംപ്യൂട്ടറുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, ഡിസ് പ്ലേ സംവിധാനങ്ങൾ, യന്ത്രങ്ങൾ, എന്നിങ്ങനെ വിവിധ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുകയും, ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും, ചെയ്താൽ മാത്രമേ പദ്ധതി വിജയകരമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ.

3.54.5 ധനകാര്യ വിശകലനം

ജില്ലാ പഞ്ചായത്തിന്റെ സ്വപ്നപദ്ധതിയായ വിജ്ഞാൻ സാഗർ സൊസൈറ്റിക്ക് 27.03.12ലെ സ.ഉ.(സാധാ)833/13 തദ്ദേശ സ്വയംഭരണ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെ മറ്റു തസ്വഭവ സ്ഥാപനങ്ങളിൽ നിന്നും 37.48 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 16.06.14ലെ G.O.(Rt)1519/14, LSGD ഉത്തരവ് പ്രകാരം കെട്ടിടനിർമ്മാണത്തിന് ബഹു. MLAയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും തുക ലഭിക്കാത്ത സാഹചര്യത്തിൽ തൃശ്ശൂർ നഗരസഭയിൽ നിന്നും 50 ലക്ഷം രൂപ ധനസഹായം കൈപ്പറ്റിയിട്ടുണ്ട്.

3.54.5.1 വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള വരവു ചെലവു കണക്കുകൾ

വരവ് (7.04.2017 വരെയുള്ളത്)

| വർഷം | ജില്ലാ പഞ്ചായത്ത് | കോർപ്പറേഷൻ/ മറ്റു ത.സ്വ.ഭ.വ സ്ഥാപനങ്ങൾ | ബാങ്ക് പലിശ | |
|---|---|---|---|---|
| 2006-07 | 92,00,000 | | 68709 | |
| 2007-08 | 5,00,000 | | 291247 | |
| 2008-09 | | | 335876 | |
| 2009-10 | 10,00,000 | | 332708 | |
| 2010-11 | 15,19,092 | | 211776 | |
| 2011-12 | | | 217238 | |
| 2012-13 | | | 221793 | |
| 2013-14 | | 37,48,586 | 124266 | |
| 2014-15 | 50,00,000 | 50,00,000 | 220860 | |
| 2015-16 | 50,00,000 | | 161441 | |
| 2016-17 | 2,75,00,000 | 1,50,000 | 34611 | |
| ആകെ | 49719092 | 8898586 | 2220525 | 60838203 |

3.54.5.2 ചെലവ്

| | കെട്ടിടം | ശമ്പളം | പരസ്യം | ഉദ്ഘാടനം | വൈദ്യുതി | മറ്റുള്ളവ | ഗാർഡൻ | |
|---|---|---|---|---|---|---|---|---|
| 15-16 വരെ | 30242019 | 1403371 | 76220 | 68750 | 47175 | 57091 | 320400 | 32215026 |
| 4/17വരെ | 655848 | | | | | | | 655848 |
| ആകെ | | | | | | | | 32870874 |

3.54.5.3 നീക്കിയിരുപ്പ്

| ബാങ്ക് | അക്കൗണ്ട് നം | തുക | തിയതി |
|---|---|---|---|
| IOB,Thrissur. | 020801000014293 | 27694006 | 7.4.17 |
| Canara | 0720101060558 | 255132 | 20.3.17 |
| ആകെ | | 27949138 | |

കുറിപ്പ്. ചാർട്ടേർഡ് അക്കൗണ്ടന്റ് തയ്യാറാക്കിയ 06-07 മുതൽ 15-16 വരെയുള്ള കണക്കുകൾ പ്രകാരമുള്ള വരവ്-ചെലവുകളും പാസ്ബുക്ക് പ്രകാരം 4/17 മുതലുള്ള വരവ്-ചെലവുകളുമാണ് മേൽ പട്ടികയിൽ ചേർത്തിരിക്കുന്നത്. പട്ടിക പ്രകാരമുള്ള നീക്കിയിരുപ്പ് പാസ്ബുക്ക് നീക്കിയിരുപ്പുമായി 18191 രൂപയുടെ വ്യത്യാസം കാണുന്നുണ്ട്. (സൊസൈറ്റിയുടെ നിയമാവലി പ്രകാരം എക്സാമിനർ ഓഫ് ലോക്കൽ ഫണ്ട് പരിശോധിച്ച് സർട്ടിഫൈ ചെയ്ത വാർഷിക കണക്കുകൾ ജില്ലാ പഞ്ചായത്ത് ഭരണ സമിതിക്ക സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും വാർഷിക കണക്കുകൾ തയ്യാറാക്കി നാളിതുവരെ ഓഡിറ്റിനു സമർപ്പിച്ചിട്ടില്ല.)

3.54.6. പാഴ് ചെലവുകൾ

3.54.6.1. വംശനാശം നേരിടുന്ന സസ്യങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഉദ്യാനം നിർമ്മിച്ചു നൽകുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുമായി 17.01.08ൽ കരാറിലേർപ്പെട്ടതനുസരിച്ച് 3,20,400/- രൂപ KAUവിന് നൽകിയിരുന്നു. എന്നാൽ സംരക്ഷണമില്ലായ്മയും ജലദൗർലഭ്യവും മൂലം സസ്യങ്ങൾ നശിച്ചുപോവുകയും പദ്ധതി പണം പാഴാവുകയും ചെയ്തു. യഥാർത്ഥത്തിൽ ഇത്തരമൊരു ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നില്ല.

3.54.6.2. പദ്ധതി പ്രദേശത്തെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി കുഴൽകിണർ കുഴിക്കുന്നതിന് ഭൂഗർഭ ജല വകുപ്പിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ yield test നടത്തി, 4 1/2" വ്യാസത്തിൽ 81 മീറ്റർ വരെ ആഴത്തിൽ ബോർ വെൽ കുഴിച്ചെങ്കിലും ജലലഭ്യത ഇല്ലായെന്നതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഉപേക്ഷിക്കുകയും കൈപ്പറ്റിയ 32,850/- രൂപയിൽ ബാക്കി 19,204/- രൂപ DGT/1634/04 തിയ്യതി 06.09.10 പ്രകാരം ഭൂഗർഭ ജല വകുപ്പ്

തിരികെ നൽകുകയുണ്ടായി.

3.54.6.3. ദൈനംദിന ശാസ്ത്രപ്രദർശന ഉപകരണങ്ങളുടെ വിഭാഗത്തിൽപ്പെടുത്തി 3,54,375/- രൂപ ചെലവഴിച്ച് ജില്ലാ പഞ്ചായത്ത് 2006ൽ വാങ്ങിയ Portable പ്ലാനറ്റോറിയം നാളിതുവരെ ഉപയോഗിക്കപ്പെട്ടിട്ടില്ല. 11 വർഷം മുൻപ് വാങ്ങിയ ഉപകരണം നിലവിലെ സാഹചര്യത്തിൽ ഉപയോഗയോഗ്യമാണോയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

3.54.7. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

3.54.7.1 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം പട്ടിക 5 പ്രകാരവും വിവിധ പദ്ധതിരേഖാ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും സയൻസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിന് സൊസൈറ്റി രൂപീകരിച്ച് പ്ലാൻ ഫണ്ട് കൈമാറുന്നതിന് വ്യവസ്ഥയില്ല. 16.11.13 ജി.ഒ.(എം.എസ്.)നം.362/2013ത.സ്വ.ഭ.വ.മാർഗ്ഗരേഖ (അനുബന്ധം 16) ഖണ്ഡിക 2.2, 2.3 എന്നിവ പ്രകാരം മാർഗ്ഗരേഖക്കു വിരുദ്ധമായ ചെലവുകൾ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണെന്നും ഇത്തരം ചെലവുകൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല.

3.54.7.2. പദ്ധതി നിർവ്വഹണത്തിനായി 23 പേരടങ്ങുന്ന ഭരണസമിതി രൂപീകരിച്ചുവെന്നല്ലാതെ രജിസ്റ്റർ ചെയ്തു ഒരിക്കൽപോലും ഭരണസമിതി യോഗം ചേരുകയോ, സമിതി പ്രവർത്തിക്കുകയോ സമിതിയ്ക്കും നിയമാവലിക്കും സർക്കാർ അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

3.54.7.3. ശാസ്ത്ര സാങ്കേതിക പാർക്കുകളും മ്യൂസിയങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് കേരള സംസ്ഥാന കൗൺസിൽ ഫോർ സയൻസ് & ടെക്നോളജിയുടെ ചുമതലയിലും നിയന്ത്രണത്തിലുമുള്ള സംഗതിയാണെന്നിരിക്കെ ആവശ്യമായ സാങ്കേതിക പരിജ്ഞാനമോ, സ്വന്തമായി ഭൂമിയോ, ഫണ്ടോ, വിദഗ്ധ സമിതി നിർദ്ദേശങ്ങളോ ഇല്ലാതെ പ്ലാൻ ഫണ്ട് ചെലവഴിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത് ചെലവു ശതമാനം ഉയർത്തുന്നതിനു മാത്രമേ സഹായകമാവുകയുള്ളു.

3.54.7.4. വിജ്ഞാൻ സാഗർ പദ്ധതിയിൽ ഉണ്ടാകേണ്ട അടിസ്ഥാന സൗകര്യങ്ങൾ, പ്രദർശന സജ്ജീകരണങ്ങൾ, സിവിൽ പ്രവൃത്തികൾ, ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ എന്നിവയെപ്പറ്റി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയോ (DPR) കേന്ദ്ര, സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പുകളിൽ നിന്ന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കുകയോ, യഥാർത്ഥ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

3.54.7.5. പദ്ധതി നടപ്പാക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഉപയോഗിക്കുന്നതിന് കാലയളവ് നിശ്ചയിക്കുകയോ വസ്തു ആർജ്ജിക്കലും കയ്യൊഴിയലും ചട്ടങ്ങൾ പ്രകാരം ജില്ലാ പഞ്ചായത്ത് പൊതുവിദ്യാഭ്യാസ വകുപ്പുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. ജില്ലാ പഞ്ചായത്തിന് ടി ഭൂമിയിന്മേൽ യാതൊരുവിധ കൈവശാവകാശമോ ഉടമസ്ഥാവകാശമോ സ്ഥാപിക്കാൻ കഴിയുന്ന യാതൊരു ഉത്തരവുകളോ, കരാറോ നിലവിലില്ല. ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പണം ഉപയോഗിച്ച് ടി ഭൂമിയിൽ പ്രോജക്റ്റ് പൂർത്തീകരിച്ചാൽതന്നെയും പദ്ധതിയിന്മേലുള്ള ജില്ലാ പഞ്ചായത്തിന്റെ ക്ലെയിം നിയമപരമായി നിലനിൽക്കുന്നതല്ല.

3.54.7.6. കൈവശാവകാശമോ ഉടമസ്ഥാവകാശമോ സ്ഥാപിക്കാൻ സാധിക്കാത്തതുമൂലം MLA ഫണ്ടിൽ നിന്നും അനുവദിച്ച 3 കോടി രൂപ പ്രയോജനപ്പെടുത്താനാവാതെ നഷ്ടപ്പെടുകയും, 2.97 കോടി രൂപ ചെലവഴിച്ച് 2009 മുതൽ നിർമ്മാണം ആരംഭിച്ച കെട്ടിടത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമം പാലിച്ച് രേഖകൾ സമർപ്പിക്കുന്നതിനോ കെട്ടിട നമ്പർ നഗരസഭയിൽ നിന്ന് ലഭ്യമാക്കുന്നതിനോ സാധിച്ചിട്ടില്ല. 09.01.15ന് നിർമ്മാണ പ്രവൃത്തികൾക്ക് സമർപ്പിക്കേണ്ട രേഖകൾ നം.A2/2459/14 പ്രകാരം EE, LSGD ആവശ്യപ്പെട്ടെങ്കിലും ഇവ ലഭിച്ചിട്ടില്ല.

3.54.7.7. സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിച്ച കെട്ടിടത്തിന്റെ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. നിലവിൽ ഏകദേശം 15000ച.അടി.വിസ്തൃതിയിലുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് മാത്രമാണ് 90% എങ്കിലും നിർമ്മാണം പൂർത്തിയായിട്ടുള്ളത്. ടി കെട്ടിടത്തിൽ ISRO 50 ലക്ഷം രൂപ ചെലവിൽ 2017 ഫെബ്രുവരിയോടെ പവലിയൻ സ്ഥാപിക്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും പവലിയൻ സ്ഥാപിച്ചിട്ടില്ല.

3.54.7.8 കെട്ടിടനിർമ്മാണം നടത്തുന്നതിനുള്ള താല്ക്കാലിക വൈദ്യുതി കണക്ഷൻ മാത്രമാണ് നിലവിൽ

വിജ്ഞാൻ സാഗറിന് ലഭ്യമായിട്ടുള്ളത്. സ്ഥിരം കണക്ഷന വേണ്ടിയും താരിഫ് മാറ്റുന്നതിനും 09.01.13ൽ അപേക്ഷിച്ചതായി കാണുന്നു. നാളിതുവരെ സ്ഥിരം കണക്ഷൻ ലഭിച്ചിട്ടില്ല. (കൺ.നം. 14839LT-7A)

3.54.7.9. ജലദൗർലഭ്യം നേരിടുന്ന പ്രദേശമായതിനാൽ 81 മീറ്റർ ആഴത്തിൽ വരെ ബോർ വെൽ കുഴിച്ച ശേഷം ഭൂഗർഭ ജല വകുപ്പ് പ്രവൃത്തി ഉപേക്ഷിക്കുകയാണുണ്ടായത്. നിലവിലുള്ള കിണർ വറ്റി വരണ്ട അവസ്ഥയിലുമായതിനാൽ പദ്ധതി നടപ്പാക്കുന്ന സാഹചര്യത്തിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് സ്ഥിര സംവിധാനങ്ങൾ പ്രോജക്ടിലുൾപ്പെടുത്തിയിട്ടില്ല.

3.54.7.10. 2006-07 മുതൽ 10 വർഷത്തോളം ഭരണസമിതി പ്രവർത്തനം ഇല്ലാതിരിക്കെ പാസ്സ് ബുക്കിനെ അടിസ്ഥാനമാക്കി വാർഷിക കണക്കുകൾ തയ്യാറാക്കുകയും രജിസ്ട്രേഷൻ വകുപ്പ് നിർദ്ദേശിച്ച രീതിയിൽ മൂന്ന് ഭരണസമിതി അംഗങ്ങളുടെ ഒപ്പ് വാങ്ങി 2017ൽ മുടങ്ങിക്കിടന്ന വർഷങ്ങളിലെ രജിസ്ട്രേഷൻ പുതുക്കുകയാണുണ്ടായത്. ഇത്തരമൊരു സൊസൈറ്റിക്കുവേണ്ടി ജില്ലാ പഞ്ചായത്ത് നാളിതുവരെ 4.97 കോടി രൂപ കൈമാറിയത് പദ്ധതി മാർഗ്ഗരേഖയുടെ ലംഘനമാണ്.

3.54.7.11. ഭരണസമിതി ഇല്ലാതിരുന്ന കാലയളവിൽ നിയമാവലിക്കു വിരുദ്ധമായി സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും നിയമാവലി ഭേദഗതി ചെയ്യാതെ സ്പെഷ്യൽ ഓഫീസറെ നിയമിച്ച് പദ്ധതി നിർവ്വഹണത്തിനായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിജ്ഞാൻ സാഗർ പദ്ധതി നടത്തിപ്പിന്റെ ചുമതല കൈമാറുകയും ചെയ്തത് നിയമപരമായി നിലനിൽക്കുന്നതല്ല. നിയമവിധേയമല്ലാത്ത സ്റ്റിയറിംഗ് കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ മൂലമുണ്ടാകുന്ന ക്രമവിരുദ്ധമായ ചെലവുകളുടെ സാമ്പത്തിക ഉത്തരവാദിത്വം(fiscal responsibility) ആർക്കെന്ന് വ്യക്തമല്ല. നിയമിക്കപ്പെട്ട സ്പെഷ്യൽ ഓഫീസർ, വാച്ച്മാൻ എന്നിവർക്ക് പ്ലാൻഫണ്ടിൽ നിന്നും 2013-14 മുതൽ വേതനം നൽകിയതിന് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല.

3.54.7.12. വിജ്ഞാൻ സാഗർ സൊസൈറ്റി 2006-07 മുതൽ നിലവിൽ വന്നിട്ടും സൊസൈറ്റിയുടെ പാസ്സ് ബുക്ക് പ്രകാരം 3.28 കോടി രൂപ ചെലവഴിച്ചിട്ടും സൊസൈറ്റിക്ക് നാളിതുവരെ ക്യാഷ് ബുക്കോ, വരവ് ചെലവ് രേഖകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകളോ, രസീതു പുസ്തകങ്ങളോ ഇല്ലായെന്നതും ടി ചെലവുകൾ സമിതി അംഗീകരിക്കുകയോ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ലായെന്നത് ഗുരുതരമായ കൃത്യവിലോപമാണ്.

3.54.7.13. വിവിധ തസ്വഭവ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരം തുക സ്വീകരിച്ചിട്ടുണ്ട്. എന്നാൽ തുക നൽകിയ സ്ഥാപനങ്ങളുടെ പേരോ, തുകയോ, ഇൻസ്ട്രുമെന്റ് നമ്പറോ ലഭിച്ച തുകയെ സംബന്ധിച്ച വിശദാംശങ്ങളോ ലഭ്യമല്ല. കൈപറ്റിയ തുകയ്ക്ക് നിയമാനുസൃത രസീതുകൾ ജില്ലാ പഞ്ചായത്തോ, വിജ്ഞാൻ സാഗർ സൊസൈറ്റിയോ നൽകിയിട്ടില്ല. അതുകൊണ്ടു തന്നെ പാസ്സ് ബുക്ക് പ്രകാരം ഓഡിറ്റ് കണക്കാക്കിയെടുത്ത 37.48 ലക്ഷം രൂപയുടെ വരവ് കണക്കുകൾ ആധികാരികമാണെന്ന് പറയാനാവില്ല. യഥാർത്ഥത്തിൽ വിവിധ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതിക്കായി നൽകിയ തുക പൂർണമായും അക്കൗണ്ടിൽ വരവു വന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. തുക നല്കിയ സ്ഥാപനങ്ങൾക്ക് സ്പെഷ്യൽ ഓഫീസർ വിനിയോഗ സാക്ഷ്യപത്രം നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ സാധുതയും പരിശോധിക്കപ്പെടേണ്ടതാണ്.

3.54.7.14. നിയമാവലിയിലെ 21-ാം വ്യവസ്ഥ പ്രകാരം വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ കണക്കുകൾ ലോക്കൽ ഫണ്ട് വിഭാഗമോ ഭരണസമിതി ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഓഡിറ്റർ പരിശോധിച്ച് സർട്ടിഫൈ ചെയ്ത് ജില്ലാ പഞ്ചായത്തിന് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വരവു ചെലവുകളെ സംബന്ധിച്ച് നാളിതുവരെ കൃത്യമായ ഓഡിറ്റ് പരിശോധന നടത്തുകയോ ജില്ലാ പഞ്ചായത്തിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. രജിസ്ട്രേഷൻ പുതുക്കുന്ന ആവശ്യത്തിലേക്കായി പാസ്സ് ബുക്കിനെ അടിസ്ഥാനമാക്കി തയ്യാറാക്കി 06-07 മുതൽ 15-16 വരെ വർഷങ്ങളിലെ ചാർട്ടേഡ് അക്കൗണ്ടന്റ് തയ്യാറാക്കിയ വാർഷിക കണക്കുകൾ മാത്രമാണ് നിലവിലുള്ളത്. പദ്ധതി പണത്തിന്റെ വിനിയോഗം സംബന്ധിച്ച നിയമപരമായ ഓഡിറ്റ് പരിശോധന നാളിതുവരെ നടത്തിയിട്ടില്ല.

3.54.7.15. ജില്ലാ പഞ്ചായത്ത് നൽകിയ തുകയിൽ നീക്കിയിരുപ്പുള്ള 2.75 കോടി രൂപ ചെലവഴിക്കുന്നതിനുള്ള പ്രോപ്പോസലുകൾ സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്. ഇതിന്റെ ഭാഗമായി വിവിധ പ്രദർശന വസ്തുക്കൾ ഉൾപ്പെടെ വിവിധ ഇനങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ വാങ്ങലുകൾ സംബന്ധിച്ച് സ്റ്റോർ

പർച്ചേയ്സ് നിയമങ്ങൾ, പ്രൊക്യൂർമെന്റ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. നിലവിൽ 10 ലക്ഷം രൂപയുടെ ഫർണീച്ചറുകൾ വാങ്ങുന്നതിന് KADCO എന്ന സ്ഥാപനത്തിന് 15/3/2017 ന് പർച്ചേയ്സ് ഓർഡർ നൽകിയിട്ടുണ്ട്. പർച്ചേയ്സ് ചെയ്യുന്ന ഇനങ്ങളുടെ ഗുണനിലവാരം, നിരക്ക് എന്നിവ സംബന്ധിച്ച പരിശോധന ഉറപ്പു വരുത്തേണ്ടതാണ്.

3.54.7.16. വിജ്ഞാൻ സാഗറിൽ സ്ഥാപിക്കുന്നതിന് പ്രദർശന വസ്തുക്കൾ നിർമ്മിക്കുന്നതിനും, വാങ്ങുന്നതിനും സയൻസ് സെന്റർ കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിനും ടി സ്ഥാപനത്തിന്റെ ഡയറക്ടറെ ടെക്നിക്കൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനും 25/4/17 ലെ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

സർക്കാർ നിയന്ത്രിത സംവിധാനമായി രൂപകൽപ്പന ചെയ്ത വിജ്ഞാൻ സാഗർ പദ്ധതിയുടെ നിയമാവലി പ്രകാരം ശാസ്ത്ര-സാങ്കേതിക ഉപദേശങ്ങളും, നിർദ്ദേശങ്ങളും നൽകുന്നതിന് ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടർ ഉൾപ്പെടെയുള്ള വ്യക്തികൾ ഭരണസമിതി അംഗങ്ങളായി നിലനിൽക്കെ ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാതെ പ്രദർശന വസ്തുക്കൾ തെരഞ്ഞെടുക്കുന്നതിന് സ്വകാര്യ സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നതിനും, സ്ഥാപനത്തിന്റെ ഉടമയെ ടെക്നിക്കൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനും ജില്ലാ കളക്ടർ ഉൾപ്പെടുന്ന സമിതി തീരുമാനങ്ങൾ എടുക്കുന്നത് ഉചിതമാണോയെന്ന് പരിശോധിക്കേണ്ടതാണ്.

3.54.8.പരിഹാര നിർദ്ദേശങ്ങൾ

3.54.8.1. മേൽ പ്രകാരമുള്ള അപാകതകൾ നിലനിൽക്കെ ആവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പ് വരുത്താനാകാത്ത നിലവിലെ സ്ഥിതിയിൽ വിജ്ഞാൻ സാഗർ പദ്ധതിയുമായി മുന്നോട്ടു പോകേണ്ടതുണ്ടോയെന്നത് ജില്ലാ പഞ്ചായത്ത് ഭരണസമിതി പരിശോധിക്കണം.

3.54.8.2. ജില്ലാ പഞ്ചായത്തിന് പ്രോജക്ട് തുടർന്ന് നടത്തിക്കൊണ്ടു പോകാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കോ, DIETനോ ആസ്തികൾ കൈമാറാവുന്നതും ഇക്കാര്യത്തിൽ സർക്കാരിന്റെ അനുമതി ആരായാവുന്നതുമാണ്.

3.54.8.3. പദ്ധതി തുടരുന്നതിനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ശാസ്ത്രസാങ്കേതിക വകുപ്പുമായി സഹകരിച്ച് മാസ്റ്റർ പ്ലാൻ, DPR എന്നിവ തയ്യാറാക്കണം, നിലവിലെ നിരക്ക പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനും, സമയബന്ധിതമായി പൂർത്തീകരിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

3.54.8.4. ഭൂമിയുടെ കൈവശാവകാശം, വിജ്ഞാൻ സാഗറിന്മേൽ ജില്ലാ പഞ്ചായത്തിനുള്ള അവകാശം എന്നിവ ഉറപ്പുവരുത്താൻ പൊതുവിദ്യാഭ്യാസ വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതും, നിലവിൽ നിർമ്മിച്ച കെട്ടിടം അനധികൃത കെട്ടിടമായി തുടരുന്ന സാഹചര്യത്തിൽ കെട്ടിട നമ്പർ, സ്ഥിര വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3.54.8.5. വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ ഭരണസമിതി ചേർന്ന് ആവശ്യമായ ഭേദഗതികൾ നിയമാവലിയിൽ വരുത്തുകയും, രജിസ്റ്ററുകളും രേഖകളും എന്നിവ ശരിയായ രീതിയിൽ പരിപാലിക്കുന്നതിനും, വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനും, യഥാസമയം നിയമാനുസൃത ഓഡിറ്റ് നടത്തുന്നതിനും, ജീവനക്കാരുടെ നിയമനം, തുടർ നടത്തിപ്പ് എന്നിവ സംബന്ധിച്ച് ജില്ലാ പഞ്ചായത്തിന് തുടർ വർഷങ്ങളിൽ ബാധ്യത വരാത്ത വിധം വ്യക്തമായ തീരുമാനങ്ങൾ എടുക്കുകയും പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതുമാണ്.

3.54.8.6. വിജ്ഞാൻ സാഗർ കോംപൗണ്ടിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ചുറ്റുമതിൽ, ജലലഭ്യത, കോംപൗണ്ടിനുള്ളിലെ റോഡ്, കെട്ടിടം എന്നിവ സംബന്ധിച്ച ലേ ഔട്ട് തയ്യാറാക്കി നിർമ്മാണം നടത്തണം.

3.54.8.7. നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിദഗ്ധരുൾപ്പെടുന്ന സാങ്കേതിക സമിതി രൂപീകരിക്കേണ്ടതും ഇക്കാര്യത്തിൽ കേരള സംസ്ഥാന കൗൺസിൽ ഫോർ സയൻസ് & ടെക്നോളജിയുടെ സഹായം തേടാവുന്നതും നിലവിൽ രൂപീകരിച്ച സമിതി ഇക്കാര്യത്തിൽ പര്യാപ്തമാണോയെന്നും പരിശോധിക്കേണ്ടതുമാണ്.

3.54.8.8. ജില്ലാ പഞ്ചായത്ത് നൽകിയ തുകയിൽ നീക്കിയിരുപ്പുള്ള 2.75 കോടി രൂപയിൽ നിന്നും വിവിധ പർച്ചേയ്സുകൾ നടത്തുന്നതിന് സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാന്വൽ/ സ്റ്റോർ പർച്ചേയ്സ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കണം.

വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും ശാസ്ത്ര സാങ്കേതിക പരിജ്ഞാനം പകർന്നു നൽകുന്നതിനും, ശാസ്ത്രാവബോധം വളർത്തിയെടുക്കുന്നതിനും ഗുണകരമാണ് വിജ്ഞാൻ സാഗർ പദ്ധതി എങ്കിലും ആവശ്യമായ ശാസ്ത്ര സാങ്കേതിക മാർഗ്ഗ നിർദ്ദേശങ്ങളോ, മതിയായ ഫണ്ടോ, കൈവശ ഭൂമിയോ ഇല്ലാതെ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കും, നിയമപരമായ കർത്തവ്യങ്ങൾക്കും, ഉത്തരവാദിത്വങ്ങൾക്കും അതീതമായി വിജ്ഞാൻ സാഗർ

എന്ന പേരിൽ സൊസൈറ്റി രൂപീകരിച്ച് പ്രോജക്ട് നടപ്പാക്കാൻ ശ്രമിച്ചതുമൂലം 2006-07 മുതൽ നാളിതുവരെ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പണം 4.97 കോടി രൂപ നിഷ്ക്രിയ ആസ്തിയായി മാറിയതായാണ് കാണുന്നത്. പദ്ധതി ലക്ഷ്യമിട്ടിരുന്നതുപോലെ ശാസ്ത്രപ്രദർശന മ്യൂസിയവും, പ്ലാനറ്റോറിയവും, ടെക്നോളജി പാർക്കുമെല്ലാം സ്ഥാപിച്ച് പൊതുസമൂഹത്തിന് ഇതിന്റെ പ്രയോജനം ലഭിക്കണമെങ്കിൽ ആവശ്യമായ തുകയോ, പൂർത്തീകരിക്കാവുന്ന കാലയളവോ, ലഭ്യമായേക്കാവുന്ന ഫണ്ടുകളെ സംബന്ധിച്ചോ യാതൊരു ധാരണയുമില്ലാതെ ജില്ലാ പഞ്ചായത്തും നിലവിലുള്ള സ്റ്റിയറിംഗ് കമ്മിറ്റിയും മുന്നോട്ടു പോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. പ്രോജക്ടിന്റെ ദൈനംദിന നടത്തിപ്പ് പ്രാപ്തരായ ഏതെങ്കിലും സംഘടനയെ കണ്ടുപിടിച്ച് ഏല്പിക്കണമെന്ന MLA യുടെ നിർദ്ദേശം യോഗം അംഗീകരിച്ചതായി 17.07.15ന് ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിൽ 7-ാം നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. സർക്കാർ ഫണ്ടിനെ ആശ്രയിച്ച് മുന്നോട്ട് പോകുന്ന ഒരു സർക്കാർ സംവിധാനമെന്ന നിലയിൽ നിലവിൽ സർക്കാർ അനുമതി കൂടാതെ ഫണ്ട് വകയിരുത്താനോ ചെലവഴിക്കാനോ ജില്ലാ പഞ്ചായത്തിനു സാധിക്കുകയില്ല. ഈ സാഹചര്യത്തിൽ സ്വീകരിക്കാവുന്ന തുടർനടപടി സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്യേണ്ടതും ഇക്കാര്യങ്ങൾ അടിയന്തിരമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവർത്തി നടത്തിയതിന്റെയും, ബാക്കി തുകയുടെയും വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പടിയൂർ വാട്ടർ ടാങ്ക്-മാരാങ്കോട് കുടിവെള്ള പൈപ്പ് ലൈൻ | 21501167/2.2.2016 | 23 ലക്ഷം | 0 | 23 ലക്ഷം |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല

## 4-4 വായ്പ/ വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം, ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നമ്പർ , തിയതി |
|---|---|---|---|---|
| 2008-09 | 3-17(B)IV | 4200 | നരേന്ദ്രൻ , | 11506100050, |

| | | | | |
|---|---|---|---|---|
| | | | എക്സിക്യൂട്ടീവ് അഗ്രികൾച്ചറൽ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം | 15.7.2017 |
| 2012-13 | 53,52 | 400 | ലീല. റ്റി.<br><br>ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി.), പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസ് . | 11506100155,<br>3.2.2016 |
| 2013-14 | എൻക്വയറി 9 | 87783 | അസി. എക്സി . എഞ്ചിനീയർ, (കൃഷി), ചെമ്പൂക്കാവ്. | 11506100053 ,<br>20.7.2015 |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 340160806 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 657255271.4 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2645187 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 44688757 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

<u>നഷ്ടമായ തുക</u>

| ഖണ്ഡിക നം. | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | | 5850 | എം .ജെ പ്രിൻസ്,സെക്രട്ടറി. |
| 3-3(6) | | 119167 | സുധാരൂപൻ. എം.എൻ., സെക്രട്ടറി |
| 3-4 | | 27870 | ജോളി ജോസഫ്, സീനിയർ അഗ്രികൾച്ചറൽ ഓഫീസർ,സ്റ്റേറ്റ് സീഡ് ഫാം പാണഞ്ചേരി |
| 3-10 | | 768 | കെ. രഘുകുമാർ, ഫാം സൂപ്രണ്ട്, ചേലക്കര |
| 3-11 | | 152252 | ശ്രീമതി. ടി.കെ. ജയന്തി, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| 3-18 | | 114411 | സുധാരൂപൻ എം.എൻ,സെക്രട്ടറി |
| 3-27 | | 953529 | എം .ജെ പ്രിൻസ്,സെക്രട്ടറി. |

| | | | |
|---|---|---|---|
| 3-27 | | 63828 | ഹൈഡ ഫ്രാൻസിസ്,എക്സി.എഞ്ചിനിയർ |
| 3-39 | | 5902 | ഹൈഡ ഫ്രാൻസിസ്,എക്സി.എഞ്ചിനിയർ |
| 3-43 | | 19226 | സതി . ടി. ഐ, എക്സി.എഞ്ചിനിയർ |
| 3-53(2) | | 1169884 | എം .ജെ പ്രിൻസ്,സെക്രട്ടറി. |
| 3-53 | | 12500 | സുധാരൂപൻ എൻ,.എസ് . സെക്രട്ടറി |
| | | 2645187 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 (1) | 110000 | സുധാരൂപൻ. എം.എൻ., സെക്രട്ടറി |
| 3-3 (2) | 40425 | |
| 3-3 (3) | 10600 | |
| 3-3(4) | 5450 | |
| 3-3 (5) | 78750 | |
| 3-5 | 100000 | ഡോ. യു.എസ്.രാമചന്ദ്രൻ, ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം ) |
| 3-6 | 273985 | ഡോ. സുഹിത. കെ., ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി ) |
| 3-10 | 27278 | കെ. രഘുകുമാർ, ഫാം സൂപ്രണ്ട്, ചേലക്കര |
| 3-12 | 2442032 | ടി.കെ. ജയന്തി , ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) |
| 3-13 | 1280000 | സി.എ. സന്തോഷ് . ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) |
| | 1663400 | ടി.കെ. ജയന്തി, ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) |
| 3-14 | 992097 | ടി.കെ. ജയന്തി, ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) |
| 3-15 | 39650 | ഡോ. റീന. കെ.ജെ., സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി |
| 3-16 | 13850000 | എം.ജെ. പ്രിൻസ്, സെക്രട്ടറി. |

| | | |
|---|---|---|
| 3-17 | 10945745 | എം.ജെ. പ്രിൻസ്, സെക്രട്ടറി. |
| 3-24 | 450000 | എം.ജെ. പ്രിൻസ്, സെക്രട്ടറി. |
| | 302250 | വർഗീസ്. എ.ജി., സെക്രട്ടറി |
| | 4247750 | സുധാരൂപൻ എൻ.എസ്., സെക്രട്ടറി |
| 3-25 | 336210 | എം.ജെ. പ്രിൻസ്, സെക്രട്ടറി. |
| 3-41 | 700002 | സതി. ടി.ഐ. എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-46 | 249346 | സതി. ടി.ഐ. എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-50 | 5600000 | സതി. ടി.ഐ. എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-51 | 943787 | ഐഡ ഫ്രാൻസിസ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| | 44688757 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-2 | 819 | ശ്രീ. എം.ജെ. പ്രിൻസ്, സെക്രട്ടറി |
| 3-33 (1) | 3185 | ശ്രീമതി. ഐഡ ഫ്രാൻസിസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-35 | 25774 | ശ്രീമതി. ഐഡ ഫ്രാൻസിസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 29778 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.ജെ. പ്രിൻസ്, സെക്രട്ടറി. | വിരമിച്ചു | മരങ്ങാട്ടു പുത്തുപറമ്പിൽ |

| | | |
|---|---|---|
| | | (H)<br>ACN – 92, Near ഹോളി ഫാമിലി ഹൈസ്കൂൾ, അങ്കമാലി. പി.ഒ., എറണാകുളം – 683572 |
| സുധാരൂപൻ.എൻ.എസ്., സെക്രട്ടറി | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ,കേരള റോഡ് സേഫ്റ്റി ഓഫീസ് | നെടുംപള്ളിൽ, ശാന്തിനഗർ അന്തിയൂർക്കോണം, കൊല്ലോട്. പി.ഒ., തിരുവനന്തപുരം – 1 |
| ജോളി ജോസഫ്, സീനിയർ അഗ്രികൾച്ചറൽ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം പാണഞ്ചേരി | ഡി. ഡി . അഗ്രികൾച്ചർ (c), പി.എ.ഒ, പാലക്കാട് | തൈപറമ്പിൽ (H), കരിശ്ശുമൂട്, (പി.ഒ), കോട്ടയം |
| സതി. ടി.ഐ. എക്സിക്യൂട്ടീവ് എഞ്ചിനിയർ | എക്സിക്യൂട്ടീവ് എഞ്ചിനിയർ , പി.ഐ.യു, തൃശ്ശൂർ | ശിവശക്തി, കണിയാൻകുന്ന്, യു.സി കോളേജ് (പി. ഒ) ആലുവ |
| ഹെഡ ഫ്രാൻസിസ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ | എക്സിക്യൂട്ടീവ് എഞ്ചിനിയർ , തൃശ്ശൂർ ജില്ലാപഞ്ചായത്ത് | ഹരിത, സൂര്യാ ഗാർഡൻ, വെട്ടിക്കൽ ,മണ്ണുത്തി. |
| കെ. രഘുകുമാർ, ഫാം സൂപ്രണ്ട്,ചേലക്കര | എസ്.എ.ഒ.എസ്. എസ്.എഫ്, പഴയന്നൂർ | വട്ടോളിപറമ്പിൽ ഹൗസ്, മുപ്ലിയം പി.ഒ., തൃശ്ശൂർ |

## **4-8** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-1996<br>1996-1997 | എൽ.എഫ്.ടി.5-349/1999<br>തിയ്യതി 09.04.1999 | | |
| 1997-1998ചെലവ് | എൽ.എഫ്.ടി.5- 1489/2002<br>തിയ്യതി 04.12.2002 | | |
| 1998-1999ചെലവ് | എൽ.എഫ്.ടി.5-1087/2003<br>തിയ്യതി 10.03.2004 | | |
| 1998-1999വരവ് | എൽ.എഫ്.ടി.21-46/2009<br>തിയ്യതി 15.09.2010 | | |
| 1999-2000ചെലവ് | എൽ.എഫ്.ടി.21-2226/2006<br>തിയ്യതി 05.05.2007/02.08.2007 | | |
| 1999-2000വരവ് | എൽ.എഫ്.ടി.21-47/2009<br>തിയ്യതി 15.09.2010/05.10.2010 | | |

| | | | |
|---|---|---|---|
| 2000-2001ചെലവ് | എൽ.എഫ്.ടി.21-733/2007<br>തിയ്യതി 11.01.2008/14.03.2008 | | |
| 2001-2002ചെലവ് | എൽ.എഫ്.ടി.21-1839/2007<br>തിയ്യതി 26.12.2009/06.02.2010 | | |
| 2002-2003ചെലവ് | എൽ.എഫ്.ടി.21-2575/2007<br>തിയ്യതി 26.12.2009/06.02.2010 | | |
| 2003-2004ചെലവ് | എൽ.എഫ്.ടി.21-864/2008<br>തിയ്യതി 31.08.2009/06.02.2010 | | |
| 2004-2005ചെലവ് | എൽ.എഫ്.ടി.21-779/2008<br>തിയ്യതി 11.08.2010/12.10.2010 | | |
| 2005-2006ചെലവ് | എൽ.എഫ്.ടി.21-817/2008<br>തിയ്യതി 07.08.2010/12.10.2010 | | |
| 2006-2007ചെലവ് | എൽ.എഫ്.ടി.21-2560/2008<br>തിയ്യതി 02.09.2010/24.11.2010 | | |
| 2000-2001വരവ് | എൽ.എഫ്.ടി.(ഡി.പി)112/2011<br>തിയ്യതി 08.02.2011 | | |
| 2001-2002വരവ് | എൽ.എഫ്.ടി.(ഡി.പി)111/2011<br>തിയ്യതി 08.02.2011 | | |
| 2002-2003വരവ് | എൽ.എഫ്.ടി.(ഡി.പി)359/2011<br>തിയ്യതി 17.06.2011 | | |
| 2003-2004വരവ് | എൽ.എഫ്.ടി.(ഡി.പി)360/2011<br>തിയ്യതി17.06.2011 | | |
| 2004-2005വരവ് | എൽ.എഫ്.ടി(ഡി.പി)1908/2011<br>തിയ്യതി 09.07.2011 | | |
| 2005-2006വരവ് | എൽ.എഫ്.ടി(ഡി.പി)1109/2012<br>തിയ്യതി 25.07.2012 | | |
| 2006-2007 വരവ് | എൽ.എഫ്.ടി.(ഡി.പി)<br>1164/2012 തിയ്യതി 25.07.2012 | | |
| 2007-2008വരവ് | എൽ.എഫ്.ടി(ഡി.പി)1165/2012<br>തിയ്യതി 25.07.2012 | | |
| 2008-2009വരവ് | എൽ.എഫ്.ടി.(ഡി.പി)6/2011<br>തിയ്യതി 23.11.2012 | | |
| 2009-2010<br>വരവ് ചെലവ് | എൽ.എഫ്.ടി.(ഡി.പി)780/12<br>തിയ്യതി 04.05.13/02.08.13 | | |
| 2010-2011<br>വരവു ചെലവ് | എൽ.എഫ്.ടി.<br>(ഡി.പി)1894/2012<br>തിയ്യതി 04.01.2014 | | |
| 2011-2012 | എൽ.എഫ്.ടി.(ഡി.പി) 984/13 | | |

| | | | |
|---|---|---|---|
| | തിയ്യതി 2.4.14/17.5.14 | | |
| 2012-13 | എൽ.എഫ്.ടി.(ഡി.പി)1118/14<br>തിയ്യതി 02/05/15/ | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (ഡി.പി)1281/15 തിയതി 16.11.15/4.01.2016 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ. (ഡി.പി)235/16, 18.5.2016/17.8.16 | | |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്